PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Thursday, the 13th October, 1955.

Vol. XIV] OFFICIAL REPORT [No. 8

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at Eight of the Clock, on Thursday, the 13th October 1955, with Mr. Speaker in the Chair.

MOTION OF NO-CONFIDENCE.

MR. SPEAKER: Order, order. I now call upon Shri T. K. Divakaran to move his No-Confidence Motion.

SHRI T. K. DIVAKARAN: Sir, I move that the Council of Ministers headed by Shri Panampilli Govinda Menon has lost the confidence of the House.

സർ, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭയുടെ മേൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചു കൊണ്ടു സംസാരിക്കുന്ന അവസരത്തിൽ ഞാൻ പറയുന്ന കാര്യങ്ങൾ സമചിത്തതയോടും സഹിഷ്ണുതയോടുംകൂടി കേൾക്കണമെന്നും, ആ മനോഭാവത്തോടെ തന്നെ അഭിപ്രായം ശ്രവിക്കണമെന്നും, ഞാൻ വലതുവശത്തു ഇരിക്കുന്ന സാമാജികന്മാരോടു അഭ്യർത്ഥിക്കുന്നു. ഈ പ്രമേയത്തെ എതിർക്കുന്നതിനുവേണ്ടി ഇന്നലെത്തന്നെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അവിശ്വാസപ്രമേയത്തെ പരാമർശിക്കുകയും, അതിനുവേണ്ടി കാൻവാസിംഗ് നടത്തുകയും ചെയ്തുയുണ്ടായി. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മന്ത്രിസഭയേയും ദുരാരോപണം ചെയ്യുന്നതിനും, അവരുടെ മേൽ ചെളി വാരിയെറിയുന്നതിനുമുള്ള ഒരു ശ്രമമാണ് ഇപ്പോൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നു് ഒരു സ്വതന്ത്ര മെംബറായ ശ്രീ. ടി. എസ്. രാമസ്വാമി അദ്ദേഹത്തോടു പറഞ്ഞു എന്നു ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

സർ, ചെളി വാരി എറിയണമെന്നു് യഥാർത്ഥത്തിൽ ഞങ്ങൾക്കുദ്ദേശമില്ല. ചെളിവാരിയെറിഞ്ഞതുകൊണ്ടു് ദോഷമുണ്ടാകുന്ന എങ്കിൽ, അതു വെളുത്തമുണ്ടു് ഉടുത്തുകൊണ്ടു നടക്കുന്നവർക്കു മാത്രമാണു്. ചെളി

[ശ്രീ. ടി. കെ. ദിവാകരൻ]

യിൽനിന്നുമുവിച്ചു ചെളിയിൽതന്നെ എപ്പോഴും കിടക്കുന്ന ഒരു മന്ത്രി സഭയുടെ മേൽ ചെളിവാരിയെറിയുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നു് ഞങ്ങൾക്കുദ്ദേശമില്ല. ഈ രാജ്യത്തിന്റെ കഴിഞ്ഞ കാലത്തെ രാഷ്ട്രീയജീവിതത്തിൽ മായാത്ത ചില കാൽപ്പാടുകൾ സൃഷ്ടിച്ചുകൊണ്ടിരുന്നവരിൽ ചിലരാണു് ഞങ്ങൾ. ഒരു പ്രത്യേക കാലഘട്ടത്തിൽ ഇവിടത്തെ രാഷ്ട്രീയരംഗത്തു് ഉണ്ടായിരുന്ന അസ്വസ്ഥതകളെ ചൂഷണം ചെയ്തു വീണ്ടും അധികാരത്തിൽ വന്നിരിക്കുന്ന ഈ മന്ത്രിസഭയുടെ കീഴിൽപ്പെട്ടുവാനുള്ള ഭാഗ്യമൊ, നിർഭാഗ്യമൊ ഉണ്ടായിയെന്നുള്ളതിൽ കവിഞ്ഞു് ഒരു ഗതികേടും ഞങ്ങൾക്കില്ല. എന്നാൽ ഏറ്റവും പ്രധാനമായി, ഈ അവിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ച സംഗതി ചവറയിലെ തൊഴിൽകുഴപ്പമാണെന്ന സമ്മതിക്കുന്നു. പക്ഷെ, അതു മാത്രമാണു് ഈ അവിശ്വാസപ്രമേയത്തിനു ആസ്പദമായിട്ടുള്ളതെന്നു ഞങ്ങൾക്കഭിപ്രായമില്ല. ഈ മന്ത്രിസഭയുടെ, തൊഴിലാളിനയത്തെപ്പറ്റിയായാലും സ്വജനപക്ഷപാതത്തെപ്പറ്റിയായാലും, പ്രാദേശികമനോഭാവത്തെപ്പറ്റിയായാലും കഴിഞ്ഞ കാലത്തു് ഇവിടെ ഇരുന്നിട്ടുള്ള എതു മന്ത്രിസഭയെക്കാളും, മോശപ്പെട്ട ഒരു മന്ത്രിസഭയാണു് ഈ മന്ത്രിസഭ എന്നുള്ള അഭിപ്രായമാണു ഞങ്ങൾക്കുള്ളതു്. ചവറയിലെ കായ്ങ്ങളെപ്പറ്റി പറഞ്ഞുകൊണ്ടു നമ്മുടെ മുഖ്യമന്ത്രി ചില വിശദീകരണങ്ങൾ ഇന്നലെ നൽകിയ അവസരത്തിൽ അദ്ദേഹം ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കയുണ്ടായി. അദ്ദേഹത്തെ ആരോ കൊല്ലാൻ പോകുന്നുവെന്നോ, അദ്ദേഹം മരിക്കാൻ തയാറായിരിക്കുന്നുവെന്നോ ഒക്കെ പറയുകയുണ്ടായി. ഇതു അദ്ദേഹം കരുതിക്കൂട്ടി പറഞ്ഞതാണെന്നാണു് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ സ്വന്തം കക്ഷിയിലെ അംഗങ്ങളോടു് അദ്ദേഹം ദയനീയമായി ചെയ്തിരിക്കുന്ന ഒരു രോദനമായിട്ടാണു് ഞങ്ങൾ ഇതിനെ കണക്കാക്കുന്നതു്. "ഇതാ, എന്നെ ആരോ കൊല്ലാൻ ലാക്കുനോക്കി ഇരിപ്പുണ്ടു്; എന്നെ രക്ഷിക്കേണ്ട ചുമതല നിങ്ങൾക്കില്ലേ? അതുകൊണ്ടു നിങ്ങൾ എന്നെ രക്ഷിക്കുക." എന്നുള്ളതിൽ കവിഞ്ഞു് ആ പ്രസ്താവനയ്ക്കു വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. തിരുവിതാംകൂർ–കൊച്ചിയുടെ രാഷ്ട്രീയചരിത്രം അവസാനിക്കാൻ തുടങ്ങുന്ന ഈ സന്ദർഭത്തിൽ, കേരളം ഒരു യഥാർത്ഥമായി തീരാൻപോകുന്ന ഈ അവസരത്തിൽ കേരളത്തിലെ മുഖ്യമന്ത്രിപദത്തിലേക്കു ഉറ്റു നോക്കിക്കൊണ്ടിരിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഒരു പക്ഷെ ഒരു രക്തസാക്ഷി ആകുവാൻ ആഗ്രഹിക്കുന്നുണ്ടാവാം. അങ്ങനെ അതും പറഞ്ഞു് ഒരു രാഷ്ട്രീയ മുതൽക്കൂട്ടാകട്ടെ എന്നു കരുതി അദ്ദേഹം ഈ കാലുമ്പു കാണിക്കുകയാണു്. ഞാൻ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനോടു പറയുകയാണു്, ഈ രാജ്യത്തു എതാനും രക്തസാക്ഷികൾ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ടു്; എന്നാൽ അദ്ദേഹത്തെപ്പോലെ രക്തസാക്ഷിത്വം ഒരു രാഷ്ട്രീയ മുതലെടുപ്പായി ആരും കണക്കാക്കിയിട്ടില്ല എന്നു്.

പിന്നദ്ദേഹംപറഞ്ഞു, അദ്ദേഹത്തിന്റെ കമ്പോളത്തിൽ ഇതൊന്നും ചെലവാകുകയില്ല എന്നു്. ആ കമ്പോളത്തിന്റെ ഭൂതകാലചരിത്രത്തിന്റെ ചുരുളുകളഴിച്ചു് ഒന്നു് കണ്ണോടിച്ചുനോക്കിയാൽ ഈ മാതിരികായ്ങ്ങളൊന്നും അദ്ദേഹത്തിന്റെ ശരീരത്തിൽ ഏൽക്കുകയില്ലെന്നു കാണാം. അദ്ദേഹത്തോടൊപ്പം കൂട്ടുത്തരവാദിത്വം ഉണ്ടായിരുന്ന ഒരു മന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. കരുണാകരമേനോൻ അദ്ദേഹത്തെ സംബന്ധിച്ചു കോടതിയിൽ പറഞ്ഞിട്ടുള്ള വസ്തുത എന്താണെന്നു് ഓർമ്മിക്കേണ്ടതാണു്. ഉത്തരവാദമുള്ള ഒരു സ്ഥാനത്തിരിക്കുവാനുള്ള യോഗ്യത അയാൾക്കില്ലെന്നും, വഞ്ചനയും ചതിയുമുള്ള ആളാണു ശ്രീമാൻ പനമ്പിള്ളിയെന്നും ശ്രീ. കരുണാകരമേനോൻ പറഞ്ഞിരിക്കുന്നതു് പനമ്പിള്ളിയെ സംബന്ധിച്ചിടത്തോളം ഒരു ക്ഷണം തന്നെയായിരിക്കാം. ഈ രാജ്യത്തെ നിയമസഭാംഗമായിരിയ്ക്കുവാൻ തെരഞ്ഞെടുപ്പിനു നിൽക്കുവാൻപോലും യോഗ്യതയുള്ള ആൾ അല്ലെന്നു ഒരു തെരഞ്ഞെടുപ്പു കോടതി പനമ്പിള്ളിയെപ്പറ്റി വിധി പ്രസ്താവിച്ചിട്ടുണ്ടു്. ഒടുവിൽ കൊച്ചി മഹാരാജാവിന്റെ കാൽ തിരുമിയാണു് ആ യോഗ്യത അദ്ദേഹം സമ്പാദിച്ചതു്. ഈ നിയമസഭയിലെ ഒരു ബഹുമാനപ്പെട്ട മെംബറും വന്ദ്യവയോധികനും മരണകാംക്ഷികളിൽ പരിണതപ്രജ്ഞനുമായ ഡാക്ടർ എ. ആർ. മേനോൻ കഴിഞ്ഞ നിയമസഭയിൽ ശ്രീ. പനമ്പിള്ളിയെപ്പറ്റി പ്രസ്താവിച്ച അഭിപ്രായവും ശ്രദ്ധേയമാണു്. ഇത്ര അധികാരഭ്രമമുള്ള ആളും, എന്തും ചെയ്യാൻ മടിയില്ലാത്ത ആളും പനമ്പിള്ളിയെപ്പോലെ വേറെ ആരുമില്ലെന്നും അങ്ങനെയുള്ള പനമ്പിള്ളി നാല്പ പാവത്തെ കൂടി ചേർത്തു് ഒരു മന്ത്രിസഭ രൂപീകരിച്ചു് ഇപ്പോൾ വന്നിരിക്കുകയാണെന്നും നിയമസഭാംഗങ്ങളായ നിങ്ങൾ ജാഗ്രതയോടുകൂടിയിരുന്നില്ലെങ്കിൽ പനമ്പിള്ളി ഈ രാജ്യത്തെ കട്ടിച്ചോറാക്കാൻ മടിക്കുകയില്ലെന്നും ശ്രീ. മേനോൻ പറയുകയുണ്ടായി. ഇതുകേട്ടാൽ ഞരമ്പിൽകൂടി രക്തംഓടുന്ന ആർക്കും അല്പമെങ്കിലും ക്ഷോഭം വരും. എന്നിട്ടും ശ്രീ. പനമ്പിള്ളി അന്നു് യാതൊന്നും പറഞ്ഞില്ല. ഇന്നലെ ശ്രീ. പ്രാക്കുളം ഭാസിയോടു് അദ്ദേഹം ഹാലിളകി സംസാരിക്കുകയുണ്ടായി. "ഡാക്ടർ എ. ആർ. മേനോൻ ഡെമോക്രസിയിലെ ചില പഴുതുകളെപ്പറ്റി ഒരു ദൈവദൂതൻ സംസാരിക്കുന്നതുപോലെ സംസാരിക്കുകയാണു ചെയ്തതു്. അല്ലാതെ എന്നെപ്പറ്റിയല്ലാ പറഞ്ഞതു്, നിങ്ങളെല്ലാവരും കണ്ണിലെണ്ണയൊഴിച്ചു് സൂക്ഷിച്ചിരിക്കണം, ഇല്ലെങ്കിൽ ഡെമോക്രസിക്കു കുഴപ്പം ഉണ്ടാകും," എന്ന നിലയിൽ മറുപടി പറയുവാൻ മാത്രം ചങ്കൂറ്റമുള്ള പനമ്പിള്ളിയോടു് ഏതാനും സ്റ്റാൻഡർ പറഞ്ഞാൽ യാതൊരു വാട്ടവുമുണ്ടാകാൻ പോകുന്നില്ലെന്നു് ഞങ്ങൾക്കറിയാം. ഞങ്ങൾക്കു് അദ്ദേഹത്തെപ്പറ്റി സ്റ്റാൻഡർ പറയണമെന്നാഗ്രഹമില്ല. അങ്ങനെ സ്റ്റാൻഡർ പറഞ്ഞതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നും വിശ്വാസമില്ല. അദ്ദേഹത്തിനു മരണത്തെപ്പറ്റി ഭയമില്ലെന്നും അദ്ദേഹം മരിക്കാൻ തയാറായിരിക്കുകയാണെന്നും പറയുകയുണ്ടായി. അങ്ങനെ മരിക്കാൻ തയാറായിരിക്കുന്ന അദ്ദേഹം സഞ്ചരിക്കുമ്പോൾ മുമ്പിലും പിമ്പിലും പോലീസുവാനിന്റെ അകമ്പടിയോടുകൂടി പോകുവാൻ ഇത്രയേറെ വ്യഗ്രത കാണിക്കുന്നതു് ഒരു വിരോധാഭാസമാണു്. എന്തായാലും അതു് അദ്ദേഹത്തിന്റെ മനസ്സാക്ഷിയുടെ ഒരടയാളമായിരിക്കട്ടെ എന്നാണു് എനിക്കു പറയുവാനുള്ളതു്.

സർ, ഇനി എനിക്കു ചുവരിലെ കാര്യങ്ങളെപ്പറ്റിയാണു പറയുവാനുള്ളതു്. അവിടത്തെ സംഭവം വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. ശിലയിൽ നിന്നും വെള്ളം ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇന്നത്തെ മന്ത്രിസഭ ഇതിനെ സംബന്ധിച്ചു ന്യായമായ ഒരു നില കൈക്കൊള്ളുമെന്നു് എനിക്കു വിശ്വാസമില്ല. എന്നാൽ അവർക്കും അപ്പുറത്തിരിക്കുന്ന ശിലകളല്ലാത്ത ബഹുമാന്യരായ അംഗങ്ങളോടാണു് എനിക്കു ഇതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

പറയുവാനുള്ളതു്. ഈ രാജ്യത്തെ തൊഴിലാളികൾക്കു മറ്റേതൊരു സംസ്ഥാനത്തെക്കാളും ധീരമായ ഒരു ചരിത്രമുണ്ടു്. ശ്രീ. പട്ടം താണുപിള്ളയോടു ചോദിച്ചാൽ പറയും, ഈ തിരുവനന്തപുരത്തെ നാട്ടുകാർ സർ സി. പി. യുടെ ഭരണകാലത്തു് വാടകയ്ക്കു ഒരു ചക്കടാവണ്ടിപോലും ശ്രീ. താണുപിള്ളയ്ക്കു് കൊടുക്കാൻ ഭയപ്പെട്ടിരുന്ന കാലത്തു് ശ്രീ. പേട്ടർക്കടെ ശോപാലപിള്ളയ്ക്കുവേണ്ടി വോട്ടുപിടിക്കാനും കാൺഗ്രസ്സിന്റെ സന്ദേശമെത്തിക്കാനും അന്നു ധൈര്യപ്പെട്ടതു് തൊഴിലാളികളും തൊഴിലാളിപ്രവർത്തകരുംമാത്രമാണു്. ഒരു പക്ഷെ കാലത്തിന്റെ വൈപരീത്യം കൊണ്ടു് ഈ സ്ഥാനത്തിരിക്കുന്ന പനമ്പിള്ളി ആ വസ്തുത അറിഞ്ഞിട്ടില്ലായിരിക്കും. അങ്ങനെ സർ. സി. പി. യുടെ ഗവണ്മെൻറിനോടു ധീരമായ പോരാട്ടം നടത്തിയ ഒരു തൊഴിലാളിവർഗ്ഗമാണു് ഇവിടെയുള്ളതു്. അമേരിക്കൻ മോഡൽ ഇവിടെ നടപ്പാക്കുവാൻ തുടങ്ങിയ സമയത്തു് സർ. സി പി. രാമസ്വാമി അയ്യർ ശ്രീ. ടി. വി. തോമസ്സിനേയും കണ്ണന്തോടത്തു ജനാർദ്ദനൻ നായരേയും വിളിച്ചുവരുത്തി നിങ്ങൾ ഗവണ്മെൻറിനെതിരായുള്ള പ്രക്ഷോഭണങ്ങളിൽനിന്നും മാറി നിൽക്കുക, അമേരിക്കൻ മോഡൽ ഇവിടെ നടപ്പിലാക്കുവാൻ ഗവണ്മെൻറിനെ സഹായിക്കുക, അങ്ങനെ ചെയ്യുമ്പോൾ ഗവണ്മെൻറിന്റെ കഴിവുകൊണ്ടു ഉപയോഗിച്ചു് തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ ഒത്താശകളും ചെയ്തുതരുന്നതിനു ഗവണ്മെൻറ് തയാറാണു്; എന്നു് അദ്ദേഹം പറയുകയുണ്ടായി. പക്ഷെ അവർ അതു കൂട്ടാക്കിയില്ല. ഈ രാജ്യത്തിന്റെ താൽപര്യങ്ങളെ തൊഴിലാളികളുടെ താൽക്കാലികാധിശ്യങ്ങൾക്കുവേണ്ടി സി. പി. യുടെ കാൽച്ചുവടുകളിലേക്കടിയറ വയ്ക്കുവാൻ ഇവിടത്തെ തൊഴിലാളികൾ തയാറായിരുന്നില്ല. അങ്ങനെ ഈ സംസ്ഥാനത്തിന്റെ ചരിത്രം രക്തലിപിയിൽ രേഖപ്പെടുത്തുവാൻ ഇടവരുത്തിയിട്ടുള്ള സമരങ്ങളിൽ കൂടിയാണു് തൊഴിലാളിവർഗ്ഗം അവരുടെ സംഘടന കെട്ടിപ്പടുത്തിട്ടുള്ളതു്. ആ സംഘടനയുടെ മുമ്പിൽനിന്നു് ചവറയിൽ ഒരു കാലത്തു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും സംസാരിച്ചിട്ടുണ്ടു്. ചവറതൊഴിലാളികളെ സംബന്ധിച്ചു് ഇന്നുണ്ടായിരിക്കുന്നതു് എന്താണു്? മുൻവ്യവസായവകുപ്പു മന്ത്രി ശ്രീ. നടരാജപിള്ള 128 പേരെ എടുത്തു എന്നു് പനമ്പിള്ളി പറയുകയുണ്ടായി. ശ്രീ. നടരാജപിള്ള എടുത്തോ, പനമ്പിള്ളി എടുത്തോ എന്നുള്ളതല്ല കാര്യം. 1-6-1954-ൽ മേലാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ കൂടി മാത്രമെ തൊഴിലാളികളെ എടുക്കുകയുള്ളൂ എന്നു് ഉത്തരവിട്ടതു് ശരിയാണു്. പക്ഷെ, ഒരു പണി മുടക്കിനുശേഷം അതേപ്പറ്റി പുനഃപരിശോധന ചെയ്യാമെന്നു അന്നിരുന്ന ഗവണ്മെൻറ് സമ്മതിച്ചു. പുനഃപരിശോധന എന്നു പറഞ്ഞാൽ അനുകൂലമോ, പ്രതികൂലമോ ആകാമെന്നും ഇപ്പോൾ പ്രതികൂലമായി ഗവണ്മെൻറ് തീരുമാനം ചെയ്യുവെന്നുമാണു്. ശ്രീ. പനമ്പിള്ളി ആ തീരുമാനത്തിനു വ്യാഖ്യാനം നൽകുന്നതു്. പുനഃപരിശോധന ചെയ്യാമെന്നു മാത്രമല്ല "positive" ആയി എന്തും ചെയ്യാം എന്നുകൂടി അന്നത്തെ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. പിരിച്ചുവിടപ്പെട്ടവരുടെ ഒരു ലിസ്റ്റ് മാനേജ്മെൻറ് തയ്യാറാക്കുന്നതാണു് എന്നായിരുന്നു ആ വ്യവസ്ഥ. ആ കരാറിന്റെ അടിസ്ഥാനത്തിൽ അവിടെ നിന്നും പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ തങ്ങൾക്കു വീണ്ടും ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയിൽ കഴിയുകയായി

LIBRARY ARCHIVES Kerala Legislative Assembly

ുന്നു. ആ പ്രതീക്ഷ തൊഴിലാളി യൂണിയനും ഉണ്ടായിരുന്നു. അതിനു ശേഷം 1954 ഡിസംബർ 30–ാം തീയതി സെക്രട്ടറിയേറ്റിൽ നിന്നും ഒരു കത്തു കിട്ടുകയുണ്ടായി. കമ്പനിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കാൻ വിഷമമാണെന്ന് മാനേജ്മെൻറ് അറിയിച്ചിരിക്കുന്നതിനാൽ ഗവണ്മെൻറ് മുൻതീരുമാനം നടപ്പിലാക്കുവാൻ നിർബ്ബന്ധിതമായിരിക്കുന്നുവെന്നാണ് ആ കത്തു്. അതും ശ്രീ.നടരാജപിള്ളയുടെ മന്ത്രിസഭയുടെ കാലത്താണെന്നു സമ്മതിക്കുന്നു. ആ തീരുമാനത്തെ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ രണ്ടു കത്തുകൾ ഗവണ്മെൻറിലേക്ക് അയയ്ക്കുകയുണ്ടായി. അതിനു ഗവണ്മെൻറിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. അതിനാൽ ഞങ്ങൾ വീണ്ടും ഒരു പണിമുടക്കിനു നോട്ടീസു നൽകി. സെൻട്രൽ ഗവണ്മെൻറിൻെറ കൺസിലിയേഷൻ ആഫീസർ ആ അവസരത്തിൽ ചവറയിലെത്തി. ഇതേസംബന്ധിച്ചു ഒരു തീരുമാനം ചെയ്യുവാൻ മാനേജ്മെൻറിനു അധികാരമില്ലാത്തതുകൊണ്ട് യൂണിയൻ പ്രസിഡൻറ് ചീഫ് സെക്രട്ടറിയേയും ലേബർ മന്ത്രിയേയും കണ്ടു ഇതിനൊരു തീരുമാനമുണ്ടാക്കാനായി ഒരു ഹൈലെവൽ കൺഫറൻസ് കൂട്ടുന്നതിനു ശ്രമിക്കണമെന്നും, അതുവരെ പ്രത്യക്ഷസമരപരിപാടികൾ നിർത്തിവയ്ക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. ഈ നിർദ്ദേശം യൂണിയൻ സ്വീകരിച്ചു. ആ കൺസിലിയേഷൻതീരുമാനം 11.5.1955-ൽ ആണുണ്ടായതു്. യൂണിയൻപ്രസിഡൻറ് സഖാവു് ബേബിജാൺ പല പ്രാവശ്യം പനമ്പിള്ളിയോടു് ഒരു കൺഫറൻസു വിളിച്ചുകൂട്ടണമെന്നു പറയുകയുണ്ടായി. എന്നിട്ടും ശ്രീ. പനമ്പിള്ളി പല ഒഴിവുകഴിവുകളും പറഞ്ഞും സ്പിറ്റ്സർലൻഡിലെ തൊഴിലാളികളുടെ മഹത്വത്തെപ്പറ്റി പ്രശംസിച്ചും, ആ സംഗതി നീട്ടിക്കൊണ്ടുപോവുകയാണു ചെയ്തതു്.

സർ, പിന്നീടു് 1955 ജൂൺ ഒന്നാംതീയതി ഒരു നോട്ടീസു് കമ്പനിയിൽ ഇട്ടിരിക്കുന്നതായിട്ടാണു്, ഞങ്ങൾ കാണുന്നതു്. ആ നോട്ടീസു് ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്ന അവസരത്തിൽ അതിനു മുൻപു് ആ ഫാക്ടറിയിൽ കണ്ടിട്ടില്ലാത്ത കുറെ അധികം ആളുകൾകൂടി ജോലിക്കായി വരുന്നതും ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞു. അവർ മറ്റാരുമല്ല, സേവാദളത്തിനുവേണ്ടി ഓടിനടക്കുന്ന ഐ. എൻ. ടി. യു. സി. ക്കാരാണു്. അവർ അവിടെവന്നു് അവിടെയുള്ള തൊഴിലാളികളും തമ്മിൽ മനഃപൂർവ്വം ഒരു സംഘട്ടനം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് വന്നിട്ടുള്ളതു്. അങ്ങനെ പലപ്പോഴും ഇതിനുമുൻപും രണ്ടു യൂണിയനുകളും തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടു്. മിനറൽസ് വർക്കേഴ്സ് യൂണിയനിൽ ഉൾപ്പെട്ട തൊഴിലാളികൾക്കു് തൊഴിൽകൊടുക്കാൻ പാടില്ലായെന്നു് മനഃപൂർവ്വമായുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇപ്രകാരം ഒരു നോട്ടീസു് ഇട്ടതു് എന്നാണു് ഞങ്ങൾക്കു് മനസ്സിലാക്കുവാൻ കഴിഞ്ഞതു്. ഈ റിക്രൂട്ട്മെൻറ് യൂണിയനും ഗവണ്മെൻറുമായും, മാനേജ്മെൻറുമായുള്ള കരാറുകൾക്കു് വിപരീതമായിട്ടുള്ളതാണെന്നു് കത്തുമൂലം യൂണിയൻ ജനറൽമാനേജരെ അറിയിച്ചു. അതിനു മറുപടി ജനറൽ മാനേജർ 1–6–1955–ൽ സെക്രട്ടറിയേറ്റിൽനിന്നും പുറപ്പെടുവിച്ച ഒരു ഉത്തരവിൻെറ പകർപ്പാണു് യൂണിയനു് ലഭിച്ചതു്. വാദത്തിനുവേണ്ടി ഈ ഉത്തരവു ശരിയാണെന്നു സമ്മതിച്ചാൽത്തന്നെയും, ആ ഉത്തരവു നടപ്പിലാക്കിയിരിക്കുന്ന രീതി അതിലും അത്ഭുതകരമാണു്. എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽനിന്നും ഒരു ലിസ്റ്റ് വരുത്തിവച്ചുകൊണ്ടു് ആ ലിസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

നിന്നും ജനറൽ മാനേജർ മുൻകൂട്ടി നിശ്ചയിച്ച ആളുകളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഒന്നാംതീയതി പുറപ്പെടുവിച്ച ഉത്തരവിന്മേൽ എക്സ്ചേഞ്ചിൽനിന്നും ഒന്നാംതീയതിതന്നെ ലിസ്റ്റ് വരുത്തുക, ഒന്നാംതീയതിതന്നെ നിയമിക്കുക ഇതെല്ലാംതന്നെ ഒരു ദിവസംതന്നെ നടത്തുകയെന്നുള്ളതു് ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യസംഭവമാണ്. ഒന്നുകിൽ അവിടെയിരിക്കുന്ന ജനറൽമാനേജരെ ഗവണ്മെന്റ്, ഗവണ്മെന്റിന്റെ രാഷ്ട്രീയനയത്തെ അനുകൂലിക്കുന്ന രാഷ്ട്രീയകക്ഷികളെ പ്രീണിപ്പിക്കാൻവേണ്ടി വിനിയോഗിച്ചിരിക്കുന്നു. അല്ലെങ്കിൽ ജനറൽ മാനേജർക്ക് തന്റെ ഇഷ്ടംപോലെ നിയമനം നടത്താൻ ഗവണ്മെന്റിനേയും, എംപ്ലോയിമെന്റ് എക്സ്ചേഞ്ചിനേയും ഒരു മറയായി ഉപയോഗിച്ചിരിക്കുന്നു. ഇതിൽ ഏതാണ് വാസ്തവമായിട്ടുള്ളതെന്ന് മന്ത്രിതന്നെ തെളിയിക്കേണ്ടതാണ്. സർ, ചവറ തൊഴിലാളികൾ ഈ അനീതിക്കെതിരായി അവരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു പണിമുടക്കു നടത്തുകയുണ്ടായി. പണിമുടക്കിന്റെ അടുത്തദിവസം ഞാൻ മുഖ്യമന്ത്രിയെ കണ്ടു സംസാരിച്ചു. തൊഴിലാളികൾക്കുവേണ്ടി ഞാൻ വാദിക്കുന്നതു് തൊഴിലാളിയൂണിയൻ പ്രസിഡന്റ് എന്നുള്ള നിലയിലോ സംസ്ഥാനത്തെ ഒരു എം. എൽ. എ. എന്ന നിലയിലോ മാത്രമാണെന്നു കരുതേണ്ടെന്നും, ന്യായമായും നീതിയായും തൊഴിലാളികളുടെ അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി ആക്കും, രാജ്യത്തെ ഏതൊരു പൗരനും അവകാശമുണ്ടായിരിക്കേണ്ടതാണെന്നും ആ നിലയിൽ ഞങ്ങളുടെ സംഭാഷണം ഒരു തലത്തെ ആസ്പദമാക്കി ദിവാകരനും പനമ്പിള്ളി ഗോവിന്ദമേനോനുമായി സംസാരിക്കുന്ന എന്ന കരുതിയാൽമതിയെന്നും ഞാൻ മുഖ്യമന്ത്രിയോടു മുഖവുരയായി പറഞ്ഞു. ചവറ മിനറൽസ് കമ്പനിയിൽ നടന്നിട്ടുള്ള അനീതിപരമായ നിയമനങ്ങളെ സംബന്ധിച്ചിടത്തോളവും തൊഴിലാളിഭാഗത്തുനിന്നും ഉന്നയിക്കുന്ന ആരോപണങ്ങൾ ന്യായവും യുക്തവുമാണ്. സർ, അവിടെ രണ്ടു സൂപ്രവൈസറന്മാരെ നിയമിക്കുകയുണ്ടായി. ആ ഉദ്യോഗത്തിനു് യോഗ്യതയും അർഹതയുമില്ലാത്ത രണ്ടു വ്യക്തികളെയാണ് 150 രൂപ ശമ്പളത്തിൽ നിയമിച്ചിട്ടുള്ളതു്. ഈ ജോലിക്കു് യോഗ്യതയുള്ളവർ ആ ഫാക്ടറിയിൽത്തന്നെ ഉണ്ടായിരിക്കെ അവരുടെ ന്യായമായ അവകാശത്തെ അവഗണിച്ചുകൊണ്ടാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു്. ഈ നിയമനത്തെ സംബന്ധിച്ചു് ഞാൻ ജനറൽമാനേജരോടു ചോദിച്ചപ്പോൾ അദ്ദേഹം എന്നോടു് പറയുകയാണ്, "മിസ്റ്റർ ദിവാകരൻ, ആ കാര്യങ്ങളെ സംബന്ധിച്ചൊന്നും ചോദിക്കാൻ പാടില്ല, അതെല്ലാം പൊളിറ്റിക്കലാണ്" എന്ന്." ഇങ്ങനെ ഒരു മറുപടിയാണ് അദ്ദേഹത്തിൽനിന്നും കിട്ടിയതു്. ഞാൻ മുഖ്യമന്ത്രിയോടു ചോദിച്ചു ഈ നിയമനത്തെ സംബന്ധിച്ചിടത്തോളവും വല്ല പ്രത്യേക താൽപ്പര്യവും മന്ത്രിക്കുണ്ടോ എന്ന്. അതിനും അദ്ദേഹം മറുപടി പറഞ്ഞതു് അദ്ദേഹത്തിനു് ഒരു പ്രത്യേകതയും അതിൽ ഇല്ലായിരുന്നു എന്നാണ്. ഈ നിയമനങ്ങളിൽ സ്റ്റാഫ് അംഗങ്ങൾക്കു് പ്രതിഷേധമുണ്ടെന്നും, അതേപ്പറ്റി അന്വേഷിക്കണമെന്നും ഞാൻ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടു. അപ്രകാരം ചെയ്യുന്നതാണെന്നു് മുഖ്യമന്ത്രി ഉറപ്പു് നൽകി. മാസം ഇപ്പോൾ 5 കഴിഞ്ഞിരിക്കുകയാണ്. എന്നാലും ആ കാര്യം ഗവണ്മെന്റ് അവഗണിക്കുകയാണ് ചെയ്തിട്ടുള്ളതു്. മിനറൽ

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയിൽ പണിമുടക്കു നടന്നുകൊണ്ടിരിക്കുമ്പോൾ ഈ സൂപ്പർവൈസർമാർ വെറുതേ ശമ്പളം വാങ്ങിച്ചുകൊണ്ടു് വീട്ടിലിരിക്കുകയായിരുന്നു. രാജ്യത്തു് അങ്ങോളമിങ്ങോളവും തൊഴിലില്ലാതെ പരീക്ഷായോഗ്യത ഉള്ളവരും ഇല്ലാത്തവരുമായി അനേകം ആളുകൾ തൊഴിൽ കിട്ടുന്നതിനു വേണ്ടി എംപ്ലോയിമെൻറ് എക്സ്ചേഞ്ചിന്റെ മുമ്പിലും ഫാക്ടറികളുടെ മുമ്പിലും ഗവണ്മെൻറിന്റെ മുമ്പിലും മറ്റും അലഞ്ഞുനടക്കുമ്പോൾ, 50 രൂപ ശമ്പളവും അതിനുപുറമെ അലവൻസും ഉൾപ്പെടെ 100 രൂപ ജോലി ചെയ്യാതെ ശമ്പളം വാങ്ങിക്കാൻ അനുവദിക്കുന്നതു് ഈ ഗവണ്മെൻറിന്റെ പ്രത്യേക തരത്തിലുള്ള ഒരു തൊഴിലാളി നയമായിരിക്കാം. സർ, ഈ കാര്യങ്ങളെ സംബന്ധിച്ചു് ഞാനും സഖാവു് ബേബിജാണും കൂടി ചവറ മിനറൽസ് കമ്പനി മാനേജരെ നേരിട്ടു് കണ്ടു സംഭാഷണങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം നിയമനങ്ങളെ എല്ലാംതന്നെ സാധുകരിക്കുകയാണു് ചെയ്തിട്ടുള്ളതു്. അതിന്മേൽ ഞങ്ങൾ മുഖ്യമന്ത്രിക്കു് ഒരു കത്തു് അയച്ചിട്ടുണ്ടു്. ഇന്നലെ അദ്ദേഹം ഈ സഭയിൽ പറയുകയുണ്ടായി ഞങ്ങൾ അദ്ദേഹത്തെ ചെളിവാരി എറിയുകയാണു് ചെയ്യുന്നതെന്നു്. അദ്ദേഹത്തെ ചെളിവാരി എറിയുന്നതിനു് ഞങ്ങൾക്കു് ഒട്ടും ആഗ്രഹമില്ലെന്നു ഞാൻ വ്യക്തമാക്കി. ഞങ്ങൾ അയച്ച കത്തു്, അതിന്റെ അവസാനഭാഗം മുഖ്യമന്ത്രിയുടെ ഓമ്മയ്ക്കായി ഒന്നു വായിക്കാം.

"It is obvious from the above-mentioned facts that the dispute in Chavara is the creation of an ill-intentioned Manager who uses the Government and the Employment Exchange to cover his motives. If the present state of affairs is allowed to continue unchecked, the loss to public revenue cannot be mitigated. We strongly recommend that the management of the concern be entrusted to a Managing Board including the workers' representatives.

We further demand

(a) That the appointment order of the 128 new workers be stayed.

(b) That the appointment of the two Supervisors and fitters be set aside.

(c) That a bipartite high level Conference be called to settle the outstanding issues."

സർ, ഈ വാചകത്തിൽ ഏതെങ്കിലും ഒരു ഭാഗത്തു് ഗവണ്മെൻറിനെപ്പറ്റി എന്തെങ്കിലും ദുരാരോപണം ചെയ്കയോ അവഹേളനം ചെയ്കയോ അതല്ലെങ്കിൽ ചെളിവാരി തേയ്ക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ എന്നു് ശ്രദ്ധിച്ചുനോക്കേണ്ടതാണു്. ഞങ്ങൾ അവിടത്തെ ജനറൽ മാനേജർ അദ്ദേഹത്തിന്റെ സഹകാര്യ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവണ്മെൻറിനേയും എംപ്ലോയിമെൻറ് എക്സ്ചേഞ്ചിനേയും ഉപയോഗപ്പെടുത്തുന്നു എന്നു് ഏറ്റവും വിനയത്തോടും മര്യാദയോടും കൂടിയാണു് മുഖ്യമന്ത്രിയെ അറിയിച്ചിട്ടുള്ളതു്. എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് എന്നു പറഞ്ഞാൽ അതൊരു പൊതു സ്ഥാപനമാണു്. രാജ്യത്തു് ആകമാനമുള്ള തൊഴിൽരഹിതരെ സഹായിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

വേണ്ടിയാണ് ഈ സ്ഥാപനം ഉണ്ടാക്കിയിട്ടുള്ളത്. അങ്ങനെയുള്ള എക്സ്ചേഞ്ചിന്റെ നിയമനതത്വങ്ങളേയുംകൂടി വകവയ്ക്കാതെയാണ് ഈ നിയമനങ്ങളെല്ലാം തന്നെ നടത്തിയിട്ടുള്ളത്. തൊഴിലാളി യൂണിയന്റെ പ്രതിനിധികളെന്ന നിലയിലും നിയമസഭാ സാമാജികന്മാരെന്ന നിലയിലും അയച്ചിട്ടുള്ള ഈ കത്തിനെ സംബന്ധിച്ച് "The matter is engaging the attention of Government" എന്നുപോലും കാണിച്ച ഒരു മറുപടി അയച്ചതരാനുള്ള സാമാന്യ മര്യാദയോ, സന്മനസ്സോ ഈ ഗവണ്മെന്റിനു് ഉണ്ടായില്ല. നിയമനക്കാര്യങ്ങളിൽ നീതി നടത്തുന്നതിനുവേണ്ടി ഉണ്ടാക്കിവച്ചിരിക്കുന്ന എമ്പ്ലോയിമെന്റ് എക്സ്ചേഞ്ചിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതെ വരത്തക്കവണ്ണം മിനറൽസ് കമ്പനി ജനറൽ മാനേജർ നിയമങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതു തിരുത്തേണ്ട ധാർമ്മികമായ കടമ ഈ ഗവണ്മെന്റിനില്ലേ? പുതിയ തൊഴിലാളികളേക്കാൾ മുൻഗണന ചവറ കമ്പനികളിൽനിന്നും പിരിച്ചുവിടപ്പെട്ട വർക്കു നൽകണമെന്നുമാത്രമാണ് ഞങ്ങൾ വാദിച്ചിട്ടുള്ളത്. ആർ. എസ്. പി. സംഘടനയെ തകർക്കുന്നതിനുവേണ്ടി ഐ. എൻ. ടി. യു. സിക്കാർ മനഃപൂർവ്വമായി പ്രവർത്തിക്കുന്നു എന്നുള്ള വിവരവും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സർ, ജൂൺ ഒന്നാംതീയതി ഗവണ്മെന്റ് അവസാന തീരുമാനം എടുത്തതിന്റെ ഫലമായിട്ടാണ് ഈ 128 പേരുടെ നിയമനം അവിടെ ഉണ്ടായിട്ടുള്ളത് എന്നു ഗവണ്മെന്റ് അവകാശപ്പെടുന്നു. നിയമനത്തെ സംബന്ധിച്ചിടത്തോളവും തൽക്കക്ഷികളായ തൊഴിലാളിപ്രതിനിധികളുടെ അറിവും സമ്മതവും കൂടാതെ, യാതൊരു വിവരവും അവരോടു് ആലോചിക്കാതെ ആണ് ഈ നിയമനം നടത്തിയിട്ടുള്ളത്. അതുപെട്ടെന്ന് അതിലേക്കു വേണ്ടിയുള്ള നടപടികൾ എടുക്കുകയാണ് ചെയ്തത്. ഗവണ്മെന്റ് എംപ്ലോയിമെന്റ് എക്സ്ചേഞ്ചു വഴിയാണ് നിയമനം നടത്തുന്നത് എന്നു പറഞ്ഞാൽ ആ വിവരം തൊഴിലാളിപ്രതിനിധികളെ അറിയിക്കുകയും, ആ തീരുമാനത്തിനു വിധേയരാകാൻ അവർക്ക് ഒരവസരം നൽകാതെയും തെരഞ്ഞെടുപ്പ് നടത്തിയതു് കേവലം നീതിക്കുപോലും ചേർന്നതാണോ എന്നു ഞാൻ ചോദിക്കുന്നു. ഞങ്ങളോടു് ചോദിക്കാതെ, ആരെയുമറിയിക്കാതെ ഇങ്ങനെ നിയമനം നടത്തിയതുകൊണ്ടു് മിനറൽ തൊഴിലാളികൾക്കു് തങ്ങളുടെ പേർ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉണ്ടായിട്ടില്ല. രാജ്യത്തെ എല്ലാ പൗരന്മാർക്കും ഒരുപോലെ ഉദ്യോഗത്തെ സംബന്ധിച്ച് അവകാശപ്പെടാവുന്ന ഒരു സ്ഥാപനമാണ് എംപ്ലോയിമെന്റ് എക്സ്ചേഞ്ചു്. സഹകരണകമ്പനികളായാലും ഗവണ്മെന്റ് നേരിട്ടു നടത്തുന്ന കമ്പനികളായാലും അവയിലെ നിയമനങ്ങൾ എംപ്ലോയിമെന്റ് എക്സ്ചേഞ്ചു് മുഖേന നടത്തേണ്ടതാണെന്ന തത്വത്തോടു് ഞാൻ യോജിക്കുന്നു. എന്നാൽ ഒന്നാംതീയതി പുറപ്പെടുവിച്ച ഉത്തരവിന്മേൽ എക്സ്ചേഞ്ചിൽനിന്നും എന്നു് ലിസ്റ്റ് വരുത്തി എന്നു മുഖ്യമന്ത്രി വ്യക്തമാക്കേണ്ടതാണു്. എംപ്ലോയിമെന്റ് എക്സ്ചേഞ്ചു് ചിലരുടെ സ്വകാര്യതാല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള ഉപകരണമായി തീരരുതു്. ഇപ്പോൾ തന്നെ ഭൂസേനയിലേക്കു് ആറായിരം തൊഴിലാളികളെ എടുക്കുന്നു എന്നുപറഞ്ഞു് പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്. പാവപ്പെട്ട തൊഴിലാളികൾ മാത്രമല്ല തൊഴിലില്ലാതെ അലഞ്ഞു നടക്കുന്നവർ എന്നിങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഒരു വലിയ വിഭാഗം ജനങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വഴിച്ചെലവിലേയ്ക്ക് വേണ്ടി പണം കടംവാങ്ങിയും തങ്ങൾക്കാകെ ശേഷിക്കുന്ന സ്വത്തുക്കൾ പണയം വച്ചും എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ ആഫീസിൽ വന്ന് പേരു രജിസ്റ്റർ ചെയ്യുന്നതിനവേണ്ടി അപേക്ഷിക്കൊടുത്തിരിക്കുകയാണ്. അവരുടെ പേരു് രജിസ്റ്റർ ചെയ്തിരുന്നാൽത്തന്നെയും നിയമനം കിട്ടുന്നതു് മറ്റൊരു കൂട്ടർക്കാണെങ്കിൽ എന്തിനീ ആളുകളെ ബുദ്ധിമുട്ടിക്കുന്നു. മറ്റൊരു കാര്യം കൂടി ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സാധാരണ നിയമനത്തിനു് ആളുകളെ എടുക്കാറില്ല. ആവശ്യമുള്ളവരുടെ മുന്നിരട്ടി ആളുകളുടെ ഒരു പാനൽ അയയ്ക്കുകയാണ് എക്സ്ചേഞ്ചിൽനിന്നും ചെയ്യാറുള്ളതു്. നിയമനാധികാരികൾ ആ ലിസ്റ്റിൽ നിന്നും ഇൻറർവ്യൂ നടത്തിയാണ് നിയമിക്കാറുള്ളതു്. സർ, യഥാർത്ഥത്തിൽ ചവറയിൽ അങ്ങനെ ഒരു സംഭവമേ അവിടെ ഉണ്ടായിട്ടില്ല. ചവറക്കമ്പനിയിൽ എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് വരുത്തിയാണ് നിയമിച്ചിട്ടുള്ളതെന്നു് പറയുകയുണ്ടായി. എന്നാൽ അങ്ങനെ നിയമിച്ചിട്ടുള്ളവരുടെ പരീക്ഷായോഗ്യത എന്താണെന്നോ ഫാക്ടറി ജോലികൾ പരിചയിച്ചിട്ടുള്ളവരാണെന്നോ അതു മാത്രവുമല്ല അവരിൽ വല്ല പകർച്ച വ്യാധികളും ഉള്ളവരോ, തീരാവ്യാധി ഉള്ളവരോ മറ്റോ ഉണ്ടോ എന്നു് നോക്കാതെയാണ് നിയമനം നടത്തിയിട്ടുള്ളതു്. അതേ അവസരത്തിൽ ലിസ്റ്റ് അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെന്നു് പറയുകയും ചെയ്യുന്നു. സർ, ഈ നിയമനത്തിന്റെ അടിയിൽ ഒരു കാര്യം ഒളിഞ്ഞു കിടക്കുകയാണ്. ഒന്നാമതായി ചവറ മിനറൽസ് തൊഴിലാളി സംഘടനയെ ഉടയ്ക്കണമെന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി ഐ. എൻ. ടി. യു. സി. യുടെ നേതൃത്വത്തിൽ കുറേപ്പേരെ ജോലിക്കെടുത്തിരിക്കുകയാണ്. അതുകൂടാതെ മാനേജ്മെന്റ് കുറവപ്പുഴുവിനെക്കൊടുത്തവൻ, മലക്കറി വാങ്ങിക്കൊടുത്തവൻ, വീട്ടുപണി ചെയ്യുന്നവന്റെ സ്വന്തക്കാരൻ ഇങ്ങനെ തുടങ്ങി ഏകദേശം 128 പേരെ അവിടെ നിയമിച്ചിരിക്കുകയാണ്. നിയമിക്കപ്പെട്ട എല്ലാവരുടേയും പേരുകളുടെ പുറകിൽ വാലുകൾ ഉണ്ടായിരിക്കണമെന്നുള്ളതും ഒരു യോഗ്യതയായി പരിഗണിച്ചിട്ടുണ്ട്. ഇങ്ങനെ കൈക്കൂലിയും കോഴയും മറ്റും കൊടുത്തു് ജോലി വാങ്ങിച്ചിട്ടുള്ളവരാണ് ഇവർ. ജനറൽ മാനേജർ ശ്രീമാൻ രാഘവൻപിള്ള തന്നെ ചവറ സ്വദേശിയാണ്. അദ്ദേഹത്തിനു് പ്രാദേശികമായി പല താല്പര്യങ്ങളുമുണ്ട്. അദ്ദേഹം ഈ വിധത്തിലുള്ള ക്രമക്കേടുകളും സ്വജനപക്ഷപാതവും വഞ്ചിയതയും വച്ചു പുലർത്തുവാൻ നിർബ്ബന്ധിതനുമാണ്. ഈ നിയമനത്തേയും പണിമുടക്കിനേയും തുടർന്ന് ഡവലപ്പുമെന്റ് സെക്രട്ടറിയുടെ മുറിയിൽവച്ചു് ഞാനും സഖാവു് ബേബിജോണും, സെൻട്രൽ കൺസിലിയേഷൻ ആഫീസറും, ജനറൽ മാനേജരും ചേർന്നു് ഒരു കാൺഫറൻസ് നടന്നു. ആ കാൺഫറൻസിൽ ഞങ്ങൾ ഈ നിയമനത്തിലുള്ള എതിർപ്പുകൾ അറിയിച്ചു് ദീർഘനേരം ചർച്ചചെയ്തു. അവസാനമായി മ. വി. വ. ജോസഫ് പറഞ്ഞതിപ്രകാരമാണ്. "മി. ദിവാകരൻ, നിങ്ങൾ പറഞ്ഞ വാദമുഖങ്ങളൊന്നും എനിക്കു തൃപ്തികരമായി തോന്നുന്നില്ല. ഗവണ്മെന്റ് ചെയ്ത രീതിമാനമാണു ശരി. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അയച്ച ലിസ്റ്റ് അനുസരിച്ചു് തൊഴിലാളികളെ ഇൻറർവ്യൂ നടത്തേണ്ടതായിരുന്നു,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ശ്രീ. രാഘവൻപിള്ള അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അതു് irregular ആയ്ട്ടുള്ള നടപടിയാണു്. അതു് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടു് മി. ദിവാകരനെ വിവരം അറിയിക്കാം." ഇതനുസരിച്ചു് മി. ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കാണുമെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. പക്ഷേ, ഫലം ഇതുവരെ ഞങ്ങളെ അറിയിച്ചിട്ടില്ല.

സർ, ഇന്നലെ ഇവിടെ മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ അദ്ദേഹത്തെ ചില തൊഴിലാളികൾ ആക്ഷേപിച്ചുകൊണ്ടു് മുദ്രാവാക്യം വിളിച്ചു എന്നു പറഞ്ഞു് അതിൽ അരിശം കൊള്ളുകയുണ്ടായി. സർ, ഏതാനും ചില തൊഴിലാളികൾ എന്തെങ്കിലും പറഞ്ഞാൽ അതിൽ അരിശം കൊള്ളുന്ന അല്പത്വം മാത്രമേ അദ്ദേഹത്തിനുള്ളൂ എന്നു് ഞാൻ വിശ്വസിച്ചിരുന്നില്ല. ഈ മാതിരി കാര്യങ്ങളിൽ വളരെ ഉയർന്ന നിലയിൽ നിന്നുകൊണ്ടു് ഒരു സമഗ്രമായ വീക്ഷണഗതി അദ്ദേഹം എടുക്കുമെന്നു് ഞാൻ വിശ്വസിച്ചു. സർ, എന്താണു് ഇവിടെ ഉണ്ടായതു്? വിശന്നുപൊരിഞ്ഞ തൊഴിലാളികൾ, അവർക്കും കുഞ്ഞുകുട്ടികൾക്കും വിശപ്പു് അടക്കുവാൻ സാധിക്കാതെ എന്തെങ്കിലും ജോലിതരണമെന്നു പറഞ്ഞുകൊണ്ടു് വിശപ്പിന്റെ മുറവിളിയൽ മാത്രം പ്രേരിതരായി ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനെ പഞ്ചസാരക്കള്ളനെന്നോ മറ്റോ വിളിച്ചുപോയാൽ, അതു് ഊന്നിപ്പിടിച്ചുകൊണ്ടു് മറ്റു ന്യായങ്ങളെ അദ്ദേഹം അവഗണിക്കുന്നുണ്ടെങ്കിൽ അതു് സാധൂകരിക്കത്തക്കതാണോ എന്നു് അദ്ദേഹത്തിന്റെ സ്വന്തം ഹൃദയത്തിൽ കൈവച്ചുകൊണ്ടു് പരിശോധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. വിശന്നുപൊരിയുന്ന തൊഴിലാളികൾ എന്തെങ്കിലും പറഞ്ഞെന്നിരിക്കും. ഈ രാജ്യത്തിന്റെ സംസ്കാരത്തിന്റെ ഏറ്റവും വലിയ കലവറയായിരുന്ന, സംസ്കാരത്തിന്റെ ദീപനാളമായിരുന്ന മഹാകവി കുമാരനാശാൻതന്നെ ഏതോ ഒരു സിവിൽ കേസിൽ അന്യായമായി വിധിയെഴുതിയ ഒരു ന്യായാധിപനെപ്പറ്റി പറഞ്ഞതെന്താണു്: "മോഹിച്ചാൽ ഇനി യജ്ഞപീഠമതിലേറാം ഹീനനാം ശ്വപചനികൻ" എന്നാണു്. ചവറയിലെ തൊഴിലാളികളുടെ വൈഷമ്യങ്ങൾ നോക്കുകയാണെങ്കിൽ അവർ ജോലിയില്ലാതെ വിശന്നുപൊരിയുന്നവരാണു്. അവർ എന്തെങ്കിലും മുദ്രാവാക്യം വിളിക്കുകയോ, ആക്ഷേപിക്കുകയോ ചെയ്താൽ അതിൽ അവരെ എങ്ങനെ കുറ്റപ്പെടുത്താനാണു സർ. അവർ അങ്ങനെ ആക്ഷേപിച്ചു എന്നുള്ളതു് ശരിതന്നെ. ഒരുദിവസം അവർ വിളിച്ചു. എന്നാൽ അതിനടുത്ത ദിവസം അവർ നിറുത്തുകയും ചെയ്തു. അതിനു ശേഷം, സ്ഥിതിഗതികൾ വഷളായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്ന അവസരത്തിൽ പല കൂടിയാലോചനകളും നടന്നു. ചില സാങ്കേതികതടസ്സങ്ങൾ ഉന്നയിച്ചുകൊണ്ടു് "ഈ 128 ആളുകളേയും നിയമിച്ചിട്ടുള്ളതു് ശവണ്ണൻറാണു്, ശവണ്ണൻറിന്റെ കല്പന കല്പോപിളക്കും" എന്നുള്ള മാതിരി അതിൽ നിന്നും വ്യതിചലിക്കാൻ തയ്യാറായില്ല. ആളുകളെ എടുത്തതു് എടുത്തതുതന്നെ. ബാക്കിയുള്ള കാര്യങ്ങൾ തൊഴിൽത്തർക്കത്തിനു് കോടതിക്കു പോകും. ഇതാണു് അദ്ദേഹം എടുത്ത നിലപാടു്. തൊഴിൽത്തർക്കത്തെക്കുറിച്ചു് ശരിയായി ഒന്നു പരിശോധിക്കുവാൻ ലേബർ കമ്മീഷണറെ ഒരു ആർബിട്രേറ്ററായി നിയമിക്കുമെന്നു് അദ്ദേഹം പറഞ്ഞു. ഞങ്ങൾ അങ്ങനെ ആവശ്യപ്പെട്ടതും ശരിതന്നെ. എന്നാൽ ആർബിട്രേറ്റർ എന്ന നിലയിൽ സാധാരണ രീതിയിലുള്ള നടപടികൾ സ്വീകരിക്കണമെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം അതിനൊന്നും തയ്യാറാകാതെ ചില സ്റ്റേറ്റ്മെൻറുകൾ മാത്രം വാങ്ങിച്ചു എന്നല്ലാതെ റിക്കാർഡുകൾ പരിശോധിക്കുകയാകട്ടെ, ഇതിനെ സംബന്ധിച്ച് ഞങ്ങൾക്കുള്ള അഭിപ്രായം ആരായുകയാകട്ടെ ഉണ്ടായില്ല. ഞങ്ങൾ ചോദിച്ചപ്പോൾ, "നിങ്ങളുടെ അഭിപ്രായം വാങ്ങുവാനും മറ്റും എന്നോട് പറഞ്ഞിട്ടില്ല, റിപ്പോർട്ട് സമർപ്പിക്കണമെന്നുമാത്രമാണ് എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത്" എന്ന് അദ്ദേഹം പറയുകയുണ്ടായി. ഇങ്ങനെ ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുകയോ, റിക്കാർഡുകൾ പരിശോധിക്കുവാനുള്ള അവസരം ഞങ്ങൾക്കു തരികയോ ചെയ്തില്ല. ഈ അന്വേഷണത്തെപ്പറ്റിയുള്ള ഞങ്ങളുടെ എതിർപ്പ് ഇതേപ്പറ്റി അവസാനതീരുമാനമെടുക്കുന്നതിനു മുൻപായിത്തന്നെ ഈ സഭയിലെ പ്രതിപക്ഷനേതാവായ ശ്രീ. റ്റി. വി. തോമസ് വഴി ഒരു കത്തുമൂലം സഖാവ് ശ്രീകണ്ഠൻനായർ മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഗവണ്മെൻറ് ഉത്തരവു പാസ്സാക്കിയതിനു ശേഷമാണ് ഇതിനെ എതിർത്തത് എന്നു പറയുന്നതിൽ അർത്ഥമൊന്നുമില്ല. അതിനുശേഷം കായ്ക്കുമോ എങ്ങോട്ടുപോയി എന്നു നോക്കാം. തൊഴിൽതർക്കം അഡ്ജൂഡിക്കേഷനു വിടാമെന്നു പറഞ്ഞതു് ഈ 128 പേരെയും ജോലിക്കു നിലനിർത്തിക്കൊണ്ടു് വിടാമെന്നാണ്. സർ, ശ്രീമാൻ പനമ്പിള്ളി ശോവിങ്ങമേനോനു് സ്വന്തം താല്പര്യമുള്ള ടാറ്റായിലെ പത്തുമുപ്പതു ക്ലാക്കന്മാരെ പിരിച്ചുവിട്ടപ്പോൾ അദ്ദേഹം എടുത്ത നടപടി എന്താണ്? മുപ്പതോളം ക്ലാക്കന്മാരെ പിരിച്ചുവിട്ട അവസരത്തിൽ, അവരെ ജോലിക്കു നിലനിർത്തിക്കൊണ്ടു്, അവരെ പിരിച്ചുവിടണമോ വേണ്ടയോ എന്നുള്ള കായ്മാണ് അഡ്ജൂഡിക്കേഷനു വിട്ടതു്. ആ നടപടി ഈ 128 പേരെ പിരിച്ചുവിട്ടപ്പോൾ സ്വീകരിക്കാത്തതു് എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. ഈ 128 പേരെയും പിരിച്ചുവിട്ടതു് ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചുകൊണ്ടു് മറ്റു കായ്ക്കുമോ അഡ്ജൂഡിക്കേഷനു വിടാമെന്നാണ് അദ്ദേഹം പറയുന്നതു്. ഈ തൊഴിൽത്തർക്കം അഡ്ജൂഡിക്കേഷനു വിടേണ്ടതു് കേന്ദ്രഗവണ്മെൻറാണ്. ഇവരുടെയെല്ലാം ജോയിൻറ് സാക്ഷാൽ ഐ. എൻ. റ്റി. യു. സി. നേതാവു് ശ്രീ. ഖണ്ഡുഭായി ദേശായി സഖാവു് ശ്രീകണ്ഠൻനായരോടു് ഈ തൊഴിൽക്കുഴപ്പത്തെപ്പറ്റി പറഞ്ഞതു് "മി. ശ്രീകണ്ഠൻനായർ, എൻറെ പത്തുമുപ്പതുകൊല്ലത്തെ ട്രേഡ്യൂണിയൻ പ്രവർത്തനപാരമ്പര്യം വച്ചുകൊണ്ടു് ഞാൻ പറയുന്നതു് ഈ തൊഴിൽക്കുഴപ്പം നിർബ്ബന്ധിത അഡ്ജൂഡിക്കേഷനു വിടാൻ ഞാൻ തയ്യാറില്ല. കക്ഷികൾ ആവശ്യപ്പെട്ടാൽ അഡ്ജൂഡിക്കേഷനു അയയ്ക്കാം" എന്നാണ്." ഇങ്ങനെ കേന്ദ്രഗവണ്മെൻറ് നിർബ്ബന്ധിത അഡ്ജൂഡിക്കേഷനു വിടുകയില്ലെന്നും, തൊഴിൽത്തർക്കം നീണ്ടുപോകുന്നുവെന്നും കണ്ടപ്പോൾ യൂണിയനിൽനിന്നും അഡ്ജൂഡിക്കേഷനുവേണ്ടി കേന്ദ്രഗവണ്മെൻറിനോടപേക്ഷിച്ചു. പനമ്പിള്ളി ഗവണ്മെൻറ് ഈ അപേക്ഷയെ അനുകൂലിച്ചു് കേന്ദ്രതൊഴിൽവകുപ്പുമന്ത്രിക്കു് എഴുതുകയും ചെയ്തു. ഈ അപേക്ഷയനുസരിച്ചു് തൊഴിൽത്തർക്കനിയമം 10-ാംവകുപ്പു് 2-ാം ഉപവകുപ്പു് അനുസരിച്ചാണ് തൊഴിൽത്തർക്കം കൊടതിക്കു വിടേണ്ടതു്. ഇപ്രകാരം വിടുകയാണെങ്കിൽ കക്ഷികൾ ഉന്നയിക്കുന്ന പ്രശ്നങ്ങളാണ് തീരുമാനത്തിനായി ഗവണ്മെൻറും കോടതിക്കു വിടേണ്ടതു്. ഗവണ്മെൻറ് നിർബ്ബന്ധിത അഡ്ജൂഡിക്കേഷനു വിടുകയാണെങ്കിൽ പ്രശ്നങ്ങൾ (issues) ഗവണ്മെൻറിനു തന്നെ നിശ്ചയിക്കാം. എന്നാൽ ഈ അപേക്ഷ കേന്ദ്രത്തിൽ കിട്ടിയതിൻറെ പുറകെ ശ്രീ. പനമ്പിള്ളിയും ഡെൽഹിയിലെത്തി.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

അന്നുവരെ നിർബ്ബന്ധിത അഡ്ജൂഡിക്കേഷനു് എതിരു നിന്ന കേന്ദ്ര തൊഴിൽമന്ത്രി തൊഴിൽത്തക്കം നിർബ്ബന്ധിത അഡ്ജൂഡിക്കേഷനു വിട്ടു. ഇതുമൂലം തർക്കവിഷയങ്ങൾ അവർക്കു് സൗകര്യമായ രീതിയിലാണു് നിശ്ചയിച്ചിരിക്കുന്നതു്. കേന്ദ്രഗവണ്മെൻറിന്റെ ഈ നയവ്യതിയാനത്തിന്റെ പുറകിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ കറുത്ത കൈകളും കൊടിയ വഞ്ചനയും ഞങ്ങൾ കാണുന്നുണ്ടു്. അതു മാത്രമല്ല, പണിമുടക്കു തുടരുന്നതു് നിയമവിരുദ്ധമായും പ്രഖ്യാപിക്കപ്പെട്ടു. ഈ പ്രഖ്യാപനത്തെ തുടർന്നു് പണിമുടക്കു് ഞങ്ങൾ പിൻവലിച്ചു. ഈ അനീതിക്കെതിരായി, കേവലം നീതി ലഭിക്കുവാൻവേണ്ടി സഖാവു് ശ്രീകണ്ഠൻനായർ ഇന്നു് നിരാഹാരസത്യഗ്രഹത്തിലാണു്. കേരളത്തിലെ എല്ലാ ആളുകളും പ്രതീക്ഷിച്ചുകൊണ്ടിരുന്ന, ഐക്യകേരളത്തിന്റെ ജന്മദിനമാണു് ഒക്ടോബർ 10-ാംതീയതി. ഈ രാജ്യത്തിന്റെ കഴിഞ്ഞ കാലരാഷ്ട്രീയചരിത്രത്തിൽ ഒരു പ്രധാനപങ്കു വഹിച്ചിട്ടുള്ളയാളാണു് സഖാവു് ശ്രീകണ്ഠൻനായർ. ആ കാര്യത്തിൽ അദ്ദേഹം ഈ സഭയിലിരിക്കുന്ന ആരുടേയും പുറകിലല്ലെന്നും ഉള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണു്. അങ്ങനെയുള്ള ഒരാൾ തൊഴിലാളികൾക്കു് നീതി ലഭിക്കുന്നതിനുവേണ്ടി ഈ സുപ്രധാന ദിനത്തിൽ ഈ സെക്രട്ടറിയേറ്റിന്റെ വാതലിൽ നിരാഹാരസത്യഗ്രഹം തുടങ്ങുവാനുള്ള ഒരു നിർഭാഗ്യമുണ്ടായി. ഇന്നലെ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ ഈ നിരാഹാരം നിസ്സാരകാര്യമാണെന്നുള്ള മട്ടിൽ ഇവിടെ പ്രസംഗിക്കുകയുണ്ടായി.

എഫ്. എക്സ്. പെരേര ഫാക്ടറി തുറന്നിടണമെന്നുള്ളതു് ചവറ തൊഴിലാളികളുടെ വെറൊരു ഡിമാൻറാണു്. ആ കമ്പനി മൂന്നു മാസത്തിനു മേലായി അടച്ചിട്ടിരിക്കുകയാണു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗവണ്മെൻറിലേയ്ക്കു നൽകേണ്ട തുക കമ്പനി മാനേജ്മെൻറ് യഥാകാലം നൽകാതെ കുടിശ്ശിക വരുത്തിയതിനാൽ ഫാക്ടറി ഗവണ്മെൻറ് ജപ്തിചെയ്തതിനാലാണു് അടച്ചിട്ടിരിക്കുന്നതു്. കമ്പനിമാനേജർ ഗവണ്മെൻറിലേയ്ക്കുള്ള എട്ടൊൻപതുലക്ഷം രൂപ കൊടുത്തുതീർത്തിട്ടില്ലെങ്കിൽ അതിനു് തൊഴിലാളികളാണോ സർ, ഉത്തരം പറയേണ്ടതു്? ഗവണ്മെൻറിലേയ്ക്കു വരുവാനുള്ള തുക കൊടുത്തില്ലെങ്കിൽ റവന്യൂറിക്കവറി പ്രകാരം ആ തുക ഈടാക്കുവാനുള്ള അവകാശം ഗവണ്മെൻറിനു് ഉണ്ടു്. ലൈസൻസു് ഇല്ലാതെ ഒരു ടൺ മണ്ണുപോലും കയറ്റി അയയ്ക്കുവാൻ സാദ്ധ്യമല്ലാതിരിക്കെ ഗവണ്മെൻറിലേയ്ക്കു് ആറേഴുലക്ഷം രൂപ കുടിശ്ശിക വരുന്നതുവരെ എങ്ങിനെയാണു് അവർ പ്രവർത്തനം തുടർന്നുപോയിട്ടുള്ളതു് എന്നു് അന്വേഷിക്കുന്നതു് നന്നായിരിക്കും. ഗവണ്മെൻറിനുള്ള തുക കൊടുത്തില്ലെങ്കിലും ഗവണ്മെൻറിന്റെ സ്വന്തം ആളുകൾക്കും, ഉത്തരവാദിത്വം വഹിച്ചിരുന്നവർക്കും പണം കൊടുത്തു് അവർ ഇതിനുള്ള അനുമതിയും, സൗകര്യവും സമ്പാദിച്ചു് കഴിഞ്ഞുപോരുകയായിരുന്നു. അനേകായിരം തൊഴിലാളികൾ തൊഴിലില്ലാതെ വലഞ്ഞുകൊണ്ടിരിക്കുമ്പോൾ തൊഴിൽ ഉള്ള തൊഴിലാളികൾക്കു തന്നെ തൊഴിൽ നഷ്ടപ്പെടുന്ന ഒരവസ്ഥയാണു് ഇതുമൂലം ഉണ്ടായതു്. പത്തും ഇരുപതും ലക്ഷം രൂപ വ്യവസായസ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടും അങ്ങനെയുള്ള വ്യവസായസ്ഥാപനങ്ങളിൽ പത്തുപേർക്കു പോലും തൊഴിൽകൊടുക്കുവാൻ സാധിക്കാതെ വരുന്നതു് എത്ര കഷ്ടമാണെന്നു് ഞാൻ പറയേണ്ട ആവശ്യമില്ലല്ലൊ. ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കായ്യം പറയുമ്പോൾ അതു് പ്രാദേശികമനോഭാവമായിട്ടെടുക്കരുതു്. പക്ഷെ പ്രാദേശികമനഃസ്ഥിതിയോടുകൂടി ഇപ്പോഴത്തെ മുഖ്യമന്ത്രി പ്രവർത്തിക്കുന്നുണ്ടു് എന്നുള്ളതു്, മഹാലക്ഷ്മി കോട്ടൺ മിൽസു്, സീതാറാം കോട്ടൺ മിൽസു് ഇവ ഏറെറടുത്ത വിധത്തിൽനിന്നുതന്നെ അറിയുവാൻ കഴിഞ്ഞു. ഖദർ നിയമപരമായ വലയത്തിനകത്തു നിൽക്കാതെ അതിനു പുറത്തു പോയിട്ടുപോലും ഈ രണ്ടു സ്ഥാപനങ്ങളും ഏറെറടുക്കുവാൻ പനമ്പിള്ളി ഗോവിന്ദമേനോൻ മുതിരുകയുണ്ടായി. നമ്മുടെ മുമ്പിലിരിക്കുന്ന ശ്രീമാൻ കരുണാകരനും, ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനും തൃശ്ശൂരിൽ ചുറ്റിസഞ്ചരിക്കുന്നുമെങ്കിൽ സീതാറാംമില്ലിലേയും മഹാലക്ഷ്മിമില്ലിലേയും പുകക്കുഴലിൽക്കൂടി പുക പുറത്തുപോകണം. അതിനു വേണ്ടിയാണു് അവർ നിയമപരിധിക്കു് അപ്പുറത്തുപോയും ആ മില്ലുകൾ ഏറെറടുക്കുവാൻ ഇത്ര തിടുക്കം കാണിച്ചതു്. സർ, അതു് നല്ലതുതന്നെയാണു്. എന്നാൽ അതേപോലുള്ള ഒരു മനഃസ്ഥിതി എഫ്. എക്സ്. പി. കായ്യത്തിലും എടുക്കാത്തതു് എന്താണു്?

മിനറൽസ് ഫാക്ടറികളെ സംബന്ധിച്ചു് ഗവണ്മെൻറും കമ്പിനി മാനേജുമെൻറുകളുമായി ഉണ്ടാക്കിയിട്ടുള്ള മൈനിംഗ് ഏജൻസി എഗ്രിമെൻറിൽ ആർബിട്രേഷനു് വകുപ്പുണ്ടെന്നാണു് പറയുന്നതു്. ആ വകുപ്പുകൾ ഉപയോഗിച്ചു് കമ്പിനിയുടമയുമായുള്ള തർക്കം പരിഹരിച്ചു് തൊഴിൽ മുടങ്ങാതെ നടത്തുവാനുള്ള ശ്രമം നടത്തേണ്ടതാണു്. റവന്യൂ റിക്കവറി ആക്ടിൻ പ്രകാരമുള്ള നടപടികൾക്കു് ദോഷം വരാതെതന്നെ ഇതിനു ഗവണ്മെൻറുമായി മാനേജുമെൻറുമായി ആലോചിക്കുവാൻതയ്യാറാകേണ്ടതാണു് കമ്പനി വിട്ടതരാൻ മുതലാളി സന്നദ്ധനാണെന്നും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. അങ്ങനെ ഗവണ്മെൻറു് ഏറെറടുത്തു നടത്തി അവിടത്തെ തൊഴിലാളികൾക്കു് കിട്ടേണ്ട ന്യായമായ ശമ്പളം കൊടുത്തു് കമ്പനി തുടർന്നു നടത്താൻ തയാറാകാതെ ഒരു പ്രഭാതത്തിൽ കമ്പനി ജപ്തിചെയ്തു് പാവപ്പെട്ട തൊഴിലാളികൾക്കു് തൊഴിൽ ഇല്ലാതെയാക്കുകയാണു് ചെയ്തതു്. ഇതു രാഷ്ട്രീയപരിഗണനയുടെപേരിൽ അല്ലെങ്കിൽ മറെറന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇങ്ങനെ രാഷ്ട്രീയപരിഗണനയുടെപേരിൽ തൊഴിലാളികൾക്കു് ജീവിക്കുവാൻപോലും നിവൃത്തിയില്ലാത്തപരിതസ്ഥിതി ഉണ്ടാക്കിവച്ചിട്ടു് കമ്പനിമാനേജരുമായി സംസാരിച്ചു് പായൽ കുഴക്കോണം ആരോപിയ്ക്കുമെന്നു പറഞ്ഞു് കോടതിത്തീരുമാനംവരെ കാത്തിരിക്കാൻ തൊഴിലാളികളോടുപറയുകയാണു്. സ്വകാര്യവ്യക്തികളുടെ താല്പര്യങ്ങൾക്കു വേണ്ടി ഒന്നും സംസാരിക്കാത്ത ആളാണെന്നും മറെറാരുള്ള അഭിപ്രായത്തിൻെറ ഈ ഗിരിപ്രസംഗങ്ങൾ കേട്ടപ്പോൾ എനിക്കു അത്ഭുതമാണുണ്ടായതു്. സ്വകാര്യവ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി യാതൊന്നും ചെയ്തയില്ലെന്നു പറഞ്ഞിട്ടു്, രണ്ടാംപഞ്ചവത്സരപദ്ധതിയിൽ മി. മാധവൻനായരെ സഹായിക്കാൻ സ്റ്റീൽപ്രോഡക്ടറിക്കു് അഭിപ്രായം വകകൊണ്ടിട്ടുണ്ടു്. സീതാറാമിൽ ഏറെറടുത്തു നടത്തുവാൻ മി. ചാക്കോളയുമായി സംസാരിച്ചു സല്ലപിക്കുകയും ചെയ്യുന്നതായി ഞങ്ങൾ അറിയുന്നു. സർ, ഇവിടത്തെ തൊഴിലാളി പ്രശ്നം വിജയകരമായി പരിഹരിക്കുവാൻ ഒരു ആർബിട്രേറ്ററെ ഈ രാജ്യത്തുനിന്നും എടുക്കുവാൻ സാധ്യമല്ലെങ്കിൽ പുറത്തുനിന്നെങ്കിലും ഒരാളെ, യോഗ്യനായ ഒരാളെ കൊണ്ടുവരേണ്ടതാണു്. വേണമെങ്കിൽ തൊഴിലാളികൾ അതിനാവശ്യമുള്ള ചെലവിൻെറ ഒരു പങ്കു വഹിക്കുവാൻ തയാറാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

തക്കത്തിന്റെ മൊത്തം തീരുമാനം ആർബിട്രേഷനു് വിട്ടുകൊടുത്തും തൊഴിൽ മുടങ്ങാതെ നടത്താനുള്ള ശ്രമം ഗവണ്മെന്റു് നടത്തേണ്ടതാണു്. വേലചെയ്ത കാലത്തെളിലെ മൂന്നു മാസത്തെ ശമ്പളം പെരുമിരാ കമ്പനിയിൽ നിന്നും തൊഴിലാളികൾക്കു് കിട്ടുവാനുണ്ടു്. യാതൊന്നും ഉണ്ടാകാത്ത ചവറയിലെ കരിമണ്ണിൽ മറ്റു വരുമാനമാർഗ്ഗങ്ങളുമൊന്നുമില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികൾ അവരും അവരുടെ പിഞ്ചുപൈതങ്ങളും ആഹാരമില്ലാതെ വിശന്നുപൊരിയുമ്പോൾ അവർ പഞ്ചസാരക്കള്ളൻ എന്നോമറ്റോ വിളിച്ചുപോയാൽ ഒരു കുറ്റമാണോ സർ, അവക്കു് കുടുംബങ്ങളില്ലേ? അവക്കു ഭാര്യമാരില്ലേ? അവക്കു് വികാരങ്ങൾ ഉണ്ടാകുകയില്ലേ? ഗവണ്മെൻറിനു് എഫ്. എക്സ്. പി. കമ്പനിയിൽ നിന്നും ഒൻപതു ലക്ഷം രൂപ കിട്ടാനുണ്ടെന്നുള്ളതു് ശരിതന്നെ. പക്ഷേ അതിനു ന്യായമായ പരിഹാര മാർഗ്ഗങ്ങൾ നോക്കണമെന്നു പറയുമ്പോൾ ചെളിവാരിയെറിയുന്നു എന്ന ആരോപണം നടത്തിയതുകൊണ്ടു് പരിഹാരമാകുകയില്ല. മിനറൽസ് വ്യവസായം ആദായമുള്ളതാണു്. ഗവണ്മെൻറിനു് വൻപിച്ച വരുമാനമുണ്ടാക്കാവുന്നതും ആയിരം പേർക്കു് തൊഴിൽ നൽകാവുന്നതുമായ ഒരു വ്യവസായ ശാല–സ്വകായ്ക്ക വ്യക്തികളുമായി സംസാരിച്ചു പോയാലുള്ള അപവാദത്തെ ഭയന്നുമാത്രം–അടച്ചിട്ടിരിക്കണമോ എന്നാണു് എനിക്കു ചോദിക്കാനുള്ളതു്. എന്തു രീതിയിലെങ്കിലും വ്യവസായശാല തുറന്നു് പ്രവർത്തനം ആരംഭിക്കാൻ ഗവണ്മെൻറു് മുൻകയ്യെടുക്കേണ്ടതാണു്. ഈ അടച്ചു പൂട്ടലിനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനുള്ളതാണു്.

സർ, ഇതാണു് എഫ്. എക്സ്. പി. യെ സംബന്ധിച്ചിടത്തോളം പറയുവാനുള്ളതു്. ചവറയെ സംബന്ധിച്ചു് മറ്റു പല പ്രവർത്തനങ്ങളും തൊഴിലാളികൾക്കെതിരായി ഗവണ്മെൻറു് നടത്തിക്കൊണ്ടിരിക്കുകയാണു്. അവിടെ കരയാളരുടെ മണൽ കമ്പനി ഗവണ്മെൻറു് ഏറ്റെടുത്തിട്ടു് വർഷങ്ങളും ആറു കഴിഞ്ഞിട്ടും ഗവണ്മെൻറു് തൊഴിലാളികൾക്കുള്ള കാമ്പൻസേഷൻ കൊടുത്തിട്ടില്ല. ആ കാര്യത്തെപ്പറ്റി പല പ്രാവശ്യവും നിവേദനങ്ങൾ നടത്തി. കരയാളരുടെ കാലത്തു് അവിടെ ഉണ്ടാക്കി വച്ചിരുന്ന മണ്ണു് കയറ്റി അയയ്ക്കാൻ ഗവണ്മെൻറു് ആരംഭിച്ചപ്പോൾ അവിടത്തെ തൊഴിലാളികൾ പറഞ്ഞു, "ഞങ്ങൾക്കു ലഭിക്കേണ്ടതായ കുറെ അവകാശങ്ങൾ ഉണ്ടു്, അതു കിട്ടിയാൽ മാത്രമേ അതു കയറ്റുകയുള്ളൂ"വെന്നു്. അതറിഞ്ഞപ്പോൾ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ എന്നെ വിളിച്ചു പറഞ്ഞു, "ഈ ബേബിജാണം മറ്റും ഇങ്ങനെ കുഴപ്പങ്ങൾ ഉണ്ടാക്കിയാൽ എങ്ങനെയാണു്? നമ്മുടെ രാജ്യത്തു വ്യവസായങ്ങൾ നടക്കണ്ടേ? അവരോടു കുഴപ്പങ്ങൾ ഉണ്ടാക്കാതിരിക്കാൻ പറയണം, ഞാൻ തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും സാധിച്ചുതരാം" എന്നു്. ഞാൻ സഖാവു് ബേബിജാണിനെ കണ്ടുപറഞ്ഞു, ആ മണ്ണു് ഗവണ്മെൻറു് കയറ്റി അയയ്ക്കട്ടെ എന്നു്. അതനുസരിച്ചു് ശ്രീ. ബേബിജാൺ മുഖ്യമന്ത്രിയെക്കണ്ടു് സംസാരിക്കയുണ്ടായി. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചീഫ് മന്ത്രിയെന്നുള്ള നിലയിൽ "നിങ്ങൾ അതു കയറ്റി അയയ്ക്കുന്നതിനു തടസ്സം ഉണ്ടാക്കരുതു്, അതു കയറ്റി അയയ്ക്കുവാൻ അനുവദിക്കുക, നിങ്ങൾക്കു് എല്ലാ അവകാശങ്ങളും ഞാൻ പരിഹരിച്ചുതരാം" എന്നു് ഒരു കത്തെഴുതിയിട്ടുണ്ടായിരുന്നു. അതു കഴിഞ്ഞിട്ടു്

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങൾ എത്രയായി. ഇതുവരെ തൊഴിലാളികൾക്ക് കൊടുക്കാനുള്ള അവകാശങ്ങൾ കൊടുത്തിട്ടില്ല. ഈ വക കാര്യങ്ങളിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ നയം ഇതാണെങ്കിൽ, സർ, തൊഴിലാളി പ്രസ്ഥാനത്തെപ്പറ്റി അദ്ദേഹം ഗിരിപ്രഭാഷണങ്ങളെങ്കിലും നടത്താതിരിക്കണം. ചവറയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറിൽനിന്നും അവർക്കു നീതി ലഭിക്കുകയില്ലെന്ന വിശ്വാസത്തിൽ അവർ എത്തിച്ചേർന്നിരിക്കുകയാണ്. ഇതേപ്പറ്റി നിയമസഭാ സാമാജികന്മാരെക്കണ്ട് നിവേദനം നടത്താൻ ഇവിടെ വന്ന തൊഴിലാളികളുടെ നേരെ പോലീസ് കയ്യേറ്റം നടത്തി. അവർ ഇവിടെ വന്ന് തങ്ങളുടെ അവശതകൾ ധരിപ്പിക്കുന്നതിനായി നിരായുധരായി വന്നവരാണ്. എന്നാൽ അവരെ ഏറ്റവും ക്രൂരമായി കയ്യേറ്റം നടത്തിയതിനുശേഷം ശ്രീ. ഏ. ജെ. ജോണും അധികാരത്തിലിരിക്കുന്ന മന്ത്രിമാരും ധാർഷ്ട്യത്തോടുകൂടി പറഞ്ഞതു് നിയമസഭാ മന്ദിരത്തിൽ കയറുന്നതിനുവേണ്ടി ന്യായവിരോധമായി ബലം പ്രയോഗിച്ചു എന്നും, അതിന്റെ ഫലമായി ഏറ്റവും ലളിതമായ രീതിയിൽ ഒരു ലാത്തിച്ചാർജ്ജ് നടത്തുകയും ചെയ്തു എന്നാണ് തൊഴിലാളികൾ ഇവിടെ വന്നതു് കല്ലുകളും കവുണ്ടുകളും കൊണ്ടുവന്ന് ബലം പ്രയോഗിച്ചു് നിയമസഭാമന്ദിരത്തിൽ പ്രവേശിക്കുവാൻ ഒന്നുമല്ല. എന്നിട്ടും അവരെ പോലീസ് ക്രൂരമായ രീതിയിൽ ലാത്തിച്ചാർജ്ജ് ചെയ്യുകയുണ്ടായി. പോലീസുകാർ ചെയ്തതു് തെറ്റാണെന്നു് അവർക്കു ബോദ്ധ്യമായപ്പോൾ അവർ ചെയ്തുപോയ തെറ്റിനെ ഇപ്പോൾ ന്യായീകരിക്കാൻ ശ്രമിക്കുന്നു. അവർ പറയുന്നു, ആ തെറ്റ് ചെയ്തിട്ടുള്ള തൊഴിലാളികളുടെ നേരെ ന്യായമായിട്ടുള്ള മർദ്ദനം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ എന്നു്. ഈ നിയമസഭാ സാമാജികന്മാരുടെ മുൻപിൽവച്ചു്, ഈ രാജ്യത്തു് ജനാധിപത്യമര്യാദ കാൺഗ്രസ്സു് ഗവണ്മെൻറ് പാലിക്കുന്നു എന്നു് കൊമ്പു വിളിക്കുന്ന കാൺഗ്രസ്സു് സാമാജികന്മാരുടെ മുമ്പിൽവച്ചു് തല തല്ലിച്ചതച്ചും ബൂട്ടുസിട്ട ചവിട്ടിയും അതിഭയങ്കരം ക്രൂരമായ മർദ്ദനം നടത്തിയതു കാണുമ്പോൾ ഇവരുടെ ജനാധിപത്യമര്യാദയെപ്പറ്റി നാം അത്ഭുതപ്പെട്ടു പോകുന്നു. ഇവിടെ നടന്ന പോലീസിന്റെ ക്രൂരമായ കയ്യേറ്റത്തെ ന്യായീകരിക്കുന്നതിനുവേണ്ടി പബ്ലിക്കു റിലേഷൻസു ഡിപ്പാർട്ടുമെൻറിൽ നിന്നും പത്രങ്ങൾക്കായി കൊടുത്ത പ്രസ്സു് റിലീസിൽ ഏറ്റവും ലളിതമായ രീതിയിലാണ് ലാത്തിച്ചാർജ്ജ് നടത്തിയതെന്നു് പറഞ്ഞിരിക്കുന്നു. അതു് സത്യമാണോ സർ? ലളിതമായ ബലപ്രയോഗം നടത്തിയപ്പോൾ എഴുപതു പേരാണ് ആശുപത്രിയിൽ! ഇതാണോ ഈ ഗവണ്മെൻറിന്റെ തൊഴിലാളി നയം? അതേയവസരത്തിൽ മർദ്ദനം നടത്തിയതിനെ ന്യായീകരിക്കുവാനുള്ള ധാർഷ്ട്യം അധികാരത്തിലിരിക്കുന്നവർക്കു് നല്ലതാണോ? അന്നു നടന്ന മർദ്ദനം കാൺഗ്രസ്സിന്റെ ലഘുവായ മർദ്ദനമാണെങ്കിൽ, ഇവരുടെ സാരമായ ബലപ്രയോഗം എന്താണു സർ? ജനാധിപത്യത്തിന്റെ കൊമ്പുവിളിക്കാരായ ഇവർ ഈ നാട്ടിലെ ജനങ്ങളെ തല്ലിച്ചതയ്ക്കാൻ പോലീസിനു ലൈസൻസു നൽകുകയാണു്. ഇതാണോ ഇവരുടെ ആവഡി സോഷ്യലിസം? ഇതു വെറും വടിസോഷ്യലിസംമാത്രമാണെന്നാണു് ഞങ്ങൾ മനസ്സിലാക്കുന്നതു്.

ഇന്നലെ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ വളരെ ഗംഭീരമായി പ്രസ്താവിക്കുന്നതു കേട്ടു, ഇവിടെ നടന്ന അരിഷ്ടീകരണത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

അഴിമതി ആരോപണത്തെപ്പറ്റി ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ പോകുകയാണെന്നു്. ഈ ജുഡീഷ്യൽ എൻക്വയറി നടത്തുന്നതു് ആരാണു്; എന്തിനെപ്പറ്റിയാണു സാർ? എന്തിനാണു് ഈ ജുഡീഷ്യൽ എൻക്വയറി നടത്തുന്നതു്? ആരുടെ പേരിലാണു് ഈ ജുഡീഷ്യൽ എൻക്വയറി നടത്തുന്നതു്? ആ വകുപ്പുദ്യോഗസ്ഥന്റെ പേരിലാണോ; വകുപ്പുമന്ത്രിയുടെ പേരിലാണോ? ഈ അഴിമതി നടത്തിയിട്ടുള്ളതു് വകുപ്പുമന്ത്രിയായ ശ്രീമാൻ. എ. ജെ. ജാണാണെന്നു ഞാൻ പറഞ്ഞിട്ടില്ല. ഇന്നലെ പറഞ്ഞ ആരോപണങ്ങളിൽ ശ്രീമാൻ പനമ്പിള്ളിക്കുടി ബന്ധപ്പെട്ടിട്ടുള്ളയാളാണു്. ഈ അഴിമതിക്കു് അദ്ദേഹം ചില കൺട്രാക്ടറന്മാരെ ഉപയോഗിച്ചിട്ടുണ്ടു്. അതിന്റെ പ്രതി ആരാണ സർ? ഒരു ജുഡീഷ്യൽ എൻക്വയറി നടത്തുന്നതിനു പ്രതികൾ ആവശ്യമാണു്. പരാതിക്കാരനാവശ്യമാണു്. പരാതിക്കാരനാരാണ സർ? ഈ വകുപ്പുദ്യോഗസ്ഥൻ വരുമായിരിക്കാം. വകുപ്പുമന്ത്രി ഉണ്ടായിരിക്കാം. അവരുടെ പേരിൽ ആരോപണങ്ങൾ ഞാൻ കൊണ്ടുവന്നിട്ടില്ല. എന്നാൽ അദ്ദേഹം ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻപോകുകയാണെന്നു് കായ്മയായി, ഫനമായി പറയുകയുണ്ടായി. എന്തിനു മനുഷ്യരെ മണ്ടരാക്കുന്നു? ആ കാൺട്രാക്ട് സംബന്ധിച്ചു് എൻക്വയറി നടത്താൻ നിയമസഭയിലെ ഒരു സബ്കമ്മിറ്റിയെ നിയമിക്കുവാൻ മുഖ്യമന്ത്രി തയ്യാറുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. ഈ പോലീസിന്റെ ക്രൂരമായ മർദ്ദനത്തെ സംബന്ധിച്ചു് അതും ആരുടെയും നിർദ്ദേശം കൂടാതെ അന്യായമായി അതിരുകടന്ന നടത്തിയ ക്രൂരമായ മർദ്ദനത്തെ സംബന്ധിച്ചു് ഒരു എൻക്വയറി നടത്തി അതിനു ഉത്തരവാദികളായവരെ കണ്ടുപിടിച്ചു ശിക്ഷനൽകാം എന്നു പറയാതിരുന്നതു എന്താണു്? ഈ മുഖ്യമന്ത്രി അതിനു മറുപടി പറയുമായിരിക്കും പോലീസിന്റെ മൊറെയിൽ പൊയ്പോകും എന്നു്. എങ്ങനെയാണു സാർ, ഇതുകൊണ്ടു് പോലീസിന്റെ മൊറെയിൽ നഷ്ടപ്പെടുന്നതു്. ഈ മാതിരി ഒരു നയം സ്വീകരിച്ചിരിക്കുന്ന പോലീസുമന്ത്രിക്കും, മറ്റുള്ള അധികാരികൾക്കും ഇവിടത്തെ ജനാധിപത്യത്തെപ്പറ്റി സംസാരിക്കുവാൻ അധികാരമില്ല. പോലീസിന്റെമൊറയിൽമാത്രം വിശ്വസിച്ചു് ഭരണം നടത്തുന്ന ഒരു മന്ത്രിസഭയ്ക്കു് ജനാധിപത്യഭരണത്തിൻ കീഴിൽ അധികാരത്തിൽ തുടരുവാനും അവകാശമില്ല.

സർ, അങ്ങേയ്ക്കും ഇതിൽ ചില ഉത്തരവാദിത്വങ്ങൾ ഉള്ളതാണു്. അങ്ങയുടെ മുമ്പിൽവച്ചു നടത്തിയ ഈ മർദ്ദനം എത്ര ഭീകരമാണു്. കഴിഞ്ഞകാലത്തു് വളരെ ഭീകരമായ മർദ്ദനങ്ങൾ നടന്നിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ഈ നേതാക്കന്മാരുടെ മുമ്പിൽവച്ചു്, അവർ തിരഞ്ഞെടുത്തയച്ച പ്രതിനിധികളുടെ മുമ്പിൽവച്ചു് അടിച്ചു ചതച്ചു വിട്ടതു് നീതികരിക്കത്തക്കതാണോ എന്നു് അങ്ങു കാര്യമായി ആലോചിച്ചുനോക്കേണ്ടതാണു്. പോലീസുകാർ ആവശ്യമാണു്. പോലീസുകാരുടെ ഈ കയ്യേറ്റം ഇന്നു് ആവശ്യമായ സന്ദർഭത്തിൽ ഉണ്ടായതാണോ? പോലീസുകാരുടെ ലാത്തി തോന്നുമ്പോഴൊക്കെ കാണുന്ന ആളുകളുടെ പുറത്തു തല്ലുന്നതിനുള്ളതല്ല. ഇങ്ങനെ ഈ മർദ്ദനം തുടർന്നുകൊണ്ടുപോയാൽ ഈ രാജ്യത്തെ ജനങ്ങൾക്കു് എങ്ങനെ സമാധാനമുണ്ടാകും; എങ്ങനെ രക്ഷയുണ്ടാകും. ഇതിനാണോ ജനങ്ങളുടെ വോട്ടുവാങ്ങി അധികാരത്തിലിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. അപ്പുറത്തിരിക്കുന്ന ചില നരച്ച തലകൾ ഞാൻ കാണുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

സർ സി. പി. രാമസ്വാമിഅയ്യരുടെ കാട്ടാളഭരണത്തിനു് എതിരായി സമരംചെയ്യുവാൻ യുവഹൃദയങ്ങളെ നിങ്ങൾ ആഹ്വാനം ചെയ്തിട്ടുള്ള പാരമ്പര്യമുള്ളവർ. ഇന്നു് അതെല്ലാം നിങ്ങൾ മറന്നിരിക്കുന്നു. അല്ലെങ്കിൽ പാർട്ടി ഡിസിപ്ലിന്റെ പേരിൽ കണ്ടില്ലെന്നു നടിക്കുന്നു. ഇതാണോ നിങ്ങളുടെ പാർട്ടി ഡിസിപ്ലിൻ. ഈ നാട്ടിലെ തൊഴിലാളികളെയും, യുവാക്കന്മാരെയും, നിങ്ങൾ അണിനിരത്തിയിട്ടുള്ളതു നിങ്ങളിൽ ചിലരെങ്കിലും ഓർത്തിരിക്കും. അധികാരത്തിൽ പ്രവേശിച്ചു കോൺഗ്രസ്സിലേയ്ക്കു് പിന്നീടു ഓടിവന്നിട്ടുള്ള ആളുകളെപ്പറ്റി ഞാൻ പറയുന്നില്ല.

സർ, ഈ അനീതി നിവർത്തിവച്ചു് ഞങ്ങളുടെ ന്യായമായ പരാതികൾ എന്താണെന്നു മനസിലാക്കണം. താവാട്ടിൽചെന്നു കടിച്ചതും പോരാ പിന്നെയും പട്ടിക്കാണു മുറുമുറുപ്പു് എന്നൊരു ചൊല്ലുണ്ടു്. ഈ അന്യായങ്ങളെല്ലാം ഞങ്ങളോടു കാണിച്ചതിനുശേഷം ഒരു മന്ത്രി കായംകുളത്തുവച്ചു പ്രസംഗിച്ചു, സെക്രട്ടറിയേറ്റിനടയിൽ നടക്കുന്ന സമരത്തിനു ചായയിൽനിന്നും കുറെപേരെ വാടകയ്ക്കെടുത്താണു് ചവറതൊഴിലാളികൾ സമരംനടത്തുന്നതെന്നു്. എത്രമാത്രം ധാർഷ്ട്യത്തോടുകൂടിയാണു സർ ഇതു പറഞ്ഞതു്. അഹങ്കാരത്തിനും ഒരതിരുണ്ടു്. ആ കൊടിവച്ച വണ്ടിയുടെ അകത്തിരുന്നില്ലായിരുന്നെങ്കിൽ ഇതു പറയാനുള്ള ധാർഷ്ട്യം മന്ത്രിശ്രീ. കൊച്ചുകുട്ടനു ഉണ്ടാകുമായിരുന്നില്ല. ഇതു് ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന മന്ത്രിയിൽനിന്നുമാണു് ഉണ്ടായിട്ടുള്ളതു്.

അഴിമതികൾ ഉള്ളതു് ചവറയിൽ മാത്രമല്ല സർ. ഗവണ്മെന്റിനിയമനങ്ങളിലും, എന്നുവേണ്ട എല്ലാ സ്ഥാനങ്ങളിലും, സ്വജനപക്ഷപാതവും പ്രാദേശികമനഃസ്ഥിതിയും, പ്രത്യക്ഷമായി കാണാവുന്നതാണു്. കോൺഗ്രസ്സിനകത്തുള്ളവർതന്നെ ഇതു പ്രസ്താവിച്ചിട്ടുള്ളതാണു്. ന്യായം ലഭിക്കുന്നതിനുവേണ്ടി എത്ര സക്കാരുദ്യോഗസ്ഥന്മാരാണു് ഹൈക്കോടതിയെ അഭയംപ്രാപിച്ചിരിക്കുന്നതു്. സർ, ഇത്ര അധഃപതിച്ചു, ഇത്ര മോശമായ ഒരു ഭരണം ഇതിനുമുമ്പു് ഉണ്ടായിട്ടുണ്ടോ, നാക്കിനു നാലു മുഴം നീളമുണ്ടെന്നുള്ളതുകൊണ്ടുമാത്രം ഭരണം മെച്ചമാകുകയില്ലെന്നുള്ളതിന്റെ പ്രത്യക്ഷമായ തെളിവാണു് ഈ മന്ത്രിസഭയുടെ ഭരണപരമായ കഴിവില്ലായ്മ. മുഖ്യമന്ത്രി ഇന്നു് സ്വന്തം ആളുകൾക്കു് ഉദ്യോഗം കൊടുക്കാൻ തയാറായിട്ടുണ്ടു്. അതെ സംബന്ധിച്ചു് ഈ രാജ്യത്തെ ഒരു കോൺഗ്രസ്സ് നേതാവായിരുന്ന ആളും ഇപ്പോൾ ഒരു എം. പി. യുമായ ശ്രീ. സി. നാരായണപിള്ള പത്രത്തിലേക്കെഴുതി അയച്ചിട്ടുള്ളതായ ഒരു ലേഖനം അവതാ പറഞ്ഞു കാലുപിടിച്ചു് നടന്നു പിൻവലിപ്പിച്ചു. അദ്ദേഹത്തിന്റെ രണ്ടാമത്തെ മകളുടെ ഭാവിവരനാകാൻ പോകുന്ന ഒരാളിന്റെ ബന്ധുവിനെ ഇൻഷ്വറൻസു ഡിപ്പാർട്ടുമെന്റിൽ നിയമോപദേഷ്ടാവായി നിയമിച്ചു, ഇതു സംബന്ധിച്ചാണു് ആ എം. പി. ലേഖനം എഴുതിയതു്. ആ യോഗ്യനാണു് "എന്റെ കമ്പോളത്തിൽ ഇതൊന്നും ചെലവാകുകയില്ല" എന്നു് വീറുകൊള്ളുന്നതു്. അതുപോലെ ഫൈനാൻസു് സെക്രട്ടറിയേറ്റിലേയ്ക്കു് ഒരു ജഡ്ജിന്റെ സെക്രട്ടറിയെ നിയമിക്കുന്നതിനുവേണ്ടി ഫയൽ ക്യാബിനറ്റിൽ വന്നപ്പോൾ മന്ത്രി ശ്രീ. എ. ജെ. ജോൺ തിരിഞ്ഞതിരുന്നതും ഇന്നു് അങ്ങാടിപ്പാട്ടാണു്. അങ്ങനെ സക്കാരിൽ സ്വന്തം ആളുകൾക്കുവേണ്ടി എത്ര നിയമനംഅദ്ദേഹം നടത്തിയിട്ടുണ്ടു്. അദ്ദേഹം എത്ര വ്യവസായശാല സന്ദർശിച്ചോ, അതിനടുത്ത ദിവസം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

പനമ്പിള്ളി ഗോവിന്ദമേനോന്റെ ഒരാൾ കോട്ടം ഷർട്ടും ഒക്കെയിട്ട് അവിടെ ഒരു സൂപ്പർവൈസറായി നിൽക്കുന്നതുകാണാം. അദ്ദേഹം കുണ്ടറ സ്റ്റാർച്ചുഫാക്ടറിയിൽ വന്നു. അവിടെ ഒരു സൂപ്പർവൈസറെ നിയമിച്ചു. കുണ്ടറ അലൂമിനിയം ഇൻഡസ്ട്രീസ് സന്ദർശിച്ചു. അവിടെയും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അവിടെ അതു സംബന്ധിച്ചു പിന്നീട് തൊഴിൽ കുഴപ്പമുണ്ടായിട്ടുണ്ട്. ഇങ്ങനെ സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലായിരുന്നാലും ഗവണ്മെന്റ് സർവ്വീസിലായിരുന്നാലും സ്വജനപക്ഷപാതം കാണിക്കുന്നതിനു മുഖ്യമന്ത്രി ഭരണാധികാരം വിനിയോഗിച്ചിട്ടുണ്ട് എന്നു ഞാൻ ധൈര്യമായി അദ്ദേഹത്തിന്റെ മുൻപിൽ പറയുകയാണു്.

സർ, ഈ രാജ്യത്തെ അഴിമതിയുടെ കാര്യങ്ങൾ പറഞ്ഞുകൂട്ടത്തിൽ ഫാറസ്റ്റിന്റെ കൺസർവേറ്റേറ്റിന്റെ അഴിമതിയെപ്പറ്റിയും പലരും പറയുകയുണ്ടായി. അതെ സംബന്ധിച്ചു് ഒരു കോൺഗ്രസ്സുകാരൻതന്നെ നടത്തുന്നതായ നവശക്തി എന്ന പത്രത്തിൽ പല പ്രാവശ്യവും പ്രസ്താവനകൾ ഉണ്ടായിരുന്നിട്ടും ഇവിടത്തെ പബ്ലിക്ക് റിലേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും നാഴികയ്ക്കു നാൽപ്പതുവട്ടം പ്രസ് റിലീസുകൾ ഇറക്കുന്ന പതിവുണ്ടായിരുന്നിട്ടുപോലും അതിനെ നിഷേധിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ചാലക്കുടിയിൽ ചെലവാക്കേണ്ട തുക മുഴുവൻ ചെലവാക്കിയതുകൊണ്ടാണോ അദ്ദേഹത്തിന്റെ പേരിലുള്ള ഈ അഴിമതികളെപ്പറ്റി അന്വേഷണം നടത്താതിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ഇവിടത്തെ അഴിമതികളെ ഇല്ലായ്മചെയ്യാൻ ഒരു പ്രത്യേക വകുപ്പുതന്നെ ഉണ്ടായിരിക്കെ അവർ ഇതെപ്പറ്റി എല്ലാം അന്വേഷണങ്ങൾ നടത്തുന്നുണ്ടോ? ഇവിടെ ഫാറസ്റ്റിന്റെ ഡിപ്പാർട്ടുമെന്റിലെ അഴിമതികളെപ്പറ്റി കഴിഞ്ഞതവണ കോൺഗ്രസ്സ് മെംബർമാർതന്നെ അതുയർത്തു, ശേഷാചലത്തിന്റെ ഫാറസ്റ്റിന്റെ കോൺട്രാക്റ്റിനെ സംബന്ധിച്ചും മറ്റും വളരെ പ്രസംഗങ്ങൾ നടത്തി. അതിന്റെ ഫലം എന്തായി. മി. ശേഷാചലത്തിനു ഒരു നെഗോഷിയേറ്റിംഗ് കോൺട്രാക്റ്റ് കൊടുത്തതിനെ സംബന്ധിച്ചാണു അന്നു് ഇത്രയും ശബ്ദം ഉയർത്തിയതു്. എന്നിട്ടു ഫലം എന്തായി?

അതുപോലെതന്നെ ഒരു നെഗോഷിയേറ്റിംഗ് കോൺട്രാക്റ്റ് കോട്ടയത്തുകാരനായ ഒരു കെ. സി. കുര്യനും ഈ ഗവണ്മെന്റുമായി 1950-ൽ ഉണ്ടായിരുന്നു. 8-5-1950-ൽ ഇതെ സംബന്ധിച്ചു ഗവണ്മെന്റ് ഉത്തരവുണ്ടായി. അതായതു വണ്ടൻമേട്ടിൽ റിസർവു ഫാറസ്റ്റിൽനിന്നും 950 തടികൾ വെട്ടിമാറ്റുന്നതിനുവേണ്ടിയായിരുന്നു. അതിനു രണ്ടു കൊല്ലത്തെ കാലാവധിയും വച്ചു. ഒരു നെഗോഷിയേറ്റിങ് കോൺട്രാക്റ്റായിരുന്നു. മൂന്നേമുക്കാൽ രൂപയും മൂന്നേകാൽ രൂപയും റേറ്റു വച്ചാണു അതു കൊടുത്തതു്. അതിനെ തുടർന്നു് വേറൊരു ജോലിയുംകൂടി അയാൾക്കുതന്നെ കോൺട്രാക്റ്റ് കൊടുക്കുകയാണുണ്ടായതു്. അതു രണ്ടു കൊല്ലം കഴിഞ്ഞുള്ള കോൺട്രാക്റ്റാണു്. മുൻപറഞ്ഞ ഉത്തരവിൽത്തന്നെ പറഞ്ഞിരുന്ന പ്രകാരമാണു് ഈ കോൺട്രാക്റ്റും നൽകിയതു്. പതിനഞ്ചു മൈൽ റോഡും പാലങ്ങളും നിർമ്മിച്ചു പൂപ്പാറവരെ കൊണ്ടുവരണമെന്നായിരുന്നു. അതിനാണു രണ്ടുകൊല്ലത്തെ കാലാവധി വച്ചിരുന്നതു്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുകൊല്ലം കഴിഞ്ഞിട്ടും 5-9-53-ലാണ ജോലി തുടങ്ങിയതു്. എഗ്രിമെൻറ രണ്ടായിരം മരങ്ങളം വെട്ടിമാറ്റണമെന്നായിരുന്നു. ആ ആർഡറിൻെറ അടിസ്ഥാനത്തിലാണു് തടികളം വെട്ടിയതു്.

ഇന്നത്തെ നിലയിൽ 15,000 മരങ്ങളം പഴയ പൂപ്പാറ റെയിഞ്ചിൽ 9 A.M. ഉണ്ടെന്നാണു് ഗവണ്മെൻറിലേയ്ക്കു റിപ്പോർട്ട് ചെയ്തിരിക്കുന്നതു്. അങ്ങനെ 15,00,000 ക്യുബിക്കടി മരങ്ങളം വെട്ടിമുറിക്കുന്നതിനുള്ള അവകാശം 4 കൊല്ലത്തിനകം മുമ്പുള്ള ഒരു ആർഡറിൻെറ അടിസ്ഥാനത്തിൽ മൂന്നര ലക്ഷം രൂപ വച്ചാണു് കൊടുത്തിട്ടുള്ളതു്. ഇന്നൊരു ടെൻഡർ വിളിക്കുകയാണെങ്കിൽ രണ്ടു ലക്ഷമെങ്കിലും ഒന്നര ലക്ഷമെങ്കിലും എടുക്കാൻ ആളുണ്ടു്. ആ നിലയിൽ എത്രമാത്രം നഷ്ടമാണു് ഗവണ്മെൻറിനുണ്ടായിട്ടുള്ളതു്. കുറഞ്ഞ നിലയിൽ 30,00,000 രൂപയെങ്കിലും ഗവണ്മെൻറിനു നഷ്ടമുണ്ടു്. ഇതുവരെയുള്ള മന്ത്രി കാര്യമായി അന്വേഷിക്കുമെന്നാണു് ഞാൻ കരുതുന്നതു്. സകല ഫോറസ്റ്റ് നിയമങ്ങളേയും ലംഘിച്ചുകൊണ്ടു് ഇന്നത്തെ കൺസർവേറ്റർ പ്രവർത്തിക്കുന്നുണ്ടു്. വെട്ടുന്നതിനുള്ള കോണ്ട്രാക്റ്റും, സപ്ലൈ കോണ്ട്രാക്റ്റും ബന്ധുക്കൾക്കു് കൊടുക്കരുതെന്നുള്ളതു് കരാറിലെ നിയമമാണു്. അയ്യപ്പൻകോവിലിൽ കോരയ്ക്കും, ഐപ്പിനും, ജോഷ്വായ്ക്കുമായി സപ്ലൈ കോണ്ട്രാക്റ്റും, മേൽ ലാഭകോണ്ട്രാക്റ്റും കൊടുത്തിട്ടുണ്ടു്. അവർ ബന്ധുക്കളാണു്. ബന്ധുക്കൾക്കു കൊടുത്താൽ ഇഷ്ടംപോലെ തടികൾ കടത്തികൊണ്ടുപോകുവാനുള്ള സൗകര്യം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണു് അങ്ങനെ കൊടുക്കാൻ പാടില്ലെന്നു വച്ചിരിക്കുന്നതു്. വിദേശത്തേയ്ക്കു് കയറ്റുമതിചെയ്യുന്നതിനു് എക്സ്പോർട്ട് കമ്പോളിറ്റി തേക്കുകൾ ഉണ്ടായിരുന്നതു് ഫോറസ്റ്റ് സൈറ്റിൽവച്ചുതന്നെ ലേലംചെയ്തു വിൽക്കുകയുണ്ടായി. തണ്ടർക്കാരൻ പി. ഡി. പാളിനു് കൊടുത്തിട്ടുള്ളതു് ഇങ്ങിനെയാണു്. സപ്ലൈ കൺട്രാക്റ്റ് എ. കെ. മാണിക്കു് എഴുതിവച്ചശേഷം പാർട്ടി ആണു് ബിൽ എഴുതിവാങ്ങിയതു്. അയാൾക്കു് ഫെല്ലിംഗ് കോൺട്രാക്റ്റുണ്ടു്. ഇങ്ങനെ നടത്തുകയാണെങ്കിൽ എന്തെല്ലാം അഴിമതികൾക്കു് സാദ്ധ്യതകളുണ്ടെന്നു് നോക്കേണ്ടതാണു്. ഈ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻ സകല കീഴ് വഴക്കങ്ങളേയും ലംഘിച്ചിട്ടുണ്ടു്. തേക്കുംകുറ്റികൾ കാണിച്ചു് വനമോഷണം പോകുന്നുണ്ടെന്നു് പറഞ്ഞിട്ടും ആരേയും ശിക്ഷിച്ചിട്ടില്ല. ഉടൻതന്നെ ഈ ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിറുത്തി ഒരു പരസ്യാന്വേഷണം നടത്താൻ എന്തുകൊണ്ടാണു് തയ്യാറാകാത്തതു് ? അദ്ദേഹം കൊച്ചീക്കാരനായതുകൊണ്ടാണോ ? അതോ ഞാൻ നേരത്തെ പറഞ്ഞതുപോലെ ചാലക്കുടിയിലെ തിരഞ്ഞെടുപ്പിൽ ലഭിക്കുന്ന സഹായം കൊണ്ടാണോ ?

ശ്രീ. ജാണം ഒരു ചെറിയ അബദ്ധത്തിൽ ചെന്നുപെട്ടതായി അറിയുന്നു. പെരുന്തേൻ അരുവിയിൽ 1000 ഏക്കർ തടിവെട്ടുന്നതിനുള്ള ടെൻഡർവിളിച്ചതു് ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയാണു്. ഒരു റ്റി. സി. മാത്യുവും വയലാ ഇടിക്കളയുടെ ബന്ധു കെ. സി. എബ്രഹാമും കൊല്ലത്തു് എച്ച്. എൻ. സി.യിൽ വെള്ളമരം സപ്ലൈചെയ്തതിൽ നഷ്ടംവന്നിരിക്കുന്നതുകൊണ്ടു് ഈ കോൺട്രാക്റ്റ തങ്ങൾക്കു തരണമെന്നു പറഞ്ഞതിൻെറ അടിസ്ഥാനത്തിലാണു് ടെൻഡർവിളിച്ചു ജോലി സ്റ്റേ ചെയ്തിരിക്കുന്നതു്. മുഖ്യമന്ത്രിയുടെ കമ്പോളങ്ങളിൽ വലിയ ചെലവുകളില്ലാത്ത ചെറിയ ചില കാര്യങ്ങളാണു് പറയുന്നതു്.

MR. SPEAKER : You have taken more than an hour now. Please conclude.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഫാറസ്റ്റിലുള്ള അഴിമതികളെപ്പറ്റി വളരെയധികം പ്രസ്താവങ്ങൾ വന്നുകൊണ്ടിരിക്കുന്നതു പുനലൂർനിന്നും പുറപ്പെടുന്ന പ്രതിധ്വനി എന്ന പത്രത്തിലായിരുന്നു. അവരെ വളരെ വേഗം കയ്യിലാക്കാനുള്ള ഒരു ചെറിയ നടപടി ഈ മന്ത്രിസഭയുടെ കാലത്തു് ഉണ്ടായിട്ടുണ്ടു്. പ്രൈവുഡ് ഫാക്ടറിയിലേയ്ക്കു കാസൈൻ സപ്ലൈ ചെയ്യാനുള്ള കോൺട്രാക്ടു് കിട്ടാത്ത ടെൻഡറുകാരനായ ആദംഷായ്ക്കു് കൊടുക്കാതെ ഈ പത്രത്തിന്റെ ഉടമസ്ഥക്കു് കൊടുക്കുന്നതിനു നൽകിയിരിക്കയാണു്. ഈ കായ്ക്കുളിലെ ഓരോ ആർഡറിന്റെയും നമ്പരും തീയതിയും വച്ചു് പ്രസ്താവനകൾ ഇറക്കുമ്പോൾ ഈ രാജ്യത്തു് അഴിമതി ഒന്നുമില്ല, അഴിമതിയെപ്പറ്റി അന്വേഷിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു് എന്നു പറഞ്ഞു പീലാത്തോസിനെപ്പോലെ കൈകഴുകുകയാണോ വേണ്ടതെന്നു ഞാൻ ചോദിക്കുന്നു! ഈ ഗവണ്മെന്റിന്റെ അഴിമതികളെപ്പറ്റി ഞാൻ ചൂണ്ടിക്കാണിച്ചു പറഞ്ഞുകഴിഞ്ഞു. എനിക്കു് പിൻപു വരുന്ന പ്രസംഗകർ മറ്റു വശങ്ങളിലേയ്ക്കു കടന്നുകൊള്ളും. ഇവർ അധികാരത്തിൽ തുടരുന്നതു് ഈ രാജ്യത്തെ ജനങ്ങൾക്കു മാത്രമല്ല ഈ രാജ്യത്തിന്റെ മൗലികമായ താല്പര്യങ്ങൾക്കു തന്നെയും ഹാനികരമാണു്. ഇവർ അധികാരത്തിൽ തുടരാൻ അനുവദിക്കുന്നതു് ഭാവിതലമുറയോടു് ചെയ്യുന്ന ഒരു ദ്രോഹമാണു്.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മുമ്പിൽ നാം നിൽക്കുകയാണു്. കേരളപ്രവിശ്യയുടെ ആവിർഭാവം ജനഹൃദയങ്ങളിൽ സന്തോഷം നൽകുന്ന സന്ദർഭമാണിതു്. മുഖ്യമന്ത്രിക്കു് അദ്ദേഹത്തിന്റെ സ്ഥാനത്തെപ്പറ്റി മോഹമില്ലെന്നും പറയുകയുണ്ടായി. ഡെൽഹിയിൽ ഇരുന്നുകൊണ്ടു് സ്വകാര്യമായി ഓരോ മെംബറന്മാർക്കും കത്തുകൾ അയച്ചു് സ്ഥാനത്തിനു് ഒരു സുരക്ഷിതത്വം കിട്ടിയശേഷം മാത്രം ഇങ്ങോട്ടു തിരിക്കുന്ന ശ്രീ. പനമ്പിള്ളിക്കു് ചിലപ്പോൾ ഇവിടെ പറയാൻ പലതും ഉണ്ടാകും. ഇന്നലെ അരി കോൺട്രാക്ടറിനെപ്പറ്റി പറഞ്ഞ കായ്ക്കുൾ സപ്ലിമെന്ററിഗ്രാന്റു വന്നപ്പോൾ മാത്രമെ അറിഞ്ഞുള്ളു എന്നു് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം ഡെൽഹിയിൽനിന്നും പ്ലെയിനിൽ ഇറങ്ങിയപ്പോൾ എറണാകുളത്തെ പത്രപ്രതിനിധികൾ പി. എസ്സു്. പി-യിലെ സി.ജി. ജനാർദ്ദനൻ അരി കോൺട്രാക്ടറിനെപ്പറ്റി ഒരു പത്രപ്രസ്താവന ചെയ്തിട്ടുണ്ടെന്നു പറഞ്ഞതിനു് അങ്ങിനെ ഒക്കെ പറയുമെന്നാണു് അദ്ദേഹം പത്രപ്രതിനിധികളോടു പറഞ്ഞതു്, എന്നിട്ടു നിയമസഭയിൽ പറയുന്നതുവരെ അദ്ദേഹം അറിഞ്ഞില്ലെന്നാണു് പറയുന്നതു്. സത്യത്തോടു് അല്പമെങ്കിലും ബഹുമാനം വേണ്ടേ? നിങ്ങൾക്കു് സത്യത്തോടും ന്യായത്തോടും ബഹുമാനമില്ല. ഒരു രാജ്യത്തു് ഭരണാധികാരത്തിലിരിക്കുന്നവരുടെ ഇച്ഛയാണു് ആ രാജ്യത്തെ നിയമമെന്നു വരുന്നതു ജനാധിപത്യമല്ല. അതു് ഫാസിസമാണു്. ഈ രാജ്യത്തു് നീതിയും ന്യായവും നടത്തണമെന്നു ആഗ്രഹിക്കുന്ന ആളുകൾ മറുഭാഗത്തു് ഇരിക്കുന്ന നിങ്ങളും ശാന്തമായി ആലോചിക്കണം. ഈ രാജ്യത്തു് പഞ്ചവത്സരപദ്ധതിയെപ്പറ്റിയും കേരളസംസ്ഥാനത്തെപ്പറ്റിയും സംസാരിക്കുന്ന ഈ ഘട്ടത്തിൽ തമിഴ്നാട്ടു മെംബറന്മാരുടെ വോട്ടിന്റെ ബലത്തിൽ അധികാരത്തിലിരിക്കുന്ന ഇവരെ അധികാരത്തിൽ വച്ചിരുന്നാൽ പമ്പയാർ തിരുനെൽവേലിയിലേയ്ക്കും ചോലയാർ കിഴക്കോട്ടും ഒഴുകും. അധികാരത്തിലിരിക്കുന്നതിനുവേണ്ടി അങ്ങനെയൊരു കൂടിയാലോചന ഇല്ലെന്നു പറയും. അതേ അവസരത്തിൽ അവരുടെ വോട്ടിന

LIBRARY ARCHIVES Kerala Legislative Assembly

ളുടെ അടിസ്ഥനത്തിൽ നിന്നുകൊണ്ട് ഈ രാജ്യത്തെ വനവിഭവങ്ങളേയും നദീജലപദ്ധതികളേയും അപകടത്തിലാക്കിക്കൊണ്ടിരിക്കുന്ന ഇവരെ ഒരു നിമിഷംപോലും അധികാരത്തിലിരുത്താൻ പാടില്ല. മുഖ്യമന്ത്രിയുടെ മേൽ ചെളിവാരിയെറിയണമെന്നുള്ളതല്ല ഉദ്ദേശം. ഒരു കൂട്ടം ചെളിവാരിയെറിഞ്ഞാൽ അദ്ദേഹത്തിന്റെ തൊലിയിൽ ഏൽക്കുകയില്ലെന്നു അറിയാം. അദ്ദേഹത്തിന്റെ രാഷ്ട്രീയം ചെളിയിൽ ജനിച്ചു, ചെളിയിൽ വളർന്നു ചെളിയിൽ മുഴുകിയിട്ടുള്ളതാണു്. അല്പമെങ്കിലും ഒന്നു തുടച്ചുകളഞ്ഞു, അതിനപ്പുറത്തു് എന്താണു് ഇരിക്കുന്നതെന്നു് നോക്കണമെന്നു വിചാരിച്ചാണു് ഞങ്ങൾ ഇതു ചെയ്യുന്നതു്. ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. എല്ലാപേരും പ്രമേയത്തെ പിൻതാങ്ങണമെന്നു് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : പതിനഞ്ചോ പതിനാറോ പേരുകൾ തന്നിട്ടുണ്ടു്. അതിനാൽ ഒരാൾക്കു് പതിനഞ്ചു മിനിട്ടിൽ കൂടുതൽ സംസാരിക്കാൻ അനുവാദം തരുന്നതല്ല. ശ്രീ. ടി. വി. താമസിനേയും, ശ്രീ. താണുപിള്ളയേയും മാത്രം ഞാൻ ഇതിൽനിന്നു ഒഴിവാക്കുന്നു. 12 മണിയോടുകൂടി ചീഫ് മിനിസ്റ്ററെ പ്രസംഗത്തിനു ക്ഷണിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ: 15 മിനിട്ടു നിശ്ചയിക്കാതെ പാർട്ടിക്കു് സമയം വീതിക്കുന്നതാണു് നല്ലതെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

മി. സ്പീക്കർ : അങ്ങിനെ ചെയ്യാം.

ശ്രീ. ബേബി ജാൺ : സർ, സഖാവു ദിവാകരൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ചവറയിലെ തൊഴിലാളിവർഗ്ഗത്തെമാത്രം കേന്ദ്രീകരിച്ചുകൊണ്ടാണു് ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ചതെന്നു വരുത്താൻ മുഖ്യമന്ത്രിക്കു് ആഗ്രഹമുണ്ടു്. അതും ഒരു കാരണമാണു്. അതിനുപരിയായി പല കാരണങ്ങളും ഈ പ്രമേയം അവതരിപ്പിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടു്. വ്യക്തമായ ചില കാര്യങ്ങളും ഞങ്ങളെ അതിനു് പ്രേരിപ്പിച്ചു. സ്വജനപക്ഷപാതം, പ്രാദേശികത്വം, കൈക്കൂലി, അഴിമതി, ഭരണപരമായ കഴിവില്ലായ്മ തുടങ്ങിയ ആരോപണങ്ങളും ഈ മന്ത്രിസഭയുടെമേൽ കൊണ്ടുവരികയാണു്. ഞാൻ മാത്രമല്ല ഇങ്ങനെയുള്ള ആരോപണങ്ങളും കൊണ്ടുവന്നിരിക്കുന്നതു്. പല പത്രങ്ങളും ഈ രാജ്യത്തെ ജനങ്ങളും, കാൺഗ്രസ്സ്പാർട്ടി ഡെപ്യൂട്ടി ലീഡറും ഇങ്ങനെയുള്ള ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടു്. ആ ആരോപണങ്ങളെപ്പറ്റി മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുണ്ടു്. അദ്ദേഹം നടത്തിയിട്ടുള്ള നിയമനങ്ങളെപ്പറ്റിയാണു് ആരോപണങ്ങളും ഉണ്ടായിട്ടുള്ളതു്.

സർ, ശ്രീ. പനമ്പിള്ളിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എ. എം. എൻ. ചാക്യാരുടെ നിയമനവൈചിത്ര്യം നോക്കണം. 150–200 രൂപയിൽ സെക്രട്ടറിയേറ്റിൽ അദ്ദേഹം ഒരു സൂപ്രണ്ടായിരുന്നു. അദ്ദേഹത്തെ 275–375 രൂപ സ്കെയിലിൽ യൂണിവേഴ്സിറ്റി അസിസ്റ്റൻറ് രജിസ്ട്രാറായി ആദ്യം നിയമിച്ചു. ഈ സ്കെയിൽ പിന്നെ 350–450 രൂപയായി ഉയർത്തി. 1–4–1954 മുതൽ വണ്ടും അതു് 400–600 രൂപയായി ഉയർത്തി. ശ്രീ. എ. ജെ. ജാൺ, പട്ടം താണുപിള്ള എന്നിവർ മുഖ്യമന്ത്രിമാരായിരുന്ന കാലത്തു് ഈ 400–600 രൂപ സ്കെയിൽ പൂർവ്വകാലപ്രാബല്യത്തോടെ ഉയർത്തുന്നതിനെ നിഷേധിച്ചിട്ടുള്ളതാണു്. നമ്മുടെ മുഖ്യമന്ത്രി അവരുടെ ഉത്തരവുകളെ റദ്ദാക്കി സ്കെയിൽ വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജാൺ]

70–150 രൂപയിൽ റവന്യൂവകുപ്പിലിരുന്ന കെ. ആർ. വേലായുധൻ നായരെ 200–300 രൂപ സ്കെയിലിൽ കൊട്ടാരക്കര ബ്ലാക്കു് അസിസ്റ്റൻറ് ആഫീസറായി നിയമിച്ചു. എക്സൈസു് വകുപ്പിൽനിന്നും ഒരു സി. കൃഷ്ണവായ്യരെ മറ്റു പലരുടെയും തലയ്ക്കുമുകളിൽ സിവിൽ സപ്ലൈസു് വകുപ്പിൽ 200–300 രൂപ സ്കെയിലിൽ നിയമിച്ചു.

450–750 രൂപയിലുള്ള ഒരു ജൂനിയറുദ്യോഗസ്ഥനായ ശ്രീ. കെ. നാരായണമേനോനെ കയർ ബോർഡിൻെറ ചെയർമാനായി നിയമിച്ചു. മുഖ്യമന്ത്രി പറഞ്ഞതുപോലും കേന്ദ്രഗവണ്മെൻറാണു് ആ നിയമനം നടത്തിയതെന്നു്. സെക്രട്ടറിയേറ്റിൽ ഇങ്ങനെ ഒരാൾ, കയറിനെക്കുറിച്ചു് വളരെ അറിവുള്ള ഒരാൾ, ഇരിപ്പുണ്ടെന്നു് കേന്ദ്രഗവണ്മെൻറ് എങ്ങനെയാണു് മനസ്സിലാക്കിയതു്? അദ്ദേഹത്തോടു ഒരു പ്രത്യേകത കാണിച്ചിട്ടുണ്ടു്. ഈ നാരായണമേനോനെ അഡീഷണൽ ഡവലപ്പുമെൻറ് സെക്രട്ടറിയായി നിയമിച്ചതു് ജോലിക്കുട്ടരുടെ കൊണ്ടാണെന്നു് പറഞ്ഞിരുന്നു. ആ സ്ഥാനം ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണു്. ജോലിക്കുട്ടരുടെ ഉണ്ടായിരുന്നെങ്കിൽ ആ സ്ഥാനത്തു് വേറെ നിയമനം നടത്തുകയില്ലായിരുന്നോ?

150 രൂപ ശമ്പളം വാങ്ങിയിരുന്ന ഒരു എൻ. ശങ്കരമേനോനെ 225–275 രൂപയിൽ ഡെവലപ്പുമെൻറ് ആഫീസറായി നിയമിച്ചു. അതു് 250–450 രൂപയായി ഉയർത്താൻ പോകുന്നതായി അറിയുന്നു. 275–325 രൂപ സ്കെയിലുള്ള അസിസ്റ്റൻറ് കാളനൈസേഷൻ ആഫീസർ മി. സി. കുമാരമേനോനെ 500–800 രൂപയിൽ കാളനൈസേഷൻ ആഫീസറുടെ സ്ഥാനത്തു നിയോഗിച്ചു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: എല്ലാം മേനവന്മാരാണോ?

ശ്രീ. ബേബി ജാൺ: തൃശ്ശൂർ മൃഗസിയത്തിൽ 80–125 രൂപ സ്കെയിലിൽ ഹെഡ് ക്ലാർക്കായിരുന്ന ഭാസ്കരമേനോനു് 175–275 രൂപ സ്കെയിലിൽ വിൽപ്പനനികുതി വകുപ്പിൽ ലീൻ അനുവദിച്ചു.

തിരുവിതാംകൂർ ഭാഗത്തെ നിരവധി ഗ്രാഡുവേറ്റ് ജീവനക്കാരുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ടു് 30–75 രൂപ സ്കെയിലിൽ റവന്യൂ ഡിപ്പാർട്ടുമെൻറിലുള്ള ഒരു ക്ലാർക്കു് പനമ്പിള്ളി രാമൻമേനോനെ പഞ്ചായത്തു് ഇൻസ്പെക്ടറായി നിയമിച്ചിട്ടുണ്ടു്. ഇൻഷ്വറൻസു വകുപ്പിൽ മി. രാമൻമേനോനെ അസിസ്റ്റൻറ് ലീഗൽ അഡൈ്വസറായി നിയമിച്ചു. മുഖ്യമന്ത്രിയുടെ രണ്ടാമത്തെ മകളുടെ ഭർത്താവാകാൻ പോകുന്ന ആളിൻെറ ബന്ധുവാണു് ഇദ്ദേഹം. അതിൻെറ കഥകൾ സഖാവു് ദിവാകരൻ പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എം. കോര ആരോപണങ്ങൾ ഉന്നയിച്ചതായി പത്രങ്ങളിൽ കണ്ടതാണു്. അതിനു് എതിരായി മുഖ്യമന്ത്രി ഒരു പത്രപ്രസ്താവനപോലും നൽകിയിട്ടില്ല. ഇന്നലെ മുഖ്യമന്ത്രി തിരുവനന്തപുരത്തിൽ പറഞ്ഞു ആർ. എസ്സു്. പി. ക്കാർ സ്ലാൻഡറിംഗു് നടത്തുകയാണെന്നു്. അദ്ദേഹത്തിൻെറ വീട്ടിൽ താമസിക്കുന്ന ഖദർധാരി എം. എൽ. എ-മാർ ഈ വാർത്തകളുടെ പരിസരങ്ങളിൽനിന്നു പറയുന്നുണ്ടു് കോരച്ചനെ വഹിച്ചെടുത്തെന്നു്. കോരച്ചൻെറ മകളുടെ ഭർത്താവിനു് ജന്മിയുദ്യോഗം കൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് പറയുന്നത്. മറ്റു ചിലർ ശ്രീ. ടി. എം. വറുഗീസിനെ മുഖ്യ മന്ത്രിയാക്കാൻ ചെയ്തിട്ടുള്ള ആരോപണങ്ങളും ആണ് അതെല്ലാമെന്നു പറയുന്നുണ്ട്. അതേ സമയത്തു് മുഖ്യമന്ത്രി ആ ആരോപണങ്ങൾക്കു് വ്യക്തമായ മറുപടി നൽകിയോ ? ഒന്നുകിൽ ശ്രീ. കെ. എം. കോര പറഞ്ഞതു് കളവാണെന്നു് പറയണം. അല്ലെങ്കിൽ ശ്രീ. കോര അങ്ങനെ ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ലെന്നു പറയണം.

കാപ്പുറേഷനിൽ അടുത്തകാലത്തു് നടന്ന ഒരു സംഭവം നോക്കുക. ശ്രീ. കമ്പളത്തു ശങ്കുപ്പിള്ള ഈ കാര്യത്തെ സംബന്ധിച്ചു് ഒരു പ്രസ്താവന നടത്തിയിട്ടുണ്ടു്. കാപ്പുറേഷൻ കമ്മീഷണരുടെ നിയമനത്തെപ്പറ്റി ക്യാബിനറ്റിന്റെ തീരുമാനം പത്രങ്ങളിൽവന്നു. 24 മണിക്കൂർ കഴിയുന്നതിനു മുൻപു് ആ തീരുമാനം റദ്ദാക്കി. ഈ ലോകത്തു് വേറെ ഏതിടത്തെയെങ്കിലും ഉണ്ടോ സർ ഇത്തരം അന്യായം ? ലക്ഷംലഭാനമില്ലാതെ, ഭരണകാര്യങ്ങളിൽ സാമാന്യമര്യാദപോലും പാലിക്കാതെ മുഖ്യമന്ത്രി ഈ രീതി തുടരുകയാണു്. അദ്ദേഹം പലപ്പോഴും പ്രസംഗിക്കാറുണ്ടു് അഴിമതിനിരോധനത്തെപ്പറ്റി. ബഹുമാനപ്പെട്ട ശ്രീ. പട്ടംതാണുപിള്ള മുൻപൊരവസരത്തിൽ പറഞ്ഞപോലെ അഴിമതിക്കാരെന്നുപറയുന്ന ചില ഉദ്യോഗസ്ഥന്മാരെ സസ്പെൻഡു ചെയ്തു. അഴിമതിനിരോധനം കാര്യക്ഷമമായി നടത്താൻ പി. എസ്സു്. പി. ഗവണ്മെൻറു വിഭാവനം ചെയ്ത ഒരു ബിൽ ഇവിടെ ഉണ്ടു്. ആ ബില്ലിന്റെ പരിധിയിൽ മന്ത്രിമാർ മുതൽ എം. എൽ. എ. മാരടക്കം അഴിമതിക്കു വിധേയരാകുന്നവരെല്ലാം ഉൾപ്പെട്ടമായിരുന്നു. അഴിമതി നിരോധിക്കുമെന്നു് ഇന്നത്തെ ഭരണാധികാരികൾക്കു് ആത്മാർത്ഥമായ വിചാരമുണ്ടായിരുന്നെങ്കിൽ ആ ബിൽ ഇവിടെ അവതരിപ്പിച്ചു പാസ്സാക്കുമായിരുന്നില്ലെ ? ഇന്നു് ആ ബില്ലിന്റെ സ്ഥിതി എന്താണു് സർ ? അഴിമതിനിരോധനത്തിനു് ഒരു വകുപ്പു് സ്വതന്ത്രമായി വിട്ടുകൊടുക്കുന്നപക്ഷം, അഴിമതിക്കു് ആദ്യമായി കൈവിലങ്ങു വയ്ക്കേണ്ടതു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെത്തന്നെ ആയിരിക്കുമെന്നദ്ദേഹത്തിനറിയാം. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു് അഴിമതിനിരോധനശ്രമം നടത്തുന്നുവെന്ന ഒരു പ്രഹസനമാണു നടത്തുന്നതു്. തീർച്ചയായും കാര്യക്ഷമമായി അഴിമതി നിരോധിക്കാനാണെങ്കിൽ അദ്ദേഹം എന്തുകൊണ്ടു് ആ ബിൽ നടപ്പിൽ വരുത്തി ഒരു സ്വതന്ത്രഭരണത്തിനു വിട്ടുകൊടുക്കുന്നില്ല? അതുപോലെതന്നെ ടാൻസ്റ്റോട്ട് കുഞ്ഞുകോണം വളരെയധികം കേട്ടുകഴിഞ്ഞ ഒരു ആരോപണമാണു്. മറുപടി പറഞ്ഞതുകൊണ്ടിരിക്കുകയുണ്ടായി, അതു അഴിമതിനിരോധനവകുപ്പിലേയ്ക്കു് അയച്ചിരിക്കുകയാണെന്നു്. ഫാദർ കുഞ്ഞുകോണവും വളരെയധികം നാം കേട്ടിട്ടുണ്ടു്. ആ ഉദ്യോഗസ്ഥന്റെ പേരിൽ വ്യക്തമായ ആരോപണം അഴിമതിനിരോധനവകുപ്പിലേയ്ക്കു് അയച്ചിട്ടുണ്ടെന്നു പത്രങ്ങളിൽനിന്നും മനസ്സിലാകുന്നു. ആ ഉദ്യോഗസ്ഥനെ ശിക്ഷിച്ചിട്ടില്ല. സ്റ്റാറ്റാൻസ്റ്റോർട്ട് കുഞ്ഞുകോണം ഇതുവരെ അന്വേഷിച്ചു നടപടി നടത്തിയിട്ടുള്ളതായി അറിയുന്നില്ല. കാരണം അന്വേഷണംനടത്തി ന്യായമായ ശിക്ഷനൽകിയാൽ വോട്ടു മുന്നാലു നഷ്ടപ്പെടും; അധികാരസ്ഥാനം ദൂരത്തെറിക്കും. ശ്രീ. പനമ്പിള്ളക്കു മുഖ്യമന്ത്രിയായി തുടരാൻ സാധിക്കുകയില്ല. ജീവിതത്തിൽ ഇതുമാത്രം ഒരു വ്രതമായി, തനിക്കു മുഖ്യമന്ത്രിയായിരിക്കണമെന്നും രാജ്യം ഭരിക്കണമെന്നും വ്യക്തമായ മോഹം ഉണ്ടായിരിക്കുമ്പോൾ ഇപ്രകാരം അന്വേഷണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജാൺ]

ങ്ങളും ശിക്ഷണക്രമങ്ങളും തുടർന്നാൽ എങ്ങനെയാണു് ? അദ്ദേഹം ഇന്നലെ ഇവിടെ പ്രസംഗിച്ചു ആർ. എസ്സ്. പി. വിഷൂചിക പിടിച്ചു ഒരു രക്ത സാക്ഷിയാകാൻ തയ്യാറാണെന്നു്. അങ്ങനെ ആരും അദ്ദേഹത്തെ ഒരു രക്തസാക്ഷിയാക്കാൻ വിചാരിക്കുന്നില്ല. സർ, വാസവദത്തയെ ആരെങ്കിലും ഒരു രക്തസാക്ഷിയായി കണക്കാക്കുന്നുണ്ടോ ? അപഥത്തിൽ സഞ്ചരിച്ചു് അവസാനകാലത്തു് കയ്യും കാലും ഛേദിക്കപ്പെട്ട ചുടുകാട്ടിൽ തള്ളപ്പെട്ട വാസവദത്തയെ ആരാണു സർ, രക്തസാക്ഷിയായി കണക്കാക്കുക ? ശ്രീ. പനമ്പിള്ളി ഒരു രാഷ്ട്രീയവാസവദത്തയാണു സർ. അങ്ങനെ ഒരു രക്തസാക്ഷിത്തം ആഗ്രഹിക്കുന്നുവെങ്കിൽ അതിനു വിരോധമില്ല.

സർ, അതുപോലെതന്നെ മറെറാരു നാരായണമേനവനെയുംപററി എനിക്കു പറയാനുണ്ടു്. ഇവയ്ടെ ഫിനാൻസു സെക്ഷനിൽ ഒരു പുതിയ ഉദ്യോഗം സംസൃഷ്ടിച്ചു. ശ്രീ. നാരായണമേനവനെ ഐ. എ. എസ്സ്. കേഡറിലേക്കു് ഉയർത്താനായിരുന്ന ഈ പുതിയ ഉദ്യോഗം സൃഷ്ടിച്ചതു്. ആദ്യം ഫിനാൻസുസെക്രട്ടറി നോട്ടിടാൻ വിസമ്മതിച്ചു. പക്ഷേ ആ നിയമനം നടത്തുകതന്നെ ചെയ്തു. അഡീഷണൽ ഫിനാൻസു സെക്രട്ടറിയായിട്ടാണു നിയമിച്ചതു്.

പി. എസ്സ്. പി. ഗവണ്മെൻറിന്റെ കാലത്തു നടപ്പിലാക്കിയ ശമ്പളപരിഷ്ക്കാരത്തിലുള്ള കഴപ്പുങ്ങൾ പരിഹരിക്കുന്നതിനായി ഈ മന്ത്രിസഭ ഒരു പേക്കമ്മീഷനെ നിയമിച്ചു. രണ്ടുമാസംകഴിഞ്ഞു ആ കമ്മീഷന്റെ റിപ്പോർട്ടു വന്നിട്ടു്. എന്തു നടപടി അതിന്മേൽ സ്വീകരിച്ചുവെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പേകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്ക്കാരം നടപ്പിൽ വരുത്തുന്നതിനുമുൻപു വ്യഗ്രതയോടുകൂടി മറെറചില കായ്യങ്ങൾ നടത്തുന്നു. ഉദ്യോഗസ്ഥന്മാക്കു ശമ്പളം കൂട്ടലാണെന്ന ഒരു പരാതിയുണ്ടായിരിക്കുമെന്നതുകൊണ്ടു ചില 'വേലുണ്ണി'പ്രേമം കാണിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അങ്ങനെ പെട്ടെന്നു ശമ്പളം കൂട്ടിക്കൊടുക്കാൻ ശ്രീ. പനമ്പിള്ളിക്കു ഈ ഭ്രാതോദയം എങ്ങനെയുണ്ടായി ? ബൈബിൾ, ഭാഗവതം, നാരായണീയം മുതലായവ പാരായണംചെയ്തു് ചിലക്കു ചില ഭ്രാതോദയമുണ്ടായിട്ടുള്ളതായി കേട്ടിട്ടുണ്ടു്. അങ്ങനെ വല്ല ഭ്രാതോദയവും ഇദ്ദേഹത്തിനുണ്ടായതായിരിക്കുമോ ? ശ്രീ. ജി. മാധവനും ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു കേട്ടു. എന്തെല്ലാം പ്രയാസങ്ങളും, രാഷ്ട്രീയസമ്മർദ്ദങ്ങളും ഈ കായ്ത്തിലുണ്ടായിട്ടുണ്ടു് ? അങ്ങനെ രാഷ്ട്രീയസമ്മർദ്ദം ചെലുത്താൻ ആളോ സമുദായമൊ സ്വാധീനത്തിലില്ലാത്ത ശ്രീ. ബിജിലി സാഹിബ്പിനെപ്പോലെയുള്ള ചില ഉദ്യോഗസ്ഥന്മാർ സീനിയാറിട്ടിക്കുപോലും ന്യായമായ അംഗീകാരം ലഭിക്കാതെ കഴിയുകയാണു്. ഒരു മി. ബി. ഡി. തൊമ്മനെ ബിജിലിസാഹിബ്പിന്റെ തലയ്ക്കുമുകളിൽ കയറിവച്ചിട്ടുണ്ടെന്നു പറയുന്നു. സർ, ഇദ്ദേഹത്തിനു മനസ്സാക്ഷിയുണ്ടോ, മനുഷ്യത്വമുണ്ടോ ?

ഇവിടെ ഭ്രനയപരിഷ്ക്കാരം ഉണ്ടാകാൻപോകുന്നതായി പ്രസംഗിക്കുമായിരുന്നു. പല ഭ്രനയബില്ലുകളും ഇവിടെ പാസ്സാക്കപ്പെട്ടുമെന്നാണു വിചാരിച്ചിരുന്നതു്. പി. എസ്സ്. പി. ഗവണ്മെൻറു് ഇവിടെ ഒരു ഭ്രനയബിൽ കൊണ്ടുവന്നു. എന്തെല്ലാം പോരായ്മകൾ ഉണ്ടായിരുന്നാലും ഞങ്ങൾ ആ ബില്ലിന്റെ അടിസ്ഥാനതത്വങ്ങളോടു യോജിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. അന്നു ഭൂനയബില്ലുകൾ അവതരിപ്പിച്ചതായിരുന്നു ശ്രീ. പട്ടം താണുപിള്ളയുടെ മന്ത്രിസഭയ്ക്കുണ്ടായ പരാജയം. ഇവരാകട്ടെ, പുതിയ ബില്ലുകൾ കൊണ്ടുവരുമെന്നു പറഞ്ഞു കാലം നീട്ടുകയാണു്. എങ്ങനെയെങ്കിലും കാലതാമസം ഉണ്ടാക്കണമെന്നുള്ളതല്ലാതെ ഇവക്കു് ഉദ്ദേശമൊന്നുമില്ല. ഭൂനയബില്ലുകളുടെ അവതരണത്തോടുകൂടി ശ്രീ. പട്ടത്തെ കുതികാൽവെട്ടി മറിച്ചിടുകയായിരുന്നു ഇവർ ചെയ്തതു്. ഭൂനയത്തെ സംബന്ധിച്ചു് ഇവർ പലടത്തും വ്യക്തമായ പ്രസംഗങ്ങൾ നടത്തുന്നുണ്ടു്. മുഖ്യമന്ത്രിക്കാണെങ്കിൽ, അദ്ദേഹത്തിന്റെ കക്ഷിയോടുപോലും കൂറില്ല. ഒരുകാലത്തു് ഇവർ അധികാരത്തിൽനിന്നും രാജിവച്ചു ഇറങ്ങിപ്പോയവരല്ലേ? സർ.

വ്യവസായവൽക്കരണത്തെപ്പറ്റിയും, പ്രൈവറ്റ സെക്ടറിനെപ്പറ്റിയും അദ്ദേഹം വളരെ പ്രസംഗിക്കാറുണ്ടു്. ഒരു ഗ്യാസ്ഫാക്ടറിയും സ്റ്റീക്കോസു ഫാക്ടറിയും ഇവിടെ ആരംഭിക്കുമെന്നു മുൻപു പ്രസംഗങ്ങൾ വഴിനാം കേട്ടിരുന്നു. അങ്ങനെ ഫാക്ടറികൾ ഇവിടെ ഉണ്ടാകാൻ പോകുന്നില്ലെന്നു വ്യക്തമായി പറയാൻ സാധിക്കും. പ്രൈവറ്റ സെക്ടർ വികസനപദ്ധതിയിൽ വെസ്റ്റ്കോസ്റ്റ് ഫിഷറിയും, സ്റ്റെൽപോം ഫാക്ടറിയും നടപ്പിലാക്കിയിട്ടുണ്ടു്. ഇന്നാമൽ ഫാക്ടറിക്കു ഇരുപതിനായിരം രൂപ കൊടുത്തു. സ്റ്റെൽപോം ഫാക്ടറിയിൽ ഒരു മാധവൻനായരുണ്ടു്. ആ മാധവൻനായക്കു ഇപ്പോൾ ഇന്നാമൽ ഫാക്ടറിയുടെ മാനേജ്മെന്റ കൂടി കൊടുത്തിരിക്കുകയാണു്. ഈ മാധവൻനായരോടു ഇത്രവലിയ ബന്ധം എന്താണു്? ഇങ്ങനെയുള്ള കാര്യങ്ങൾ ചോദിക്കുമ്പോൾ മന്ത്രി ഗീർവ്വാണപ്രസംഗങ്ങൾ നടത്തി വസ്തുതകൾ മറയ്ക്കാൻ ശ്രമിക്കുകയാണു്. നല്ല നാക്കുണ്ടായാൽ, പ്രസംഗിക്കാൻ കഴിവുണ്ടായാൽ നല്ല ഭരണാധികാരി ആകയില്ല. ഈ രാജ്യത്തിനുവേണ്ടി ഈ മന്ത്രിസഭ, എന്തു സംഭാവനയാണു സർ ചെയ്തതു്? തൊഴിലില്ലായ്മയ്ക്കു എന്തെങ്കിലും പരിഹാരം ഉണ്ടായിട്ടുണ്ടോ? രാജ്യത്തെ ധാർമ്മികബോധം വളർന്നിട്ടുണ്ടോ? രാഷ്ട്രീയ പ്രബുദ്ധതയിൽ ജനങ്ങൾ ഉയർന്നിട്ടുണ്ടോ? ഒരിക്കലും മായാത്ത കറുത്ത അദ്ധ്യായം തിരുവിതാംകൂർ-കൊച്ചിയുടെ രാഷ്ട്രീയ ചരിത്രത്തിൽ എഴുതിച്ചേർക്കുകയല്ലാതെ രാജ്യവാസികൾക്കു സന്തോഷപൂരസ്സരം ഓർമ്മിക്കാൻ എന്തെങ്കിലും സംഭാവന ഇവർ നൽകിയിട്ടുണ്ടോ?

ഇന്നത്തെ മുഖ്യമന്ത്രി ഭരണഭാരം ഏറ്റെടുത്തപ്പോൾ, അതു് രാജ്യത്തിനു് ആപത്താണെന്നു് അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ഡാക്ടർ എ. ആർ. മേനോൻ പ്രസംഗിക്കുകയുണ്ടായി. ആ അത്യാപത്തു് ഇന്നു നാം നേരിടുകയാണു് സർ. കേരളസംസ്ഥാനം രൂപമെടുക്കാൻപോകുന്ന ഈ അവസരത്തിൽ ഇദ്ദേഹം ആ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരിക്കുകയാണെങ്കിൽ അതു രാജ്യത്തിന്റെ വിധിവൈപരീത്യംമാത്രമായിരിക്കും. എനിക്കു അവസാനമായി ബഹുമാനപ്പെട്ട ഈ സഭയോടു അഭ്യർത്ഥിക്കുവാനുള്ളതു്, വിശേഷിച്ചു കോൺഗ്രസ്സുപാർട്ടിയിലെ സ്നേഹിതന്മാരോടു അപേക്ഷിക്കുവാനുള്ളതു്, നിങ്ങൾക്കു നിങ്ങളെത്തന്നെ സ്നേഹമുണ്ടെങ്കിൽ ഈ രാജ്യത്തോടും, ജനങ്ങളോടും സ്നേഹമുണ്ടെങ്കിൽ, ഭാവിതലമുറകളോടു് സ്നേഹമുണ്ടെങ്കിൽ, ഭരണശേഷിയില്ലാത്ത, സത്യസന്ധതയില്ലാത്ത, രാജ്യസ്നേഹമില്ലാത്ത ഈ മുഖ്യമന്ത്രിയുടെയും അദ്ദേഹം നേതൃത്വം നൽകുന്ന മന്ത്രിസഭയുടെയും പേരിൽ അവിശ്വാസം രേഖപ്പെടുത്തി ഈ പ്രമേയത്തെ വിജയിപ്പിക്കണമെന്നു മാത്രമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സർ, ബഹുമാനപ്പെട്ട കൊല്ലം മെംബർ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. വളരെ ഗുരുതരമായ സംഹചയ്ങ്ങളിൽമാത്രം അവതരിപ്പിക്കപ്പെടുന്ന ഒരു പ്രമേയമാണ് അവിശ്വാസപ്രമേയം. അസാധാരണമായ സ്ഥിതിഗതികളിലല്ലാതെ, സുചിന്തിതമായി ആലോചിച്ചതിനുശേഷമല്ലാതെ, ഒരു വ്യക്തിക്കോ, ഒരു പാർട്ടിക്കോ ഈ മാതിരിയുള്ള ഒരു പ്രമേയത്തെ പിൻതാങ്ങുന്നതിനോ, അനുകൂലിക്കുന്നതിനോ സാദ്ധ്യമല്ല. ഇതു പാസ്സാകുകയാണെങ്കിൽ, ഈ രാജ്യത്തു അടിക്കടിരാജ്യമായി ഉണ്ടാകാവുന്ന സ്ഥിതിഗതികളെയും, സാഹചയ്ങ്ങളെയും, ഭാവിഫലങ്ങളെയും പറ്റിയുള്ള ബോധത്തോടുകൂടി മാത്രമെ ഈ മാതിരിയുള്ള ഒരു പ്രമേയത്തെ ഉത്തരവാദിത്വമുള്ള ഒരു പാർട്ടിക്കു പിൻതാങ്ങുവാൻ സാദ്ധ്യമാകയുള്ളൂ. അങ്ങനെ സുചിന്തിതമായി ആലോചിച്ചതിനുശേഷമാണ് ഞാനും എന്റെ പാർട്ടിയും ഇതിനെ പിൻതാങ്ങുവാൻ തീരുമാനിച്ചതു്.

സർ, ഈ അവസരത്തിൽ എന്റെ സ്മരണമണ്ഡലത്തിൽ മറ്റൊരു സംഭവം ഉയർന്നുവരുന്നു. ഇന്നു അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സു മന്ത്രിസഭ അധികാരത്തിൽ കയറാൻ സാഹചയ്ം സൃഷ്ടിച്ച അവിശ്വാസപ്രമേയത്തെയും, അതിനെ അവർ പിൻതാങ്ങിയരീതിയെയുംപറ്റി അല്പം ചിലതു് പറയാൻ ഞാൻ നിർബ്ബന്ധിതനായിത്തീരുകയാണ്. ഞങ്ങളുടെ പാർട്ടി നേരിട്ടു അവതരിപ്പിക്കാത്തതായ ഒരു പ്രമേയത്തെ പിൻതാങ്ങുമ്പോൾ, ന്യായമായ ചില കാരണങ്ങളെങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഞങ്ങൾക്കു അതിനെ പിൻതാങ്ങാൻ സാധിക്കുകയുള്ളൂ. ഏതൊരു കാരത്താൽ ഈ പ്രമേയം അവതരിപ്പിച്ചുവോ, അതേകാരണത്താൽത്തന്നെ ഞങ്ങൾപിൻതാങ്ങുന്നുവെന്നുമല്ലാതെ, മറ്റേതെങ്കിലും ഒരുദ്ദേശപരമായ കാരണങ്ങളാൽ പിൻതാങ്ങിക്കൊണ്ടു് അധികാരത്തിലേയ്ക്കു കയറാൻ ഉദ്ദേശിച്ചല്ല ഞങ്ങൾ ഈ പ്രമേയത്തെ പിൻതാങ്ങുന്നതെന്നു സുഷ്ഠമാക്കാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ ടി. എസ്സ്. രാമസ്വാമി, പി. എസ്സ്. പി. മന്ത്രിസഭയുടെ പേരിൽ ഒരു അവിശ്വാസപ്രമേയം ഹാജരാക്കപ്പെടുകയുണ്ടായി. അന്നു ശ്രീ. ടി. എസ്സ്. രാമസ്വാമിയുടെ അവിശ്വാസപ്രമേയത്തെ ഏതൊരു കാരണത്താൽ തമിഴ്നാട്ടുമെംബറന്മാരും മറ്റും അനുകൂലിച്ചുവോ, അതിനുവിരുദ്ധമായ കാരണങ്ങളാലാണ് കോൺഗ്രസ്സു് അതിനെ അനുകൂലിച്ചതു്. അധികാരമോഹം മാത്രമാണവരെ പ്രേരിപ്പിച്ചതു്. തമിഴ്നാട്ടുസംഭവത്തിന്റെ കുറവാളികൾകൂടിയായിരുന്നു കോൺഗ്രസ്സു്. അങ്ങനെയൊരു സാഹചയ്ത്തിൽ അല്ല, അധികാരത്തിലേയ്ക്കു വലിഞ്ഞുകയറാമെന്നുള്ള മോഹംകൊണ്ടല്ല ഞങ്ങൾ ഇന്നു ഈ പ്രമേയത്തെ പിൻതാങ്ങുന്നതു്.

സർ, ഇപ്പോഴത്തെ മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ അധികാരാവരോഹണകാലത്തു മോണം തുടങ്ങിയതു് എഴുത്തുകുത്തു അയച്ചുകൊണ്ടായിരുന്നു. താൻ എല്ലാകക്ഷിതാല്പര്യത്തിനുമീതെ, പാർട്ടിതാല്പര്യത്തിനുമീതെ അതീതനാണെന്നും, ജനാധിപത്യത്തിന്റെ കാവൽഭടനാണെന്നും, എല്ലാ മെംബറന്മാരെയും സമചിത്തതയോടും, സമഭാവനയോടും വീക്ഷിക്കാൻ താൻ തയാറാണെന്നുമുള്ള ഭാവത്തിലാണ് അദ്ദേഹം ഭരണഭാരം കൈയേറ്റതു്. ന്യായമായി വളരെയൊന്നും പ്രതീക്ഷിക്കാൻ അവകാശം ഇല്ലെങ്കിൽത്തന്നെയും, അദ്ദേഹത്തിൽനിന്നു് ജനാധിപത്യത്തെ ബഹുമാനിക്കുന്നതിൽ മുമ്പത്തേക്കാൾ ഭിന്നമായി എന്തോ ഒന്നു സംഭവിക്കാൻ പോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നൊരു മിഥ്യ, ഒരു തെറ്റിദ്ധാരണ ഞങ്ങൾക്കു് ആദ്യമായുണ്ടായി. ഒരുപക്ഷേ ഞങ്ങളെ ആളുകൾ വിഡ്ഢികൾ എന്നു പറഞ്ഞേയ്ക്കും. ഞങ്ങൾക്കു് അങ്ങനെയൊരു വിഡ്ഢിത്തരം പറ്റി. സർ, അദ്ദേഹം ആ കത്തുകൾവഴി പല അവകാശവാദങ്ങളും ഉന്നയിക്കുകയുണ്ടായി; രണ്ടാംപഞ്ചവത്സരപദ്ധതിയാണു് തന്റെ ഭരണകാലത്തു താൻ ഏറ്റവും വലിയ ലക്ഷ്യമായി കരുതുന്നതെന്നും, പഞ്ചവത്സരപദ്ധതി പൂർത്തിയാക്കുന്നതോടുകൂടി, അതിന്റെ സിദ്ധാവല്ക്കരണത്തോടുകൂടി ഈ രാജ്യത്തെ ഭാവിഭാഗധേയങ്ങൾ കായ്മയായി പുരോഗമിക്കാൻപോകുന്നുവെന്നും ഒരു ധാരണയുണ്ടാക്കാൻവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യാൻ താൻ ഒരുക്കമാണെന്നും ഉള്ള ഒരു പ്രതീതി ആ കത്തുകളിൽ നിഴലിച്ചിരുന്നു. ഞങ്ങൾ വളരെ സൂക്ഷ്മമായി അദ്ദേഹത്തിന്റെ ഭരണത്തെ അന്നുമുതൽ ഇന്നുവരെ സൂക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം എഴുതിയ എഴുത്തുകളിലോ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലോ അല്പമെങ്കിലും സത്യസന്ധതയോ ആത്മാർത്ഥതയോ ഇല്ലായിരുന്നുവെന്നു് പിന്നീടു് ഞങ്ങൾക്കു ബോദ്ധ്യമായി. ആ എഴുത്തു് എഴുതുകയെന്ന സമ്പ്രദായം കുറഞ്ഞകാലത്തിനുള്ളിൽ നിറുത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് എന്താണെന്നതു കായ്മം ആലോചിക്കുന്നതു് നന്നായിരിക്കും. അധികാരത്തിലിരിക്കുവാൻ എതു തരത്തിലുള്ള നീചത്വവും കാണിക്കാൻ യാതൊരു മടിയുമില്ലാത്ത ഒരു സമ്പ്രദായമാണു് അന്നുമുതൽ ഇന്നുവരെ ജനാധിപത്യാവകാശങ്ങളോടും, സാമാന്യ മര്യാദകളോടും കാണിച്ചിട്ടുള്ളതെന്നു് ഏതാനും ചില ഉദാഹരണങ്ങൾകൊണ്ടു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

സർ, ഈ രാജ്യത്തു നടത്തിയ പോലീസു് അഴിമതിക്കെ സംബന്ധിച്ചിടത്തോളം ഒരേതരത്തിലുള്ള രണ്ടു പ്രമേയങ്ങൾ രണ്ടു ഭിന്നപാർട്ടിയിൽപെട്ട അംഗങ്ങൾ ഈ നിയമസഭയിൽ ഒരേദിവസംതന്നെ അവതരിപ്പിക്കുകയുണ്ടായി എന്നു എല്ലാവർക്കുമറിയാം. ഡാക്ടർ സുകുമാരൻ, ഈ രാജ്യത്തു നാനൂറോളമിടങ്ങളിൽ നടന്നിട്ടുള്ള പോലീസു് അഴിമതികളെപ്പറ്റി ഒരു പരസ്യാന്വേഷണം നടത്തണമെന്നു കാണിച്ചു് അയച്ചതായിരുന്നു ഒരു പ്രമേയം. മറ്റൊന്നു്, ശ്രീ. വില്യം തമിഴ്നാട്ടിൽ പോലീസു് നടത്തിയ അഴിമതികളെപ്പറ്റി ഒരു പരസ്യാന്വേഷണം നടത്തണമെന്നു കാണിച്ചു് അയച്ച പ്രമേയമായിരുന്നു. ഈ രണ്ടു പ്രമേയങ്ങളും ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു ഗവണ്മെന്റു് വീക്ഷിക്കേണ്ടതു് രണ്ടു മനോഭാവത്തോടുകൂടിയാണോ എന്നു നാം ആലോചിക്കണം. ജനാധിപത്യത്തിന്റെ മനഃസ്ഥിതിയല്ല, മഴലികാവകാശങ്ങൾക്കു ദിവ്യത്വവും അലംഘനീയത്വവും കല്പിക്കുന്ന രീതിയല്ല ഈ കായ്മത്തിൽ കാണിച്ചതു്. നേരെമറിച്ചു് അധികാരത്തിൽ ഇരിക്കാനുള്ള മോഹമാണു് മുഖ്യമന്ത്രി ഈ രണ്ടു പ്രമേയങ്ങളെ സംബന്ധിച്ചു് അവലംബിച്ച നയത്തിൽ നിഴലിച്ച മനോഭാവം. ഈ പ്രമേയം പാസ്സായാലും ശരി ഇല്ലെങ്കിലും ശരി അപ്പുറത്തിരിക്കുന്ന കാൺഗ്രസ്സുപാർട്ടിയിലെ മെംബറന്മാരുടെ ഹൃദയങ്ങളിൽ ആത്മാർത്ഥതയുടെ ഒരു നിഴൽ വീശുമെങ്കിലും സാധിക്കുമെങ്കിൽ; അവരുടെ നല്ല വികാരങ്ങളെ ചലിപ്പിക്കാൻ ഞങ്ങൾക്കു കഴിയുമെങ്കിൽ അതുകൊണ്ടു ഞങ്ങൾ കൃതാർത്ഥരാകുന്നതാണു്.

സർ, ഡാക്ടർ സുകുമാരന്റെ പ്രമേയത്തെ നഖശിഖാന്തം എതിർത്ത മുഖ്യമന്ത്രി എന്തുകൊണ്ടു് വില്യത്തിന്റെ പ്രമേയം സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി

പോലീസുമർദ്ദനത്തിന്റെ എല്ലാ ഉത്തരവാദിത്വവും തനിക്കുംകൂടിയുണ്ടെന്നുള്ള ബോദ്ധ്യമുണ്ടായിരുന്നിട്ടും ഒരു പ്രമേയത്തെ എതിർക്കുകയും, മറേറ പ്രമേയത്തെ സ്വീകരിക്കുകയും ചെയ്യാൽമാത്രമെ തനിക്കു അധികാരത്തിൽ ഇരിക്കുവാൻ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടായിരുന്നു. ഈ തരത്തിൽ രാജ്യത്തുള്ള എല്ലാ പൗരന്മാരേയും ഒരേ വീക്ഷണഗതിയോടുകൂടി നോക്കിക്കാണണമെന്നുള്ള മൗലികവും പ്രാഥമികവുമായ ജനാധിപത്യതത്വത്തെ പല്ലുപോലെ തള്ളിക്കളഞ്ഞിട്ട് ഒരു പ്രമേയത്തെ സ്വീകരിക്കുകയും മറൊന്നിനെ നഖശിഖാന്തം എതിർക്കുകയും ചെയ്ത മനോഭാവത്തെ സമചിത്തതയോടുകൂടി വീക്ഷിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. സർ, മറൊരു ഉദാഹരണംകൂടി പറയാം. ഈ രാജ്യത്തു് നിരവധി കാലമായി തടവിൽ കിടക്കുന്ന കുറെ പ്രതികളുണ്ടു്. തുരനാട്ടു്, ഉല്ലല, മേമുറി, ഇടപ്പള്ളി ഈ കേസുകളിൽപെട്ട പ്രതികൾ ജയിലിൽ കിടന്നു നരകിക്കുകയാണു്. ആ പ്രതികൾ എന്തിനാണു് അവിടെ കിടക്കുന്നതെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കും മുഖ്യമന്ത്രിക്കും അഭിപ്രായം രണ്ടുതരത്തിലായിരിക്കാം. അതോ അതിലധികമോ കൂടുതൽ ഗൗരവമേറിയതോ ആയ കുറെ കേസുകൾ ആരോപിച്ചുകൊണ്ടുള്ള കേസുകൾ ചാർജ്ജുചെയ്തു് കോടതി മുഖേന വിസ്തരിക്കാൻ വച്ചുകൊണ്ടിരുന്ന പ്രതികളെ നിരുപാധികമായി വിട്ടുകയുണ്ടായിട്ടുണ്ടു്. ഇവരെ മോചിപ്പിക്കുന്നതിനുവേണ്ടി അനവധി നിവേദനങ്ങൾ ലഭിച്ചിട്ടും വിടുതലയില്ലെന്നുള്ള ഒരു തീരുമാനമെടുക്കാൻ ഏതൊരു തത്വമാണു് ഈ മുഖ്യമന്ത്രി സ്വീകരിച്ചതെന്നുള്ളതു് ഞങ്ങൾക്കു വളരെ സംശയമായിരിക്കുന്നു. വാസ്തവത്തിൽ സംശയിക്കേണ്ട ആവശ്യമില്ല. ഇന്നധികാരത്തിലിരിക്കുന്ന ഗവണ്മെൻറിനു് അധികാരത്തിലിരിക്കാൻ വേണ്ടി എന്തു നീചമായ പ്രവൃത്തികളും ചെയ്യാൻ യാതൊരു മടിയുമില്ല. നഗ്നമായി, പച്ചയായി എന്തു വൃത്തികേടുകളും കാണിക്കാൻ ഇവർക്കുള്ള ധിക്കാരംകൊണ്ടാണു് ഇങ്ങനെ രണ്ടു പ്രമേയങ്ങളെ ഭിന്നരീതിയിൽ കൈകാര്യം ചെയ്തതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, അധികാരത്തിൽ വലിഞ്ഞുകയറുവാൻ, എന്തു വൃത്തികേടുകളും കാണിക്കുവാൻ മടിയില്ലാത്ത കുടിലന്മാരെന്നു് ഈ മന്ത്രിസഭയെ ഞാൻ impeach ചെയ്യുന്നു.

സർ, അദ്ദേഹം ഒരു കൊച്ചിക്കാരൻ ആയതുകൊണ്ടോ, കൊച്ചിയിലെ ജനങ്ങളോടു കൂടുതൽ താല്പര്യം കാണിക്കുന്നുവെന്നുള്ളതുകൊണ്ടോ, മന്ത്രിസഭയിലെ അംഗങ്ങൾ മൂന്നുപേർ കൊച്ചിക്കാർ ആയതുകൊണ്ടോ ഒന്നുമല്ല ഞാൻ അദ്ദേഹത്തെയും മന്ത്രിസഭയേയും എതിർക്കുന്നതു്. ഈ അടുത്തകാലത്തു സോഷ്യലിസ്റ്റുമാതൃകയിലുള്ള ഒരു ഭരണക്രമം കെട്ടിപ്പടുക്കാൻ മൗലികമായ ഒരു തത്വമാണു് ആവടിപ്രമേയംമുഖേന കാൺഗ്രസ്സു് അംഗീകരിച്ചതു്. സോഷ്യലിസം എങ്ങനെ നടപ്പാക്കും എന്ന വിഷയത്തിൽ, വീക്ഷണത്തിൽ അവരും ഞങ്ങളും തമ്മിൽ മൗലികമായ അല്പം വ്യത്യാസം ഉണ്ടെന്നുമാത്രം. അതായതു് സോഷ്യലിസം നടപ്പാക്കാനുള്ള അടിസ്ഥാനഘടകങ്ങളായി കരുതേണ്ടതു് തൊഴിലാളികളേയും അദ്ധ്വാനിക്കുന്ന കർഷകരേയുമാണു്. അധികാരിവർഗ്ഗത്തിന്റെ തൊഴിലാളിവർഗ്ഗത്തോടുള്ള മനോഭാവം ഒന്നിനെ ആധാരമാക്കിയാണു് ഒരു ഭരണസമ്പ്രദായം സോഷ്യലിസ്റ്റുമാതൃകയിലുള്ളതോ അല്ലാത്തതോ എന്നു തീരുമാനിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതിശയോക്തി കൂടാതെ, തെറ്റിദ്ധാരണയ്ക്ക് ഇടയില്ലാതെ ഈ സഭയുടെ മുൻപിൽ ചില വസ്തുതകൾ വയ്ക്കുകയാണെങ്കിൽ അതു് സ്വീകരിക്കാൻ, അർഹിക്കുന്ന ഗൗരവത്തോടുകൂടി സ്വീകരിക്കാൻ ഈ നാട്ടിൽ ജനങ്ങൾ ഉണ്ടെന്നുള്ള ബോദ്ധ്യത്തോടുകൂടിയാണു് ഞാൻ ഇവിടെ നിന്നു് ഇതു പറയുന്നതു്. ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനു ശേഷം തൊഴിലാളികളോടു് അവലംബിക്കുന്ന നയത്തെപ്പറ്റി ശ്രീ. ടി. കെ. ദിവാകരൻ ഇവിടെ പറഞ്ഞു. കാൺഗ്രസ്സു് തൊഴിലാളികളെ സംഘടിപ്പിക്കാൻ തുടങ്ങിയതു് ഈ അടുത്തകാലത്തുമാത്രമാണു്. തൊഴിലാളിരംഗത്തു് പുത്തൻകൂറുകാരാണു് കാൺഗ്രസ്സുകാർ. ഈ രാജ്യത്തു് തൊഴിലാളികൾക്കുവേണ്ടി പോരാടാനും, അവരുടെ അവശതകൾ പരിഹരിക്കാനും, അവകാശവാദങ്ങൾ സാധിച്ചുകൊടുക്കാനും ആത്മാർത്ഥമായി തൊഴിലാളിരംഗത്തു പ്രവർത്തിച്ചിരുന്ന ഒരു പാർട്ടി ഈ രാജ്യത്തുണ്ടായിരുന്നു. അധികാരത്തിൽ കയറുന്നതിനുമുൻപു് ദേശീയസമരകാലത്തു്, തൊഴിലാളികൾ എന്നു കേട്ടാൽ അവർ വജ്രായുധരായും, തീണ്ടലുള്ളവരായും കരുതപ്പെട്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നു മുഖ്യമന്ത്രിക്കറിയാം. ആക്കൂട്ടർ വേണമെങ്കിലും എന്തു മുദ്രാവാക്യവും വിളിക്കാൻ നിന്നുകൊടുക്കുന്ന കഴുത എന്നു പറഞ്ഞു തൊഴിലാളികളെ അഭിസംബോധന ചെയ്തിരുന്നവർ ഇപ്പോൾ അവരെ സംഘടിപ്പിക്കാൻ ഒരു ഐ. എൻ. ടി. യു. സി. ഉണ്ടാക്കിയിട്ടുണ്ടു്. ഞങ്ങൾക്കു തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ എതിരില്ല. ഞങ്ങൾ അതിനെ അനുകൂലിക്കും. ഏതു സംഘടനയായാലുംശരി തൊഴിലാളികളുടെ അവകാശവാദങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങളായിരിക്കണം അവർ ചെയ്യേണ്ടതു് എന്നേയുള്ളൂ. തൊഴിലാളികളെ ഛിദ്രിപ്പിച്ചു പ്രലോഭിപ്പിച്ചു്, തൊഴിൽരംഗത്തു കുഴപ്പം ഉണ്ടാക്കുന്ന ഒരു പതിവാണു് ഈ ഐ. എൻ. ടി. യു. സി-യുടെ പ്രവർത്തനമെന്നു പല അനുഭവങ്ങളും തെളിയിച്ചിരിക്കുകയാണു്. ടെക്സ്റ്റയിൽരംഗത്തു് തൊഴിൽകുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ തൊഴിലാളികൾ വർഗ്ഗബോധത്തോടുകൂടി ആരംഭിക്കുന്ന സമരങ്ങൾ, സ്ട്രൈക്കുകളെ സംഘടിപ്പിച്ചു പരാജയപ്പെടുത്തുക എന്ന ജോലിയാണു് ഐ. എൻ. ടി. യു. സി. നടത്തിവരുന്നതു്. ഈ സംഘടനയുടെ ഒരു പ്രത്യേകതയെന്താണെന്നു നോക്കിയാൽ ഒരൊറ്റ തൊഴിലാളിപോലും ആ സംഘടനയിൽ ഇല്ലെന്നുള്ളതാണു്. ഇതെല്ലാം ഞങ്ങൾ പറഞ്ഞാൽ മുഖ്യമന്ത്രി പറഞ്ഞേക്കും ഈ പറയുന്നതെല്ലാം കേൾക്കാൻ കൊള്ളാവുന്ന വാചകങ്ങളാണു്, പ്രചരണത്തിനു കൊള്ളാമെന്നും മറ്റും. അങ്ങനെ തൊഴിലാളിവർഗ്ഗത്തോടു് ഈ ഗവണ്മെൻറ് അനുവർത്തിക്കുന്ന നയത്തിൽ പ്രതിഷേധിച്ചു് ഞാൻ ഈ ഗവണ്മെൻറിനെ ഇമ്പീച്ചു ചെയ്യുന്നു.

സർ, ഈ രാജ്യത്തു് നിയമസമാധാനത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അതു് ഇവിടത്തെ മുതലാളിക്കും ജന്മിക്കും കുത്തകയായിരിക്കുകയാണെന്നുവേണം കരുതാൻ. തൊഴിലാളിക്കു മുതലാളിയിൽനിന്നും കൂലിയിനത്തിലോമറ്റോ ഈടാക്കാനുള്ളതു് ലഭിക്കാൻ അവൻ ന്യായമായി സമരം തുടങ്ങിയാൽ ഉടനെ അവിടെ പോലീസുണ്ടു്, പട്ടാളമുണ്ടു്. തൊഴിലാളിയെ കുത്തിക്കൊല്ലാൻ ഗുണ്ടകളുണ്ടു്. ഗുണ്ടകളെ നിലയ്ക്കു നിർത്തുന്നതിനു പകരം പോലീസു് അവരെ സംരക്ഷിക്കുന്നു. ഇങ്ങനെയുണ്ടോ, നിഷ്പക്ഷമായ നീതിനിർവ്വഹണം. ജനാധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

പത്യത്തെ മാനിക്കുന്നുവെന്നു വീമ്പിളക്കുന്നവർ ഇങ്ങനെ തൊഴിലാളി താല്പര്യങ്ങൾ കൈകാര്യം ചെയ്യുന്നതു് അപമാനകരമാണു്. ഈ ഗവണ്മെൻറിനെ ഒരു തൊഴിലാളിദ്രോഹിഗവണ്മെൻറ് എന്നു ഞാൻ impeach ചെയ്യുന്നു.

ഇതാണോ, സർ, ജനാധിപത്യത്തെ മാനിക്കുന്ന എന്നു പറയുന്ന ഒരു ഗവണ്മെൻറ് എടുക്കുന്ന നടപടി. ഇതെല്ലാം പോകട്ടെ. മുഖ്യമന്ത്രി പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചു് വലിയ ജനാധിപത്യവിശ്വാസിയുടേയും ജനാധിപത്യസംരക്ഷകൻറേയും നാട്യത്തിലും ഭാവത്തിലും ചിലതു പറയുകയുണ്ടായി. ബഡ്ജറ്റ് രൂപീകരിക്കുന്ന വിഷയത്തിൽ പാരമ്പര്യഗതങ്ങളായി നൂറ്റാണ്ടുകളായി അനുവർത്തിച്ചുപോരുന്ന ശാസ്ത്രീയമായ സമ്പ്രദായമല്ലാതെ ഇന്നും അവലംബിക്കാൻ ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ടോ? ഓരോ കൊല്ലത്തേയും ആഡിറ്റ് റിപ്പോർട്ട് എടുത്തു പരിശോധിച്ചാൽ കാണാം മൂന്നു മുതൽ പതിനഞ്ചു ശതമാനംവരെ മാത്രം പരമാവധി സറണ്ടർ ചെയ്യാവുന്ന അതാതയിനങ്ങൾക്കുള്ള തുക കൊല്ലം തോറും വളരെ കൂടുതൽ ചെലവാക്കി ചില സന്ദർഭങ്ങളിൽ എൺപത്തഞ്ചു ശതമാനത്തോളം തുകവരെ സറണ്ടർചെയ്തു പോവുകയാണെന്നു്. ഇങ്ങനെ സറണ്ടർ ചെയ്തുപോയ തുക അടുത്ത കൊല്ലത്തിൽ പിന്നെയും അതേ രൂപത്തിൽ ബഡ്ജറ്റ് ചെയ്യും ബഡ്ജറ്റ് തയ്യാറാക്കുന്നതിനു മുമ്പു് മേജർ സ്കീമുകളെ സംബന്ധിച്ചിടത്തോളം ഒരു ഡ്രാഫ്റ്റ് സ്കീം ഉണ്ടാക്കിക്കൊണ്ടാണോ കോൺഗ്രസ്സ് ഗവണ്മെൻറ് ഒരു ബഡ്ജറ്റ് തയ്യാറാക്കുന്നതു്? അല്ല, എന്തുകൊണ്ടു്? അതിനാഗ്രഹമുണ്ടായിരിക്കാം, പക്ഷെ, മേജർ സ്കീം എന്തെല്ലാമാണു്, അതിനുള്ള പ്രോഗ്രാം എന്താണു് എന്നു തീരുമാനിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റ തയ്യാറാക്കിയാൽ ആ ബഡ്ജറ്റ് മര്യാദയുള്ള ഒരു ബഡ്ജറ്റായിരിക്കും. അതു് നടപ്പിൽ വരുത്താൻ ഗവണ്മെൻറ് ബാദ്ധ്യസ്ഥരും ആയിരിക്കും. നേരേമറിച്ചു് ശരിയായ സ്കീമൊന്നുമില്ലാതെ എന്തെങ്കിലും ഒന്നു് തയ്യാറാക്കുകയാണെങ്കിൽ ഈ മന്ത്രിസഭയെ തീറ്റിപ്പോറ്റിക്കൊണ്ടിരിക്കുന്ന കുറേ ആളുകൾക്കു് വിതരണം ചെയ്യുവാനുള്ള അപ്ലിക്കേഷനുകളായി അവയെ ഉപയോഗപ്പെടുത്തുവാൻ സൗകര്യമുണ്ടു്. ഇങ്ങനെ ഒരു ലഗാനില്ലാത്ത സ്കീം തന്നെ തയ്യാറാക്കുകയാണെങ്കിൽ പോലും അതു് നടപ്പിൽവരുത്തുവാൻ മനസ്സു വയ്ക്കാത്ത ഒരു ഗവണ്മെൻറ് ജനാധിപത്യപരിജ്ഞാനമുള്ള ഒരു ഗവണ്മെൻറാണോ? അതുകൊണ്ടു് ഞാൻ ഈ ഗവണ്മെൻറിനെ elementary principles of budgetting and accounting പോലും പാലിക്കാത്ത, ഭരണവിവരമില്ലാത്ത സാജന പക്ഷപാതപ്പരിഷകളെന്നു് impeach ചെയ്യുന്നു.

ഇങ്ങനെ ഈ സഭാതലത്തിൽ പറയാൻ തുടങ്ങിയാൽ ഒരു ദിവസം കൊണ്ടു പറഞ്ഞാൽ തീരാത്ത ആരോപണങ്ങളും ഈ ഗവണ്മെൻറിനെപ്പറ്റി പറയാനുണ്ടു്. എങ്കിലും സമയച്ചുരുക്കം കൊണ്ടു് കൂടുതലായി ഒന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട കൊല്ലം മെംബർ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ സർവ്വാത്മനാ സർവ്വശക്തികളോടുംകൂടി പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട കൊല്ലം മെംബർ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കു

LIBRARY ARCHIVES Kerala Legislative Assembly

യാണു്, ബഹുമാനപ്പെട്ട മാവേലിക്കര മെംബർ പ്രമേയത്തെ അനുകൂലിച്ചു കൊണ്ടു് സംസാരിച്ച അവസരത്തിൽ പറയുകയുണ്ടായി, അസാധാരണ ഘട്ടത്തിൽ എടുത്തു പ്രയോഗിക്കേണ്ട ഒന്നാണു് ഒരു അവിശ്വാസപ്രമേയമെന്നു്. അങ്ങനെയൊരു അസാധാരണ പരിതസ്ഥിതിയിലാണോ ഈ പ്രമേയമെടുത്തു പ്രയോഗിച്ചിട്ടുള്ളതെന്നു് ആലോചിക്കണമെന്നു് രണ്ടുമൂന്നു മൊബറന്മാരുടെ പ്രസംഗം കേട്ടുകഴിഞ്ഞതിനുശേഷവും ഞാൻ ഈ സഭയോടു് അഭ്യർത്ഥിക്കുന്നു. ഇവിടെ മന്ത്രിസഭയുടെ പേരിൽ അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു് നടത്തിയിട്ടുള്ള ആരോപണങ്ങളിലേയ്ക്കു ശ്രദ്ധചെലുത്തുന്ന ഒരാൾ അതെല്ലാം വ്യക്തിപരമായ ആക്ഷേപങ്ങൾകൊണ്ടു് ഏതോ ചില ഉദ്ദേശത്തിനുവേണ്ടി നടത്തുന്ന ഒരു പ്രഹസനമായി കരുതുന്നുവെങ്കിൽ അതു് തെറ്റല്ല.

ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു് പ്രധാനമായും ചവറ സംഭവത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണെന്നു് പ്രമേയത്തിന്റെ ഉള്ളടക്കത്തിൽനിന്നുതന്നെ സമ്മതിച്ചിട്ടുണ്ടു്. ചവറ സംഭവത്തിന്റെ ഉള്ളിലേയ്ക്കു് ചുഴിഞ്ഞു നോക്കിയാൽ യാതൊരടിസ്ഥാനവുമില്ലാത്ത ഒരേർപ്പാടാണു് അതെന്നു സമ്മതിക്കും. ഞാൻ ചവറയിൽ ചെന്നു് നേരിട്ടു് ഈ സംഭവത്തെപ്പറ്റി അന്വേഷിക്കുകയുണ്ടായി. ആർ. എസ്സ്. പി. ക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളും ഗവണ്മെന്റു് പറഞ്ഞിട്ടുള്ള മറുപടികളും പോരെന്നു കണ്ടിട്ടു് ഞാൻ നേരിട്ടു് ഇതേപ്പറ്റി അന്വേഷിക്കുകയുണ്ടായി. 128 പേരെ അവിടെ ജോലിയിൽ നിയമിച്ചുവെന്നുള്ളതാണു് ഈ സമരത്തിന്റെ അടിസ്ഥാനകാരണം. ആ നിയമനത്തിന്റെ ന്യായാന്യായതകളെക്കുറിച്ചു്, ഒരു തൊഴിൽത്തർക്കക്കോടതിയിൽ ആ പ്രശ്നമിരിക്കുന്നതുകൊണ്ടു് ഞാനൊന്നും പറയുന്നില്ല. എന്നാൽ അവിടെ തൊഴിലാളികളെ പ്രവേശിപ്പിച്ചിട്ടുള്ളതു് എംപ്ലായ്മെന്റു് എക്സ്ചെയ്ഞ്ചു് മുഖേനയാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. എംപ്ലായ്മെന്റു് എക്സ്ചെയ്ഞ്ചു് മുഖേന നടക്കുന്ന റിക്രൂട്ടുമെന്റു് എങ്ങനെയാണു് സ്വജനപക്ഷപാതവും അഴിമതിയും അടിയിൽനിന്നതു് എന്നു് എനിക്കു നിശ്ചയമില്ല. ഏതോ ചില സംഘടനകളെ പ്രീണിപ്പിക്കാൻ, ഐ. എൻ. ടി. യു. സി., സേവാദളം തുടങ്ങിയ സംഘടനകളെ പ്രീണിപ്പിക്കാൻ, ആണു് ഇങ്ങനെ റിക്രൂട്ടു ചെയ്തിരിക്കുന്നതെന്നു് പറഞ്ഞുകേട്ടു. എംപ്ലായ്മെന്റു് എക്സ്ചെയ്ഞ്ചു് മുഖേന റിക്രൂട്ടുചെയ്ത അവസരത്തിൽ അവരാരുംതന്നെ യാതൊരു സംഘടനയുമായി ബന്ധപ്പെട്ടവർ ആയിരുന്നില്ല.

എന്താണു് സംഭവിച്ചുണ്ടായതു്? ടി. എം. സി. യിൽ നിയമനം നടത്തുന്നതു സംബന്ധിച്ചു് ഗവണ്മെന്റിൽനിന്നും എംപ്ലായ്മെന്റു് എക്സ്ചെയ്ഞ്ചു് മുഖേന റിക്രൂട്ടുചെയ്യണമെന്നു് കല്പനയുണ്ടായി. ഏതാനും കാലങ്ങളായി, ആർ. എസ്സ്. പി. യുടെ ആഭിമുഖ്യത്തിൽ അവരുടെ പിണിയാളുകളല്ലാതെ വരുന്നു് അവിടെ ജോലി കിട്ടാൻ സാധ്യമല്ലെന്നുള്ള ഒരു പരിതസ്ഥിതി ഉണ്ടായപ്പോൾ, ആർ. എസ്സ്. പി. യുടെ പിണിയാളുകൾ ആകാൻ തയ്യാറല്ലാത്ത ആളുകൾ എംപ്ലായ്മെന്റിനെ സമീപിച്ചു് അവരുടെ പേർ രജിസ്റ്റർ ചെയ്തു. ആർ. എസ്സ്. പി. യാകട്ടെ അതേ അവസരത്തിൽ പിരിച്ചുവിടപ്പെട്ട തൊഴിലാളികളുടെ പേരുപറഞ്ഞു് ഒരു പ്രസ്ഥാനത്തിനു് ആഹ്വാനം ചെയ്കയാണുണ്ടായതു്. പിരിച്ചുവിടപ്പെട്ടവരായി ആരെങ്കിലുമുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

അവരെ എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ചിൽപോയി പേരു രജിസ്റ്റർ ചെയ്യാൻ ആർ. എസ്സ്. പി. നേതൃത്വം ഉപദേശിക്കാതിരുന്നതിൻറെ കാരണം എന്താണെന്നു് ഞാൻ ചോദിക്കുന്നു. തൊഴിൽ ക്ഷാമമുള്ളതാണു് പ്രശ്നമെങ്കിൽ ആ പ്രശ്നം പരിഹരിക്കാൻ സഹായകമാകത്തക്ക നിലയിൽ എത്രയും വേഗത്തിൽ എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ചിൽ പോയി പേർ രജിസ്റ്റർ ചെയ്യുകയല്ലേ വേണ്ടതു്? ഒരു കാര്യം വ്യക്തമാണു്. തങ്ങളുടെ ആളുകൾക്കു് അവിടെ ജോലി കൊടുപ്പിക്കണമെന്നുള്ളതല്ല ഇവരുടെ ഉദ്ദേശം. കഴിഞ്ഞ എതാനും നാളുകളായി അവിടെ ചിലതെല്ലാം ഇവർ നടത്തുന്നുണ്ടു്. തങ്ങളുടെ ആധിപത്യവും തൊഴിൽപ്രേമത്തിൻറെ പേരിൽ കാട്ടിക്കൂട്ടുന്ന വിക്രിയകളും മേലിൽ അവിടെ തുടർന്നുകൊണ്ടുപോകണമെന്നുള്ളതിൽ കവിഞ്ഞു് മറെറന്തുദ്ദേശമാണിവർക്കുള്ളതെന്നു് ഞാൻ ചോദിക്കുന്നു. 128 പേർക്കു് എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ചു മുഖേന ജോലി കൊടുത്തു എന്നുള്ളതാണു് ഇവർ കൊണ്ടുവന്നിരിക്കുന്ന ആരോപണം. അതുതന്നെയും ഈ ഗവണ്മെൻറിനു യാതൊരു കാര്യവും ഉള്ളതായിരുന്നില്ല. ഇതിനു മുമ്പിരുന്ന ഗവണ്മെൻറാണു് എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ചു് മുഖേന നിയമനം നടത്തണമെന്നു നിശ്ചയിച്ചതു്. 27-7-54-ൽ ഉണ്ടായി എന്നു പറയുന്ന ഒരുത്തീർപ്പിൽ പറഞ്ഞിരിക്കുന്ന ആ മഹാകാര്യമെന്താണു്? ഗവണ്മെൻറ് പുറപ്പെടുവിച്ച കല്പന പുനഃപരിശോധന ചെയ്യാമെന്നു മാത്രമേ അന്നു പറഞ്ഞിട്ടുള്ളൂ. ആ ഉത്തരവു പുറപ്പെടുവിച്ചതു് അന്നത്തെ മന്ത്രിയായിരുന്ന ബുദ്ധിമാനായ ശ്രീ. നടരാജപിള്ളയാണു്. എല്ലാ വിഭാഗക്കാർക്കും തൊഴിൽ കിട്ടാനുള്ള അവസരം ഒരുപോലെ ഉണ്ടാക്കേണ്ടതു് ന്യായമാണെന്നു കരുതി പുറപ്പെടുവിച്ച ഒരു ഉത്തരവാണിതു്. അവർ പിന്നെ ഉന്നയിച്ചതു് അവിടെ തീരാതെ കിടക്കുന്ന മറെറ പ്രശ്നങ്ങളെ സംബന്ധിച്ചാണു്. ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനും ഈ സഭയിലെ മറെറാർക്കും യാതൊരു കാര്യവുമില്ല. അതെല്ലാം നടത്താമെന്നു് മുഖ്യമന്ത്രി തന്നെ സമ്മതിച്ചിട്ടുണ്ടു്. എഫ്. എക്സ്. പെരേരാ കമ്പനിയെപ്പററി പ്രസ്താവിച്ചുകേട്ടു. അതു് പൂട്ടിക്കിടക്കുകയാണു്. അതു് തുറക്കണമെന്നുള്ള കാര്യത്തിൽ ഈ പക്ഷത്തിരിക്കുന്ന അംഗങ്ങളും ശ്രീ. ദിവാകരനോടു് യോജിക്കുന്നു.

എന്താണു് അവിടത്തെ പ്രശ്നമെന്നുള്ളതു് ഗവണ്മെൻറ് വളരെ വ്യക്തമാക്കിയിട്ടുണ്ടു്. ഇന്നു് അതൊരു ആർബിട്രേഷനു വയ്ക്കണമെന്നുള്ള കാര്യം ഒരു ആർ. എസ്സ്. പി. മെംബറിൽനിന്നും പറഞ്ഞുകേട്ടപ്പോൾ ഞാൻ അത്ഭുതപ്പെടുകയാണു് ചെയ്തതു്. തൊഴിലാളികളുടെ ഒരു സംഘടനയുടെ പേരിൽ ഇപ്രകാരം അഭിപ്രായങ്ങളും വന്നാൽ ഇങ്ങനെയുള്ള തൊഴിലാളി നേതൃത്വത്തിൽനിന്നും ഇവിടത്തെ തൊഴിലാളികളെ രക്ഷിക്കണമേയെന്നു പ്രാർത്ഥിക്കാതെ എന്തുചെയ്യും? സർക്കാരിനു കൊടുക്കാനുള്ള സംഖ്യകളും, തൊഴിലാളിക്കു കൊടുക്കാനുള്ള അവകാശങ്ങളും കൊടുക്കാതിരുന്നുകൊണ്ടു് ആർ. എസ്സ്. പി. ക്കാർ ഇവിടെ എന്തു നടത്താനാണുദ്ദേശിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഈ മന്ത്രിസഭയുടെ ചെയ്തികളെക്കുറിച്ചു് വലിയ വിമർശനങ്ങളൊന്നും എനിക്കു് കേൾക്കുവാൻ സാധിച്ചില്ല. എന്തോ ചില വ്യക്തിപരങ്ങളായ നിയമനങ്ങളെപ്പററി ചില കുസൃതികൾ ഇവിടെ നടത്തുകയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. അതിൽ കൊച്ചിയുടേയും മറ്റും പേർ വലിച്ചിഴച്ചുകൊണ്ടു വന്നതു് ശരിയായില്ല. ആ അഭിപ്രായം ഏകപക്ഷീയമാണെന്നു പറയാതെ തരമില്ല. ഇവിടെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കരണത്തെപ്പറ്റി പറഞ്ഞു. മുമ്പിരുന്ന ഗവണ്മെൻറ് ചെയ്തതാണതു്. മി. വേലുണ്ണിയുടെ ശമ്പളപരിഷ്കാരത്തെപ്പറ്റി പറഞ്ഞു. എന്നാൽ ശ്രീ. തമ്പുരാൻ, കാസിം, വി. കെ. വേലായുധൻ എന്നിവരെപ്പറ്റി ഒന്നും പറഞ്ഞില്ല. ഒരുപക്ഷേ, മി. വേലുണ്ണി കൊച്ചിക്കാരനായതുകൊണ്ടായിരിക്കാം. അതുപോലെ ശ്രീ. നാരായണമേനോന്റെ കായ്യം പറഞ്ഞു. തിരുവിതാംകൂറിലുള്ള വളരെയധികം ഉദ്യോഗസ്ഥന്മാരുടെ പേരുകൾ പറയാതെ കൊച്ചിയിലുള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകൾ മാത്രം പറയുന്നതു് കരുതിക്കൂട്ടിയുള്ള ഒരു തെറ്റിദ്ധാരണ വരുത്താനല്ലെങ്കിൽ മറ്റെന്തിനാണു്? ആർ. എസ്സ്. പി. ക്കു് ചവറയിലുണ്ടായിട്ടുള്ള നേതൃത്വം അന്നേ പരാജയപ്പെട്ടതുടങ്ങിയെന്നാണിവിടെ കണ്ട കോലാഹലങ്ങളുടെയെല്ലാം അർത്ഥം. ഇതിനോടു് കമ്മ്യൂണിസ്റ്റ്പാർട്ടി യോജിച്ചതിൽ അത്ഭുതമില്ല. 1951-ലെ പൊതുതെരഞ്ഞെടുപ്പിനു ശേഷം എറണാകുളത്തുവച്ചു് ശ്രീമാൻ ശ്രീകണ്ഠൻനായർ ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി, കമ്മ്യൂണിസ്റ്റുകാരെയെല്ലാം വേലിപ്പത്തൽകൊണ്ടു് അടിക്കണമെന്നു്.

ശ്രീ. ടി. കെ. ദിവാകരൻ : അതു് വളരെ പഴയ ഒരു കാര്യമല്ലേ?

ശ്രീ. കെ. കരുണാകരൻ : പഴയ കാര്യം തന്നെയാണു്. എങ്കിലും ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടു്.

അന്നു് അതിനു മറുപടിയായി ശ്രീ. എം. എൻ. ഗോവിന്ദൻനായർ പറഞ്ഞതു് ആർ. എസ്സ്. പി. ക്കാരുടെ മണ്ണെത്തിട്ടു് ഇടിക്കുമെന്നാണു്. ആ ഇടിയാണു് സർ, ഇപ്പോൾ ഇവിടെ കാണുന്നതു്. ചവറ ആർ. എസ്സ്. പി. യുടെ മണ്ണാണു്. അവർക്കു് തൊഴിലാളികളുടെ ഏതെങ്കിലും പിന്തുണയുണ്ടെങ്കിൽ അതു് ചവറയിൽ മാത്രമാണു്. കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ ആ മണ്ണെത്തിട്ടു് ഇടിക്കുകയാണു്. അതോടുകൂടി ആർ. എസ്സ്. പി. തകരുകയാണു് ചെയ്യുന്നതു്. (ചിരി)

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഡെപ്യൂട്ടി ലീഡറായ ശ്രീമാൻ ശങ്കരനാരായണൻതമ്പി ഇവിടെ കോൺഗ്രസ്സിന്റെ തൊഴിലാളിപ്രവർത്തനത്തിലുള്ള പാരമ്പര്യത്തെപ്പറ്റി പ്രസ്താവിക്കുകയുണ്ടായി. തൊഴിലാളിരംഗങ്ങളിൽ കോൺഗ്രസ്സിന്റെ പ്രവേശനം പുത്തരിയാണെന്നു് അദ്ദേഹം പറഞ്ഞു. വളരെ പരിജ്ഞാനമുണ്ടെന്നു പറയുന്ന അദ്ദേഹത്തിന്റെ ഓർമ്മക്കുറവിനെപ്പറ്റി ഞാൻ ഖേദിക്കുകയാണു്. ഇൻഡ്യാരാജ്യത്തെ തൊഴിലാളിപ്രസ്ഥാനത്തിന്റെ പ്രാരംഭപാഠം തുടങ്ങിയതു് കോൺഗ്രസ്സാണു്. 1920-മാണ്ടു മുതൽ അഖിലേൻഡ്യാ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് തൊഴിലാളിപ്രസ്ഥാനത്തെ നയിച്ചിട്ടുണ്ടു്. അന്നുമുതൽ ഇന്നുവരെ ആ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുവരികയുമാണു്. അതുകൊണ്ടാണു് ഇന്ത്യയിലെ ബഹുഭൂരിപക്ഷം തൊഴിലാളികളെ ഇൻഡ്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കൊണ്ടുവരാൻ കോൺഗ്രസ്സിനു സാധിച്ചിട്ടുള്ളതു്.

ഇന്നു് തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീർ വാർത്തുകൊണ്ടു് അവരെ പോലീസ് മർദ്ദിക്കുന്നു എന്നു് ഇക്കൂട്ടർ ആക്ഷേപം പുറപ്പെടുവിക്കാറുണ്ടു്. എന്താണു് ഇവരുടെ തൊഴിലാളിപ്രവർത്തനം? ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

കണ്ടശ്ശാംകടവു സംഭവത്തെക്കുറിച്ചു് തുടർച്ചയായി കേൾക്കുകയുണ്ടായി. ഇനിയും അതു കേൾക്കാം. ഈ രാജ്യത്തു് 1954 ഡിസംബർ 1–ാംതീയതി മുതൽ കയർ മിനിമംവേജസ് നടപ്പിലാക്കി. ഈ രാജ്യത്തെ ഒരു മുതലാളിയും അതു് അനുസരിക്കുവാൻ തയ്യാറായില്ല. അതിനെത്തുടർന്നു് അന്നത്തെ ഗവണ്മെൻറ് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ നിയമനം ഒരു ആശയക്കുഴപ്പത്തിനു കാരണമായിത്തീർന്നു. അങ്ങനെയാരും മിനിമംവേജസ് കൊടുക്കാതിരുന്നു. ഇന്നത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി തൃശ്ശൂരിൽ ക്യാമ്പുചെയ്ത അവസരത്തിൽ ഞാനും ഇവിടത്തെ മറ്റു് ഐ. എൻ. ടി. യു. സി. പ്രവർത്തകന്മാരും കമ്മ്യൂണിസ്റ്റു തൊഴിലാളിപ്രവർത്തകന്മാരും ഇക്കാര്യത്തെപ്പറ്റി അദ്ദേഹത്തെ കണ്ടു് നിവേദനം നടത്തുകയുണ്ടായി. അന്നുതന്നെ കൺസിലിയേഷൻ ആഫീസറെ വിളിച്ചു് ഉടനെ ആവശ്യമായ സത്വരനടപടികൾ നടത്തണമെന്നു് അദ്ദേഹത്തെ നിർദ്ദേശിച്ചു് കണ്ടശ്ശാംകടവിലേയ്ക്കു പറഞ്ഞയച്ചു.

അതിനുശേഷം ആ മാസം ഇരുപതാംതീയതി ഞാനും കൺസിലിയേഷൻ ആഫീസറും കൂടി കണ്ടശ്ശാംകടവിലേയ്ക്കു പോകുകയും മിനിമംവേജസ്സിൽനിന്നും ഒഴിഞ്ഞു മാറിനിന്ന മുതലാളികളെ സന്ദർശിച്ചു ന്യായവാദങ്ങൾ നടത്തി മിനിമം വേജസ് അനുസരിച്ചു് കൂലി കൊടുക്കാമെന്നു് അവരെക്കൊണ്ടു സമ്മതിപ്പിക്കുകയും ചെയ്തു. അങ്ങനെ അവർ ഇരുപത്തിരണ്ടാംതീയതി മുതൽ മിനിമം വേജസ് കൊടുക്കാമെന്നു സമ്മതിച്ചിട്ടുള്ളതാണു്. ഇങ്ങനെ ഒരു വ്യവസ്ഥ അവിടെ ഞങ്ങൾ നടപ്പാക്കിയതിന്റെ പേരിൽ, ആ ഒരു പരിതഃസ്ഥിതിയെ ചൂഷണം ചെയ്തു മുതലെടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു കുഴപ്പമാണു് കണ്ടശ്ശാംകടവിലെ സംഭവങ്ങൾ. സർ, തൊഴിലില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്കുവേണ്ടി ഐ. എൻ. ടി. യു. സി. ക്കാർ സംഘടിച്ചുകൊണ്ടു് റിലീഫ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടു്. അപ്രകാരം നടത്തിയതിന്റെ ഫലമായി ഒരു നല്ല സംഖ്യ പലരിൽനിന്നും പിരിച്ചെടുക്കുന്നതിനും തൊഴിൽരഹിതരായ തൊഴിലാളികൾക്കു തൊഴിൽ ഉണ്ടാക്കുവാൻ പ്രയോജനപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടു്. ഇപ്പോഴും യാതൊരു മുതലാളിയുടേയും കീഴിലല്ലാത്ത കുറെ അധികം തൊഴിൽരഹിതരായ തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ടു്. അവിടത്തെ കാൺഗ്രസ്സു് മണ്ഡലം കമ്മിറ്റിയിലുള്ള ആളുകളുടേയും മറ്റനുഭാവികളുടേയും സഹായസഹകരണത്തോടുകൂടി നടത്തിവരുന്ന റിലീഫ് വർക്കു് മുഖാന്തിരം അവിടെ ഉള്ള തൊഴിലാളികൾ തൊഴിൽ എടുത്തു ശാന്തമായും സമാധാനപരമായും ജീവിച്ചുകൊണ്ടിരിക്കുകയായിരുന്നു. തൊഴിലാളികളോടു് അനുഭാവമുണ്ടെന്നു പറയുന്ന കമ്മ്യൂണിസ്റ്റുകാർ തൊഴിൽരഹിതരായവർക്കുവേണ്ടി റിലീഫ് പ്രവർത്തനങ്ങൾ നടത്തുന്നതിനു പകരം കമ്മ്യൂണിസ്റ്റുകാരല്ലാത്ത തൊഴിലാളികൾ ജോലി ചെയ്യുന്നടത്തു ചെന്നുകേറി ഭീഷണിപ്പെടുത്തുകയും തെറ്റിദ്ധരിപ്പിക്കുകയും മറ്റും ചെയ്യുന്നതിനുവേണ്ടി ഒരു വലിയ ശ്രമം നടത്തുകയുണ്ടായി. മാത്രമല്ല ചില മുദ്രാവാക്യങ്ങളും വിളിച്ചുപറഞ്ഞുകൊണ്ടു കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ റിലീഫ് വർക്കു് എന്ന നിലയിൽ സംഘടിപ്പിച്ച ദേശീയകളത്തിലേയ്ക്കു മാർച്ചു് ചെയ്കയാണു ചെയ്തതു്. മാത്രമല്ല സമാധാനപരമായി ജീവിക്കുന്ന സാധു തൊഴിലാളികളെ അക്രമത്തിനു പ്രേരിപ്പിക്കുകയും മുദ്രാവാക്യങ്ങൾ വിളിച്ചുപറയാൻ നിർബന്ധിക്കുകയും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലായ്മെൻറ് എക്സ്ചേഞ്ചു മുഖേന ആയാൽതന്നെയും അവർക്കും പരിഗണന കൊടുക്കാമല്ലൊ. ഈ ഉത്തരവു ഇവിടെ പാസാക്കിയ ദിവസംതന്നെ, അതേ സമയംതന്നെ എല്ലാ നിയമനങ്ങളും നടത്തിയെന്നു പറയുന്നു. മറ്റുള്ളവർക്ക് രജിസ്റ്റർ ചെയ്യാനും നിയമനം കിട്ടുന്നതിനുമുള്ള സൗകര്യം നൽകിയതുമില്ല. ലേബർ നിയമങ്ങളെ സംബന്ധിച്ചു ഗവണ്മെൻറിൻെറ നില മാറേണ്ടതാണ്.

എൻ. ഇ. എസ്. ബ്ലോക്കുകളിലും സോഷ്യൽ സർവ്വീസസ്സിലും മാത്രമെ ഉദ്യോഗം കാൺഗ്രസ്സുകാർക്കു ലഭിക്കുന്നുള്ളുവെന്ന പരാതിയുണ്ട്. കാൺഗ്രസ്സുകാരനെന്നും പറഞ്ഞു ചെന്നാൽ സത്യവും നീതിയും ഒന്നും നോട്ടമില്ല. കാൺഗ്രസ്സുകാരെ സഹായിക്കാൻവേണ്ടിയാണു ഈ പദ്ധതികൾ എന്നൊരു ധാരണ ജനങ്ങളുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ട്. ഗവണ്മെൻറ് ഇക്കാര്യത്തിൽഇന്നു സ്വീകരിച്ചിരിക്കുന്ന നയം ശരിയല്ല. അധികം സമയം എടുക്കുന്നില്ല. ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

SHRI P. S. NATARAJA PILLAI :- On a word of explanation, Sir. I am not going to speak on the No-Confidence Motion.

It is true that when I was in charge of this portfolio, I thought that recruitment to the T. M. C. and other concerns should be through the Employment Exchange. I even went further and felt that the employees thrown out of employment should be recruited through the Employment Exchange. That decision was arrived at and orders were passed to that effect. Then, Sir, there happened a labour dispute in the T. M. C. and on negotiation it was decided that there are persons who had served in the factory and that they must be given preference and they should be recruited, if and when new hands are required for that factory. Sir, though Government had at the time some doubts as to how many who had been in the factory, were out of employment yet, they accepted the proposition and agreed that they would review the order and prepare a list of people who had served and who are now unemployed so as to employ them if and when future vacancies arose. The undertaking was to review the previous order before making it absolute that the recruitment will be through the Employment Exchange. Sir, later on, after one month—or so—I forget the exact date—Government with the records available and after consideration, decided that there was no possibility of preparing a correct list. Therefore, they wrote to the Union that the original order to recruit employees through the Employment Exchange, will stand and it was

LIBRARY ARCHIVES Kerala Legislative Assembly

communicated to the Union. Then the Union reopened that matter requesting a re-consideration of that point. That was pending with me. Unfortunately or otherwise, whatever it may be, I was not able to deal further with the matter and I left it at that. What I find now is that in the matter in dispute at present, Government passed orders on 1st June of this year and decided that the recruitment will be through the Employment Exchange and directed the factory manager to recruit the necessary personnel for the new work there consequent on the erection of a new plant. What struck me as a relevant factor in all these discussions was that the passing of the order calling for the list of selected persons from the Employment Exchange and appointing them on the same day and asking them to begin the work on the same day is an abnormality which I am not able to follow. Inspite of yesterday's explanation and from the discussions here, I am not even now in a position to understand how a G. P. issued on a particular day can be implemented the same day by the three different agencies, viz. the General Manager asking the Employment Exchange to make a selection and the Employment Exchange making a selection and the Employment Exchange forwarding that selected list, and the General Manager recruiting the required personnel and beginning the work. It seems to me to be a little abnormal. There may be situations and circumstances of which I do not know. But that is a fact which struck me. If I may go into the psychological attitude in which I dealt with these matters, my impression and my memory at the present moment is that it was practically impossible to make a general list as required by the Union. Therefore, Government must stick to the principle of having the recruitment done through the Employment Exchange; but fair opportunities must be given by earlier publication for all to apply and the Employment Exchange should be instructed that previous services in the mineral factories will be a qualification for recruitment. That was how I approached the matter.

ശ്രീ. ടി. വി. തോമസ്: ബഹുമാനപ്പെട്ട കൊല്ലം മെമ്പർ സഖാവ് ടി. കെ. ദിവാകരൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാനും എന്റെ പാർട്ടിയും അനുകൂലിക്കുകയാണ്. ഇങ്ങനെ ഒരു അവിശ്വാസ പ്രമേയം തന്നെ അവതരിപ്പിക്കാൻ എന്തു് അസാധാരണമായ കാര്യങ്ങളാണ്, സംഭവിച്ചുങ്ങളാണ് ഇവിടെ ഉണ്ടായതെന്നു് ശ്രീ. കരുണാകരൻ ചോദിക്കുകയുണ്ടായി. ഇവിടെ നടന്ന പ്രസംഗങ്ങൾ മുഴുക്കെ കേട്ടതിനു ശേഷവും ഈ മന്ത്രിസഭ ഇവിടെ ഇരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

സ്ഥാപിക്കാൻ തക്ക കാരണമില്ലെന്നു് ശ്രീ. കരുണാകരനു് ഇനിയെങ്കിലും സംശയമുണ്ടെങ്കിൽ, ഞങ്ങളുടെ കഴിവില്ലായ്മയേയോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ നിർബന്ധബുദ്ധിയേയോ, ഏതിനെയാണു് കാരണമാക്കേണ്ടതു് എന്നു് എനിക്കു് നിശ്ചയമില്ല. ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്ന അവസരത്തിൽ ഇന്നത്തെ പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചു് കക്ഷി രാഷ്ട്രീയങ്ങളിൽ നിന്നു അതീതമായ ഒരു നിലപാടു് സ്വീകരിക്കണമെന്നു് ഞങ്ങൾക്കെല്ലാവർക്കും ആഗ്രഹമുണ്ടു്. കേരളത്തെ സംബന്ധിച്ചിടത്തോളം, അല്ലെങ്കിൽ കേരളീയരെ സംബന്ധിച്ചിടത്തോളം, അവരുടെ ചിരകാലാഭിലാഷമായ ഐക്യകേരളം സ്ഥാപിതമാകാൻ പോകുകയാണു്. രണ്ടാംപഞ്ചവത്സരപദ്ധതിയിലേയ്ക്കു് നാം കാൽവയ്ക്കാൻ പോകുന്നു. ഈ സന്ദർഭത്തിൽ നാടിനോടും നാട്ടുകാരോടും താൽപ്പര്യമുള്ള എല്ലാവരും കഴിവുണ്ടെങ്കിൽ യോജിച്ചുനിന്നു പ്രവർത്തിക്കണം അതാണു് നാടിന്റെ ആവശ്യം. ആ സ്ഥിതിക്കു് കക്ഷിരാഷ്ട്രീയത്തിനു് അതീതമായി നിന്നുകൊണ്ടു് ഈ പ്രശ്നത്തെപ്പറ്റി ചർച്ചചെയ്യാൻ സ്വാഭാവികമായി ഞങ്ങൾക്കു് ആഗ്രഹമുണ്ടു്.

എന്നാൽ കഴിഞ്ഞ ഒരു ദിവസം ഒരു അടിയന്തിര പ്രമേയത്തെപ്പറ്റി സംസാരിച്ചപ്പോൾ ഞാൻ ഇതുപോലെയുള്ള ഉന്നതമായ ഒരു നിലവാരത്തിൽ നിന്നുകൊണ്ടു് ചില പ്രശ്നങ്ങൾ കോൺഗ്രസ് മന്ത്രിസഭയുടേയും കോൺഗ്രസ് അംഗങ്ങളുടേയും മുമ്പിൽ സമർപ്പിക്കുകയുണ്ടായി. ഗവണ്മെന്റിനെ കുറ്റപ്പെടുത്തുന്നതിനോ, അല്ലെങ്കിൽ ഗവണ്മെന്റിന്റെ മേൽ വിമർശനം നടത്തുന്നതിനോ അല്ല, നേരേമറിച്ചു് നമ്മുടെ നാട്ടിൽ ഇതുപോലെ ദുഃഖകരമായ സംഭവങ്ങൾ നടക്കുന്നുണ്ടല്ലോ എന്നുള്ള കാര്യം ഒരു സ്വയം നിർബ്ബന്ധ ബുദ്ധിയോടുകൂടി ചിന്തിക്കുവാൻ വേണ്ടിയാണു് ഞാൻ ഇങ്ങനെ അഭ്യർത്ഥിക്കുന്നതു്. നമ്മുടെ രാഷ്ട്രീയ പ്രബുദ്ധതയുടെ മുമ്പിൽ ഞാൻ ഒരു നിവേദനം സമർപ്പിക്കുകയാണുണ്ടായതു്. എന്നാൽ ഒരു കശാപ്പുകാരന്റെ മനോഭാവത്തോടുകൂടിയാണു് ശ്രീ. എം. എം. മത്തായിയും കെ. എം. ജാഫ്ഫും അതിനെ അഭിമുഖീകരിച്ചതു്. അതിൽ എനിക്കു് പരിഭവമില്ല. പന്നികളുടെ മുമ്പിൽ പവിഴം വിതറരുതെന്നു ഒരു മഹദ്വചനം ഉണ്ടു്. അതുകൊണ്ടു് അവർ ആ നില സ്വീകരിച്ചതിൽ എനിക്കു് അശേഷം പരിഭവമില്ല. ഇവിടെ ഞങ്ങൾ അവതരിപ്പിക്കുന്ന പ്രമേയം പാസായാലും ഇല്ലെങ്കിലും, അതു പാസാകുന്നതിനേക്കാൾ ഉപരിയായ ഒരു ലക്ഷ്യം ഞങ്ങൾക്കുണ്ടു്. ഈ രാജ്യത്തെ താൽപ്പര്യങ്ങളെ ബലി കൊടുക്കുന്ന ഒരു മന്ത്രിസഭയാണു് ഇവിടെ ഭരിക്കുന്നതെന്നു് നാട്ടുകാരെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതല ഞങ്ങൾക്കുണ്ടു്. ഞങ്ങൾ അതു നിർവ്വഹിക്കുകയുമാണു്.

ആർ. എസ്സ്. പി. യെ കമ്മ്യൂണിസ്റ്റ് പാർട്ടി അനുകൂലിക്കുന്നതിൽ ഒരു വൈചിത്ര്യം ശ്രീ. കരുണാകരൻ കാണുകയുണ്ടായി. അതോടൊപ്പം ശ്രീ. കരുണാകരൻ, പനമ്പിള്ളിക്കുവേണ്ടി തന്ത്രത്തിൽ വക്കാലത്തു പറയുകയും ചെയ്തു. ആശാനു പറ്റിയ ശിഷ്യൻതന്നെ. ചവറയിൽ നടക്കുന്ന സംഭവം ഈ നാട്ടിലെ തൊഴിലാളി വർഗ്ഗത്തിനെതിരായി ഐ. എൻ. ടി. യു. സി. യെ സൃഷ്ടിച്ചു് തൊഴിലാളികളുടെ സമുഹശക്തിയെ തകർക്കുന്നതിനുള്ള ഗവണ്മെന്റിന്റെ പ്ലാനാണു് എന്നു് ഇവിടെ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരായി പനമ്പിള്ളിക്കുവേണ്ടി ഐ. എൻ. ടി. യു. സി-യുടെ നേതാവായ ശ്രീ. കരുണാകരൻ സാക്ഷി പറയുകയും ചെയ്തിരിക്കുന്നു. പൂട്ടുമറിപ്പനു് ഉടുപ്പിയപ്പൻ സാക്ഷി എന്നു് കേട്ടിട്ടുണ്ടു്. സർ, ഏറ്റവും ഗൗരവതരമായ ആരോപണങ്ങളാണു് ഈ സർക്കാരിന്റെ മുമ്പിൽ വന്നതു്. ഭരണാധികാരം ഉപയോഗിച്ചുകൊണ്ടു് പക്ഷപാതപരമായ ഒരു നിലപാടു സ്വീകരിക്കുന്നതു് വാസ്തവത്തിൽ ക്രിമിനൽ കുറ്റത്തിനു വിധേയമായ ഒരു നടപടിയല്ലയോ എന്നാണു് ഞാൻ ചോദിക്കുന്നതു്? ആർ. എസ്. പി. യെ കമ്മ്യൂണിസ്റ്റുപാർട്ടി എന്തുകൊണ്ടു് അനുകൂലിക്കുന്നു എന്നു് കരുണാകരനു് മനസ്സിലാകുന്നില്ലായിരിക്കാം. ആർ. എസ്. പി. ഈ നടപടികൾ സ്വീകരിച്ചിരിക്കുന്നതു് ശ്രീ. പനമ്പിള്ളിയെ സ്റ്റാൻഡർ ചെയ്യുന്നതിനുവേണ്ടിയാണെന്നു ശ്രീ. രാമസ്വാമി പനമ്പിള്ളിയെ അറിയിച്ചിട്ടുണ്ടുപോലും.

ശ്രീ. ടി. കെ ദിവാകരൻ: ശ്രീ. രാമസ്വാമി അതു നിഷേധിച്ചിട്ടുണ്ടു്.

ശ്രീ. ടി. വി. തോമസ്സു്: അഥവാ പറഞ്ഞിട്ടുണ്ടെങ്കിൽ ശ്രീ. രാമസ്വാമി ഒരു മാപ്പുസാക്ഷിയായി പറഞ്ഞു എന്നേയുള്ളൂ. ആർ. എസ്. പി. യുടെ നടപടികൾ തന്നെ സ്റ്റാൻഡർ ചെയ്യുവാനാണെന്നു് ശ്രീ. പനമ്പിള്ളി പറഞ്ഞ അതേ വാചകംതന്നെ അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീ. കരുണാകരനും പറഞ്ഞു. അതിനു് അവർക്കു് ഒരു മാപ്പുസാക്ഷിയെ കിട്ടി. ശ്രീ. രാമസ്വാമിയും ഒരു വസ്തുത മനസ്സിലാക്കിയിട്ടില്ല. പാൽ കൊടുത്തു വളർത്തിയ ആ പാമ്പിന്റെ മൂക്കിൽത്തന്നെ മൂർഖൻ കൊത്തുകയാണു് ചെയ്തതെന്നും അദ്ദേഹം അറിഞ്ഞില്ല. മനുഷ്യരായാൽ അല്പമെങ്കിലും കൃതജ്ഞത വേണ്ടേ സർ. ആർ. എസ്. പി.യുടെ സ്റ്റാൻഡർ നേരിടാൻ ശ്രീ. പനമ്പിള്ളി തയ്യാറായി. ആർ. എസ്. പി. പനമ്പിള്ളിയുടെ ഒരു മാരണമാണെന്നു് അദ്ദേഹം പറയുന്നു. വാസ്തവമാണു്. ആർ. എസ്. പി. മാത്രമല്ല, ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളെ പ്രതിനിധീകരിക്കുന്നവരും, ജനാധിപത്യത്തെ മാനിക്കുന്നവരുമായ എല്ലാ ആളുകളും അദ്ദേഹത്തിന്റെയും കോൺഗ്രസ്സിന്റെയും മാരണമാണു്. ഇന്നല്ലെങ്കിൽ നാളെ ഈ മന്ത്രിസഭയെ നശിക്കുകതന്നെ ചെയ്യും.

ചവറയിൽ നടന്ന സംഭവം എന്താണു്? അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന പഴയ തൊഴിലാളികളുടെ ഒരു ലിസ്റ്റുണ്ടാക്കുന്നതിനു് അവിടത്തെ മാനേജ്മെന്റിനു് സാദ്ധ്യമല്ലെന്നു പറഞ്ഞു. അതിൻ പ്രകാരം പുതിയ തൊഴിലാളികളെ എംപ്ലോയിമെന്റ എക്സ്ചേഞ്ചിൽക്കൂടി നിയമിച്ചതിനെയാണു് ആർ. എസ്. പി. ഇപ്പോൾ പ്രതിഷേധിക്കുന്നതു് എന്നാണു് പനമ്പിള്ളി പറഞ്ഞതു്. ചവറയിലെ തൊഴിലാളിപ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതെല്ലാം ചെയ്തുകഴിഞ്ഞു എന്നു് പറഞ്ഞ മുഖ്യമന്ത്രിയോടു് ഞാൻ ഒരു ചോദ്യം ചോദിക്കുകയാണു്. ഈ ചോദ്യം ഈ പ്രശ്നം രൂപംകൊള്ളാൻ തുടങ്ങിയ മുതൽതന്നെ ഞാൻ ചോദിച്ചിട്ടുള്ളതാണു്. ആർ. എസ്. പി. യൂണിയൻ ചവറയിൽ പണിമുടക്കു തുടങ്ങാൻ പോകുന്നു എന്നു പറഞ്ഞപ്പോൾ ഞാൻ ചോദിച്ച ചോദ്യമാണു് ഇതു്. ഇന്നുവരെ ഇതേ ചോദ്യം ചോദിച്ചുകൊണ്ടിരിക്കുകയാണു്. ഈ നാട്ടിലെ ജനങ്ങളുടെ മുമ്പിൽ ഇതിനെപ്പറ്റിയുള്ള സത്യസന്ധമായ ഒരു വിവരണം നൽകുവാനുള്ള കടമ ഗവണ്മെന്റി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

നില്ലേ? പഴയ തൊഴിലാളികൾ അവിടെയുണ്ടെങ്കിൽ ജോലികൾ ഉണ്ടാകുമ്പോൾ അവർക്ക് മാനേജ്മെൻറിനെക്കൊണ്ട് ജോലി കൊടുപ്പിക്കുവാനുള്ള ചുമതല ഗവണ്മെൻറിനില്ലേ? ശ്രീ. പട്ടം താണുപിള്ള ആ പ്രശ്നം ഇപ്പോൾ അവതരിപ്പിക്കയുണ്ടായി. എംപ്ലോയിമെൻറിൽ കൂടിയോ അല്ലാതെയോ എങ്ങിനെ വേണമെങ്കിലും ആളുകളെ എടുത്തുകൊള്ളട്ടെ. എന്നാൽ ഒരു ക്ലോസ്ഡ് ഷാപ്പ് അറേഞ്ച്മെൻറ് വേണമെന്ന് വാദിച്ചാൽ അതിനു് ഞങ്ങൾ കൂട്ടുനിൽക്കുകയില്ല. ആ വ്യവസായത്തിൽ പണിയെടുത്തിരുന്ന തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ, വീണ്ടും അവിടെ ജോലിയുണ്ടാകുമ്പോൾ അങ്ങിനെ പിരിച്ചുവിട്ട ആളുകൾക്ക് അവരുടെ സർവീസനുസരിച്ച് മുൻഗണന ഉണ്ടായിരിക്കേണ്ടതല്ലേ? അങ്ങിനെയുള്ള തൊഴിലാളികൾ തെളിവു സഹിതം ഹാജരാകുമ്പോൾ അവരെ നിയമിക്കണമെന്ന ഒരുത്തരവുകൊടുക്കുവാൻ എന്തുകൊണ്ടു പനമ്പിള്ളിക്കു സാധിക്കുന്നില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്? പ്രശ്നം ഇട്ടു കുഴയ്ക്കരുതു്. പഴയ തൊഴിലാളികൾ തെളിവുസഹിതം ഹാജരാകുന്നുണ്ടെങ്കിൽ പുതിയ തൊഴിലാളികളെക്കാൾ അവർക്കു മുൻഗണന കൊടുക്കുവാൻ ഒരുത്തരവു പാസാക്കുന്നതിനു് ഗവണ്മെൻറിനു അത്രയേറെ വിഷമമുണ്ടോ? എന്തുകൊണ്ടു് പനമ്പിള്ളി അതു ചെയ്യുന്നില്ല. അദ്ദേഹത്തെക്കൊണ്ടു് അതു സാധിക്കുകയില്ല. കാരണം, അദ്ദേഹം നടപ്പാക്കുന്ന പ്ലാനിനു് അതു ദോഷമാണു്. തൊഴിലാളി വർഗ്ഗത്തിൻറെ സാമൂഹ്യശക്തിയെ തകർക്കാനുള്ള ചുമതല അദ്ദേഹം ഏറ്റിരിക്കുകയാണു്.

ചവറയിലെ തൊഴിലാളിക്കുഴപ്പത്തെപ്പറ്റി ശ്രീ. കരുണാകരൻ പറയുകയുണ്ടായി. ആർ. എസ്. പി. ഇന്നത്തെ മന്ത്രിസഭയ്ക്കെതിരായി സ്റ്റുഡൻറ് മോംഗറിംഗിനുവേണ്ടി കണ്ടശ്ശാംകടവിലെ കായ്ക്കുഴപ്പത്തെപ്പറ്റി പറയുകയാണു് എന്നും അദ്ദേഹം പറഞ്ഞു. എന്താണു് കണ്ടശ്ശാംകടവിൽ നടന്നതു്? ഗവണ്മെൻറ് നിശ്ചയിച്ച മിനിമം വേജസ് ചോദിച്ചതു കുറ്റമോ? മിനിമംവേജസ് ലഭിക്കാത്ത തൊഴിലാളികളെ മാറ്റി നിറുത്തിക്കൊണ്ടു് കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോവുകയാണോ വേണ്ടതു്?

ശ്രീ. കെ. കരുണാകരൻ: മിനിമംവേജസ് കൊടുക്കാത്ത ഒരൊറ്റ മുതലാളിയെ എങ്കിലും അവിടെ കാണിച്ചുതരാമെങ്കിൽ അതിനുവേണ്ടി എന്തു ചെയ്യാനും ഞാൻ തയ്യാറാണു്.

ശ്രീ. ടി. വി. തോമസ്: കഴിഞ്ഞ 20 വർഷക്കാലമായി ഇതുപോലെയുള്ള ചോദ്യങ്ങൾ ഞാൻ കേൾക്കാറുണ്ടു്.

ശ്രീ. കെ. കരുണാകരൻ: ഈ അസംബ്ലിയിൽനിന്നുകൊണ്ടു് ഉത്തരവാദിത്വത്തോടുകൂടി ഞാൻ പറയുകയാണു് അവിടെയുള്ള എല്ലാ തൊഴിലാളികൾക്കും മിനിമംവേജസ് കൊടുത്തിട്ടുണ്ടെന്നു്. അതു ശരിയല്ലെന്നു പറയുന്നതിൻറെ ചുമതല ഏൽക്കുവാൻ ശ്രീ. ടി. വി. തോമസ് തയ്യാറാണോ?

ശ്രീ. ടി. വി. തോമസ്: ഏൽക്കാൻ ഞാൻ പോകുന്നില്ല. ഏൽപ്പിക്കുവാൻ പോവുകയാണു്.

മിനിമംവേജസ് അനുസരിച്ചുള്ള കൂലി തൊഴിലാളികൾക്കു കൊടുത്തില്ല എന്നു ഞാൻ പറഞ്ഞില്ല. കൊടുത്തില്ല എന്നു പറഞ്ഞാൽ അതു

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കപ്പെടുമെന്നു് നിശ്ചയമുണ്ടു്. രേഖയുടെ മുമ്പിൽ ഒരു പക്ഷേ ഞാൻ ബലഹീനനായിരിക്കാം. എന്നാൽ സാഹചര്യങ്ങളും കള്ളം പറയുകയില്ല. എന്റെ സ്നേഹിതൻ ശ്രീ. കരുണാകരൻ അതു മനസ്സിലാക്കണം. അവിടെ എന്തുകൊണ്ടു് എല്ലാവക്കും ജോലി കൊടുക്കുന്നില്ല? മിനിമം വേജസിനുവേണ്ടി സമരം നടത്തിക്കൊണ്ടിരുന്ന ആളുകളെ ജോലിയിൽ പ്രവേശിപ്പിക്കാതിരിക്കുന്നതിനു് ഒരു കാരണം വേണമല്ലോ. പ്രശ്നം വികൃതമായി രൂപാന്തരപ്പെട്ടു. ഉടനെ ഒരു റിലീഫ് വക്കു് അവിടെ ഏർപ്പെടുത്തി. ഈ റിലീഫ് വക്കു നടത്തിയ സ്ഥലത്തിനു ദേശീയകളം എന്നു പേരുകൊടുത്തു. ഇപ്പോഴും തൊണ്ടുതല്ലുക, ചകരി പിരിക്കുക, ചകരി കച്ചവടം നടത്തുക മുതലായവ അവിടെ നടക്കുന്നില്ലേ? ഈ പ്രശ്നം ഉണ്ടാകുന്നതിനുമുമ്പു് ഇതിനെക്കാൾ കൂടുതൽ ഉൽപ്പാദനം ആവശ്യമല്ലേ, നടക്കുന്നില്ലേ. ആ സ്ഥിതിക്കു് ഈ റിലീഫ് വക്കിനു പ്രേരിപ്പിച്ച സംഭവം എന്താണു്? അപ്പോൾ റിലീഫ് വക്കല്ല ഉദ്ദേശം. ഈ തൊഴിലാളികൾ മിനിമം വേജസ് ചോദിച്ച അന്നുമുതൽ തൊഴിലാളികളെ മാറ്റിനിർത്തിയിരിക്കയാണു്. എന്നിട്ടാണു് റിലീഫ് വക്കു് തുടങ്ങിയതു്. ഞാൻ മുമ്പു പറഞ്ഞതുപോലെ റിലീഫ് വക്കു നടത്തുന്ന സ്ഥലത്തിനു ദേശീയകളം എന്നു പേരുമിട്ടു് അവിടെ ഒരു ത്രിവർണ്ണപതാകയും നാട്ടിയതു് വളരെ കഷ്ടമായിപ്പോയി.

കണ്ടശ്ശാംകടവിന്റെ കാര്യം പറയാം. അവിടെ നടക്കുന്ന പോലീസിന്റെ മർദ്ദനത്തെപ്പറ്റി ചിലതു പറയാം. സെപ്റ്റംബർ 5-ാം തീയതി മുതൽ ദേശീയകളങ്ങളിൽ ഇറങ്ങി തൊഴിലെടുക്കുന്ന സമരപരിപാടി ആരംഭിച്ചു് 35 ദിവസമായതിനിടയ്ക്കു് 365 പേരെ പൊലീസ് അറസ്റ്റുചെയ്തിട്ടുണ്ടു്. അതിൽ 68 സ്ത്രീകളുടക്കം 138 പേർ ഇന്നു കൽത്തുറുങ്കിൽ അടയ്ക്കപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : ഏതു പത്രത്തിൽനിന്നാണു് ബഹുമാനപ്പെട്ട മെംബർ വായിക്കുന്നതു്?

ശ്രീ. ടി. വി. തോമസ്സു് : ജനയുഗം. പത്രം ഏതായാലും അതിൽ പറയുന്ന വസ്തുതകൾ നോക്കിയാൽ മതി.

"വിയ്യൂർ സെൻട്രൽ ജയിലിന്റെ ചരിത്രത്തിൽ ഇത്രയേറെ സ്ത്രീകളെ ഒരു സമരത്തിൽ അറസ്റ്റുചെയ്തു് ജയിലിലടയ്ക്കൽ ഇതിനുമുമ്പു് ഉണ്ടായിട്ടില്ല."

ശ്രീ. കെ. കരുണാകരൻ : പൊലീസ് കേസെടുക്കുന്നതും പൊലീസ് മർദ്ദിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടു്.

ശ്രീ. ടി. വി. തോമസ്സു് : അതും എനിക്കറിയാം. ആ വ്യത്യാസവും ഇതിൽനിന്നും കാണാവുന്നതാണു്. ഇതിനെ നിഷേധിക്കാമോ?

ശ്രീ. കെ. കരുണാകരൻ : അവിടെ എത്രപേരെ അറസ്റ്റുചെയ്തു എന്നും മറ്റുമുള്ള വിവരം എന്റെ കൈയിലില്ല.

ശ്രീ. ടി. വി. തോമസ്സു് : അതു് കാണുകയില്ല.

ശ്രീ. കെ. കരുണാകരൻ : ജനയുഗത്തിൽ കാണുന്നതു ഞാൻ വിശ്വസിക്കുകയില്ല. എന്നാൽ യഥാർത്ഥമായ കണക്കു് എന്റെ കൈയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്സ്: അതു കാണുകയില്ല. എന്തെന്നാൽ യഥാ ർത്ഥമായ [illegible] കൈയിൽ കണ്ടാൽ ശ്രീ. കരുണാകരന്റെ കള്ളി പുറത്തായിപ്പോകും. അങ്ങനെ അല്ലായിരുന്നുവെങ്കിൽ ആ കണക്ക് ഇവിടെ കൊണ്ടുവരാത്തിരിക്കുമായിരുന്നോ?

"52 സ്ത്രീകളടക്കം 235 പേരെ അന്തിക്കാട്ട ലാക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചിട്ടുണ്ട്. ഇതുയേറെ സ്ത്രീകൾ ലാക്കപ്പുമർദ്ദനത്തിനിടയാകുന്നതും ഒരു പുതിയ സംഭവമാണ്. മർദ്ദനമേറ്റ പലരുടെയും നില ആശങ്കാജനകമാണ്. രണ്ടു പുരുഷന്മാർ തൃശ്ശൂർ സിവിൽ ആശുപത്രിയിലും രണ്ടു സ്ത്രീകൾ അന്തിക്കാട്ട് ആശുപത്രിയിലും കിടക്കുകയാണ്.

ആരും വെറുതെ ആശുപത്രിയിൽ പോവുകയില്ലല്ലോ. വെറുതെ ആശുപത്രിയിൽ പോയാൽ അവിടെ കിടത്തുകയുമില്ല. അങ്ങനെയുള്ള ഒരു സിറ്റുവേഷൻ ആണ് കണ്ടശ്ശാംകടവിൽ ഉണ്ടായിരിക്കുന്നത്. അവിടെ സ്റ്റാണ്ടർ മോംഗറിംഗ് ആരും നടത്തിയില്ല. ചാവറയിൽ ആർ. എസ്സ്. പി. ഇന്നത്തെ മന്ത്രിസഭക്കെതിരായി സ്റ്റാണ്ടർ മോംഗറിംഗ് നടത്തിയെന്ന് പരാതിപ്പെടുന്ന പനമ്പിള്ളിയോട് ഞാൻ ഒന്നു ചോദിക്കട്ടെ. കണ്ടശ്ശാംകടവിൽ എന്താണ് നടന്നത്? അതുപോലെ ചേപ്പാട്ടും ഒരു സമരം നടക്കുന്നുണ്ട്. ശ്രീ. രാമസ്വാമി പറയുകയുണ്ടായി ചാവറയിലും കണ്ടശ്ശാംകടവിലും നടന്നതുപോലെതന്നെ അവിടെ ഉപ്പളത്തിലും നടന്നിട്ടുണ്ട് എന്ന്. ഇതെല്ലാം നിങ്ങൾ ആലോചിക്കേണ്ടതാണ്. ഹരിജനങ്ങളുടെ കാര്യസ്ഥന്മാർ ഈ കൂട്ടത്തിലുണ്ടെന്നെനിക്കറിയാം. ശ്രീ. പി. എം. മാത്യു തൊടുപുഴ മോട്ടോർക്കാരുടെ ഒരു സമരം നടത്തി. ശ്രീ. പനമ്പിള്ളി അതു വേണ്ട എന്നു പറഞ്ഞു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയല്ല.

ശ്രീ സി. എ. മാത്യു: ബഹുമാനപ്പെട്ട മെംബർ ഇപ്പോൾ പറഞ്ഞതിനെ ഞാൻ നിഷേധിക്കുന്നു.

ശ്രീ. ടി. വി. തോമസ്സ്: ബഹുമാനപ്പെട്ട മെംബർ എന്നോട് പറഞ്ഞതിനെയാണ്. വേണമെങ്കിൽ ഞാനതു പിൻവലിച്ചേയ്ക്കാം.

ചേപ്പാട്ട് എന്തു സ്റ്റാൻഡറിംഗാണ് ശ്രീ. പനമ്പിള്ളിക്കെതിരായി നടന്നത്. ശ്രീ. [illegible] യുടെ വയലിൽ പണിചെയ്ത തൊഴിലാളികൾ ചുറ്റുപാടുമുള്ള വയലുകളിലെ തൊഴിലാളികൾക്കു കിട്ടുന്ന കൂലി കിട്ടണമെന്നേ ആവശ്യപ്പെട്ടുള്ളൂ. അതു വാങ്ങിച്ചുകൊടുക്കാൻ ശ്രീ. കരുണാകരൻ തയ്യാറാണോ? കോൺഗ്രസ്കാരനായ ശ്രീ. നീലവന മാധവൻനായർ കൊടുത്ത കൂലി കൊടുക്കാൻ പോറ്റി തയ്യാറാണോ? അതിന്റെപേരിൽ പിക്കറ്റിംഗ് നടക്കുന്നുണ്ട്. പിക്കറ്റിംഗിന്റെ പേരിൽ ലാത്തിച്ചാർജ്ജും നടക്കുന്നു. ഇന്നലെ 28 പേരെ അറസ്റ്റുചെയ്തുകൊണ്ടുപോയി. ആഹാരപ്പുഴകൊണ്ടുപോയപ്പോൾ അവരെ കയറുകയില്ലെന്നു പറഞ്ഞു. അവരെന്നിന്നും കായംകുളത്തുകൊണ്ടുപോയി. അവിടെയും കയറുകയില്ലെന്നു പറഞ്ഞു നിങ്ങൾക്കു ആവശ്യമില്ലെങ്കിൽ പിന്നെന്തിനാണ് അറസ്റ്റുചെയ്യുന്നത്?

പുനലൂർ നടന്നതെന്താണ്? ഒരുവിഭാഗം തൊഴിലാളികളുടെ അവകാശത്തെ നിഷേധിച്ചതിനെ പ്രതിഷേധിച്ച് മറുവിഭാഗം തൊഴിലാളികൾ ഒരു സൂചനാപണിമുടക്കു നടത്തി. ഇതിനെതിർത്തു

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റ് ലാക്കൗട്ട് പ്രഖ്യാപിച്ചു. അതു് അന്യായമായ ലാക്കൗട്ടാണെന്നുള്ള വസ്തുത ശ്രീ. കരുണാകരൻ നിഷേധിക്കുമോ? പുനലൂർ പേപ്പർമിൽ മാനേജ്മെന്റ് ചെയ്യുതു് ശരിക്കുമും ന്യായീകരിക്കത്തക്കതല്ല. കഴിഞ്ഞ ബഡ്ജറ്റസമയത്തു് ടാറ്റാമില്ലിൽ ഒരു പണിമുടക്കു നടന്നു. അതിനു് ചീങ്കണ്ണി കണ്ണീർ പൊഴിച്ച മുഖ്യമന്ത്രി പേപ്പർമില്ലിൽ ലാക്കൗട്ടുനടത്തിയപ്പോൾ ഒരു ചെറുവിരലെങ്കിലും അനക്കിയോ? ചീങ്കണ്ണികണ്ണീർ എന്നു പറഞ്ഞതിനു കാരണമുണ്ടു്. മുതലക്കണ്ണീർ എന്നുപറഞ്ഞാൽ ചുമതലക്കണ്ണീർ എന്നു പറയും. അവിടെ സ്റ്റാൻഡിംഗ് നടന്നോ? തൊഴിലാളികൾക്കു് സൂചനാപണിമുടക്കു നടത്താനുള്ള അവകാശമല്ലേ? അതിന്റെ പേരിൽ മാനേജ്മെന്റിനു ലാക്കൗട്ടു നടത്താൻ അവകാശമുണ്ടോ? എൺപതിൽ ചിലപ്പോൾ ദിവസം പേപ്പർമിൽപോലെയുള്ള ഒരു വ്യവസായസ്ഥാപനം ഉൽപ്പാദനം നിറുത്തിവച്ചാൽ ഈ നാട്ടിനുള്ള നഷ്ടമെന്താണെന്നു മനസ്സിലാക്കിയിട്ടുണ്ടോ? അതിനെതിരായി ഒരു വിരൽപോലും അനക്കിയില്ല. എന്തുണ്ടു് ഒരു 60 ദിവസം കഴിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തോടു ഈ കാരണത്തെപ്പറ്റി ചോദിച്ചു. ലാക്കൗട്ടുചെയ്യുതു് അറിഞ്ഞിട്ടില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. അദ്ദേഹം കള്ളം പറഞ്ഞു എന്നു് ഞാൻ പറയുന്നില്ല. അങ്ങിനെ അറിഞ്ഞിട്ടില്ലെങ്കിൽ അതിന്റെപേരിൽത്തന്നെ അദ്ദേഹം രാജിവയ്ക്കേണ്ടതാണു്. മന്ത്രിസ്ഥാനത്തിരിക്കാൻ അദ്ദേഹത്തിനു് അവകാശമില്ല. പേപ്പർമിൽ അന്യായമായി ലാക്കൗട്ടുചെയ്യു് സ്റ്റോറിനു് ലക്ഷക്കണക്കിനു രൂപ നഷ്ടപ്പെടുത്തിയ കാര്യം 60 ദിവസം കഴിഞ്ഞിട്ടും അറിയാതിരുന്ന ലേബർമന്ത്രിക്കുട്ടിയായ മുഖ്യമന്ത്രിക്കു് അവടെ ഇരിക്കാൻ അവകാശമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ശ്രീ. പനമ്പിള്ള മറുപടി പറയുമ്പോൾ ഈ വസ്തുതകൾ മറക്കാതെ, മറയ്ക്കാതെ, മറുപടി പറയണമെന്നു് എനിക്കു് അഭ്യർത്ഥനയുണ്ടു്.

തൊഴിലാളിവർഗ്ഗത്തിനെതിരായി ഇതുപോലെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്ന ഈ കാൺഗ്രസ്സ് മന്ത്രിസഭയിൽനിന്നും നീതി ലഭിക്കുമെന്നു് എനിക്കു് വിശ്വാസമില്ല. സഖാവു് ശ്രീകണ്ഠൻനായർ സെൻട്രൽജയിലിൽ നിരാഹാരപ്രായം നടത്തുകയാണു്. അദ്ദേഹം ഉടൻ കഴിക്കണമെന്നു് ആത്മാർത്ഥമായ ആഗ്രഹമുണ്ടെന്നു് മുഖ്യമന്ത്രി പറയുന്നു. എന്തുയോ പുച്ഛരസത്തോടുകൂടി ചെയ്ത അഭിപ്രായം. സഖാവു് ശ്രീകണ്ഠൻനായരോടു് ആത്മാർത്ഥതയുള്ള ലക്ഷക്കണക്കിനു് ആളുകൾ ഇവിടെയുണ്ടു്. അവരുടെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്നതു് മുഖ്യമന്ത്രിയെന്നനിലയിൽ നിങ്ങൾക്കു യോജിച്ചതല്ല. സഖാവു് ശ്രീകണ്ഠൻനായർ എന്തു കാരണത്തിനുവേണ്ടി അവിടെ നിരാഹാരസത്യാഗ്രഹം നടത്തുന്നുവോ ആ കാരണത്തെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടാകാം. എന്നാൽ അദ്ദേഹത്തിന്റെ ആ യജ്ഞത്തെ പുച്ഛിക്കുന്നതു ജനലക്ഷങ്ങളുടെ വികാരത്തെ മാനിക്കാത്ത ഒരു കാൺഗ്രസ്സുകാരനുമാത്രമേ സാധിക്കൂ.

ഇവിടെ പറയുകയുണ്ടായി, രണ്ടാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നതിനു് ഈ മന്ത്രിസഭ ഇവിടെ നിലവിലിരിക്കുമെന്നു്. എനിക്കു പറയാനുള്ളതു് ആ പദ്ധതി വിജയിക്കണമെങ്കിൽ ഈ മന്ത്രിസഭ ഒഴിഞ്ഞുപോകണമെന്നാണു്. നമ്മുടെ രാജ്യത്തിനു് ഏറ്റവും വലിയ ശത്രുക്കളാണു് ഈ മന്ത്രിസഭ. ഡെവലപ്പുമെന്റ് സ്കീമുകളുമായി ഏറ്റവും താഴത്തെ നിലമുതൽ ഞാൻ സഹകരിക്കുന്നുണ്ടു്. താലൂക്കുകമ്മിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

ലേയും, ഡിസ്ട്രിക്റ്റ്കമ്മിറ്റിയിലേയും മെംബറാണ് ഞാൻ. സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറിബോർഡിലും ഞാനൊരു മെംബറാണ്. എന്റെ അനുഭവം വച്ചുകൊണ്ട് ഞാൻ പറയുന്നതാണ്, ഈ മന്ത്രിസഭ കഴിഞ്ഞു പോയില്ലെങ്കിൽ രണ്ടാംപഞ്ചവത്സരപദ്ധതി നടക്കുകയില്ല. സെൻട്രലിന്റെ നിർദ്ദേശം എന്താണെന്നു നമുക്കറിയാം. പഞ്ചായത്തുകളുടേയും താലൂക്കുകമ്മിറ്റികളുടേയും ഡിസ്ട്രിക്റ്റ്കമ്മിറ്റികളുടേയും എല്ലാം അഭിപ്രായങ്ങളേയും ആദരിച്ചുവേണം സ്കീം രൂപംകൊള്ളാനെന്ന് വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തെല്ലാം സെൻട്രൽ പ്ലാനിൽ കുറഞ്ഞാലും കുറവുകളും ഉണ്ടെങ്കിലും ഇത്രയും ജനാധിപത്യപരമായ ഒരവസ്ഥ അതിലുണ്ട്. ഇവിടെ നടന്നതു് അങ്ങിനെയാണോ? താലൂക്കുകമ്മിറ്റികളിൽനിന്നും താലൂക്കടിസ്ഥാനത്തിൽ ആവശ്യങ്ങൾ എഴുതി അയച്ചു. ഡിസ്ട്രിക്റ്റ്കമ്മിറ്റിയിൽ വന്നപ്പോൾ ആ എഴുതി അയച്ച പ്ലാനൊന്നും അവിടെ കാണുന്നില്ല. നേരെമറിച്ച് ക്യാബിനറ്റിൽനിന്നും ഡിപ്പാർട്ടുമെന്റ് മേധാവികളിൽനിന്നും കുറെ പ്ലാനുകൾ താഴോട്ടവരികയാണ് ചെയ്തതു്. താഴെനിന്നു മുകളിലേയ്ക്ക് എന്നുള്ളതു് മാറി മുകളിൽനിന്നും താഴോട്ടു വരികയാണ്. ശ്രീ. പ്രാക്കുളംഭാസിയും അതിൽ മെംബറാണ്. താലൂക്കുകമ്മിറ്റികൾ അംഗീകരിച്ച പ്ലാനുകൾ ക്രോഡീകരിക്കുന്നതിനല്ലേ ഡിസ്ട്രിക്റ്റ്കമ്മിറ്റികൾ വച്ചിരിക്കുന്നതു്. ചെയർമാനോടു് ചോദിച്ചപ്പോൾ എനിക്കതിനെപ്പറ്റി അറിഞ്ഞുകൂടെന്നു പറഞ്ഞു. ഗവണ്മെൻറിൽനിന്നും വന്ന പ്ലാനിനെപ്പറ്റി ഞങ്ങൾ ഡിസ്കസ് ചെയ്തു തീരുമാനമെടുത്തു. അവസാനം അതുമില്ല. ഡിപ്പാർട്ടുമെൻറ്മേധാവികൾ കുറെ തീരുമാനങ്ങൾചെയ്തു. ജനകീയയുഗത്തിൽ ഒരു പ്ലാൻ രൂപം കൊള്ളുമ്പോൾ പഴയ ഡിപ്പാർട്ടുമെൻറ് മേധാവികൾ തയ്യാറാക്കിയ പ്ലാനുകളാണോ അംഗീകരിച്ചു് നടപ്പിലാക്കേണ്ടതു്? സർ, ആ പ്ലാൻ വായിച്ചുനോക്കിയാലറിയാം, ഒരു ഗ്ലോറിഫൈഡ് പി. ഡബ്ലിയു. ഡി. ബഡ്ജറ്റിൽക്കവിഞ്ഞു് ആ പ്ലാനിനു് എന്തു വിലയാണുള്ളതു്. ഒരു പ്ലാൻ നടപ്പിലാക്കുന്നതിൽ ജനങ്ങൾക്കു് ആവേശം നൽകുന്നതായി എന്തെങ്കിലും ആ പ്ലാനിലുണ്ടോ? രാഷ്ട്രീയപരിഗണനകൾ ഭരണാധികാരികൾ കാണിക്കുന്നതു് ക്രിമിനലാണ്. പ്ലാനിന്റെ നക്കൽ ഇവിടെ വച്ചിട്ടുണ്ട്. ആറാറിങ്ങൽ മുതൽ വടക്കേട്ടുള്ള തീരപ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള വല്ല പ്ലാനും അതിലുണ്ടോ? ആറാറിങ്ങൽ ഒരു കമ്മ്യൂണിസ്റ്റ് മുനിസിപ്പൽ ചെയർമാൻ ആയതുകൊണ്ടാണോ അവിടത്തെ കാര്യം പ്ലാനിൽ ഉൾപ്പെടാത്തതു്? ആലപ്പുഴ മുനിസിപ്പൽ ചെയർമാനും ഒരു കമ്മ്യൂണിസ്റ്റാണ്. ചേർത്തല മുനിസിപ്പൽ ചെയർമാനും കമ്മ്യൂണിസ്റ്റാണ്. അതുകൊണ്ടു പ്ലാനിൽ ആറാറിങ്ങൽ, ആലപ്പുഴ, ചേർത്തല എന്നീ പ്രദേശങ്ങൾ വിട്ടുപോയി. ഭൂമിശാസ്ത്രത്തിൽ പേരു കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ ജല വിതരണം നടത്തുന്നകാര്യം പ്ലാനിൽ കൊള്ളിച്ചിട്ടുണ്ട്. കാൺഗ്രസ്സ് പാർട്ടിയെ ജനങ്ങൾ വെല്ലുവിളിച്ച സ്ഥലങ്ങളാണ് ഞങ്ങളുടേതു്. ആ സ്ഥലങ്ങളെ അവഗണിക്കരുതു്, അപേക്ഷയാണ്. പൊലീസിനെപ്പറ്റി കഴിഞ്ഞ പ്രാവശ്യം പരാമർശനങ്ങളുണ്ടായി. എന്തെങ്കിലും പ്രയോജനമുണ്ടോ? ഈ സഭയുടെ ഉൽഘാടനം നമ്മൾ കണ്ടില്ലേ. ഈ നിയമസഭാസമ്മേളനം ഉൽഘാടനം ചെയ്തതു് ഇത്തവണ പൊലീസാണ്. ഇനി രാജപ്രമുഖനെ വിളിക്കേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ഐ. ജി. ചന്ദ്രശേഖരൻനായരെ വിളിച്ചാൽമതി. നാണംവരുന്ന, ലജ്ജിക്കുന്ന ഇതുപോലുള്ള സംഭവങ്ങൾ തുടരാൻ കാൺഗ്രസ്സ് പാർട്ടി അംഗങ്ങൾ അനുവദിക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നത്?

രാഷ്ട്രീയം തൊട്ടുതേയ്ക്കാത്ത ചില കാര്യങ്ങൾ സമർപ്പിക്കാം. പൊലീസുകാർ കിരാതന്മാരാണ്, എന്നാൽ കിരാതന്മാക്ക് കുറെ കഴിവുണ്ടായിരിക്കും. അതുപോലും ഇല്ലാത്ത പൊലീസുകാരാണ് ഇവിടെ ഉള്ളത്. ആലപ്പുഴ ഒരുദിവസം ഒരു ഭാര്യയും ഭർത്താവും ആഴമേറിയ മുറിവുകൾകൊണ്ട് മരിച്ചുകിടക്കുന്നു. അവിടത്തെ പൊലീസ് ആത്മഹത്യയാണെന്ന റിപ്പോർട്ടുചെയ്തിരിക്കുന്നു. ചേർത്തലയിൽ ഒരുദിവസം പതിനാലിൽപ്പരം വെട്ടുകൾ ഏറ്റ് തെങ്ങിന്റെ മുട്ടിൽ ഒരാൾ മരിച്ചുകിടക്കുന്നു. ആത്മഹത്യയാണെന്ന പൊലീസ് റിപ്പോർട്ടുചെയ്തു. കുത്തിയതോട്ടിൽ ക്ഷതമേറ്റും ഒരാൾ വെള്ളത്തിൽ മുങ്ങി കിടന്നിരുന്നു. ആത്മഹത്യയാണെന്ന് പൊലീസ് റിപ്പോർട്ടുചെയ്തു. ഇതുപോലെയുള്ള എത്രയോ സംഭവങ്ങൾ ചൂണ്ടിക്കാണിക്കാം. ഇതുപോലെയുള്ള പൊലീസ് സൈന്യത്തെ, പൊലീസ് മേധാവികളെ, വച്ചുകൊണ്ടിരിക്കുന്ന ഒരു ഗവണ്മെൻറിനെ ജനങ്ങൾക്ക് വച്ചുകൊണ്ടിരിക്കാൻ കഴിയുമോ. ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കാൻ അസാധാരണ പരിതഃസ്ഥിതി ഇവിടെ എന്തിരിക്കുന്നുവെന്ന് ശ്രീ. കരുണാകരൻ ചോദിക്കുകയുണ്ടായി.

ആയുർവേദ വിദ്യാർത്ഥികളെപ്പറ്റി ഇന്നലെ ഇവിടെ പരാമർശിക്കയുണ്ടായി. അതൊരു നിസ്സാരകാര്യമല്ല. നിസ്സാരകാര്യമായിരുന്നുവെങ്കിൽ ഡാക്ടർ എ. ആർ. മേനോൻ അതുസംബന്ധിച്ച് പ്രകടിപ്പിക്കയില്ലായിരുന്നു. വൈദ്യന്മാർ ജീവന്റെ രക്ഷാധികാരികളാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ആയുർവേദ ലക്ചറായി നിയമിച്ചത് കാൺഗ്രസ് ഗവണ്മെൻറല്ല, പി. എസ്സ്. പി. ഗവണ്മെൻറാണെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്സ് : എനിക്കറിഞ്ഞുകൂടാ.

MR. SPEAKER: Yes, you may proceed, there are two members of the Treasury benches to speak.

ശ്രീ. ടി. വി. തോമസ്സ് : വൈദ്യന്മാർ ജനങ്ങളുടെ ജീവന്റെ രക്ഷാധികാരികളാണ്. അവർക്ക് ചികിത്സയുടെ പ്രാഥമിക പാഠം പോലും പഠിപ്പിക്കാതെ വൈദ്യകലാബിരുദം കൊടുത്തുവിട്ടാൽ അത് കൊലപാതകത്തിന് കൂട്ടുനിൽക്കുക എന്നല്ലെ അർത്ഥം. വൈദ്യന്മാരെയും ഡാക്ടറന്മാരെയും ചികിത്സയുടെ പ്രാഥമിക പാഠംപോലും പഠിപ്പിക്കാതെ വെളിയിൽ വിടുന്ന മന്ത്രിസഭ കൊലപാതകങ്ങൾക്കുത്തരം പറയണം.

ഇവിടെ 26 ലക്ഷം രൂപയുടെ ഒരു ധൂർത്തടിയെപ്പറ്റി ചർച്ചനടന്നു. മരച്ചീനികൃഷിക്കാർക്ക് ആശ്വാസം കൊടുക്കുന്നതിനുവേണ്ടി 10,000 രൂപയുടെ ഒരു ഡിമാൻറ് അവതരിപ്പിച്ചുകൊണ്ട് ഇന്നലെ ഒരു ചർച്ച നടത്തി. ഇതു സംബന്ധിച്ച് ഇതിനുമുമ്പുണ്ടായിട്ടില്ലാത്തവിധത്തിൽ ഈ സഭയുടെ എല്ലാഭാഗത്തുനിന്നും, കക്ഷിഭേദമന്യേ ഒരു ഏകമാൻഡേറ്റ് മന്ത്രിസഭയ്ക്ക് കൊടുത്തിരുന്നു. നിങ്ങൾ എത്ര രൂപവേണമെങ്കിലും ചെലവാക്കൂ, കൃഷിക്കാരന് ആശ്വാസം വേണം. 26 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

ധൂർത്തടിച്ചശേഷം മന്ത്രി ജാൺ പറയുകയാണ് ഞങ്ങൾ തോറ്റു, നിങ്ങൾക്ക് എന്തെങ്കിലും ഫലപ്രദമായ പ്ലാനുണ്ടെങ്കിൽ പറഞ്ഞുതരാമെന്ന്. ഇത്രയ്ക്ക് കഴിവില്ലാതെ ഭരിച്ചിട്ടുള്ള ഒരു മന്ത്രിസഭ ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? കഴിവില്ലായ്മകളുടെയും ധൂർത്തടിയുടെയും മൂർത്തികളാണിവർ. 26 ലക്ഷം രൂപ ധൂർത്തടിച്ചശേഷം കൃഷിക്കാരനു് യാതൊരു രക്ഷയും കാര്യമായി നൽകാൻ കഴിയാത്തവിധത്തിൽ ചെലവാക്കിയശേഷം, പറയുകയാണ് സദുദ്ദേശത്തോടുകൂടി ഞങ്ങൾ ചെലവാക്കിയതാണ് എന്ന്. സദുദ്ദേശമെന്നു പറഞ്ഞാൽ മാപ്പുകിട്ടുമോ? The way to Hell is paved with good intentions. നരകത്തിലേയ്ക്കുള്ള വഴി നല്ല ഉദ്ദേശങ്ങളെക്കൊണ്ടു് പാകപ്പെടുത്തിയിരിക്കയാണെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബൈബിളിൽ പറഞ്ഞിട്ടുള്ളതാണോ?

ശ്രീ. ടി. വി. തോമസ്സ്: തോമസ്സ് അക്വിനാസ് എന്ന ആശാൻ പറഞ്ഞിട്ടുണ്ടു്.

പൊളിറ്റിക്കൽ കറപ്ഷന്റെ കാര്യവും ഇവിടെ പറയുകയുണ്ടായി. വ്യക്തിപരമായ കറപ്ഷനെപ്പറ്റി ഞാൻ സംസാരിക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യം വയലാർ–പുന്നപ്ര തടവുകാരെ മോചിപ്പിച്ചപ്പോൾ മനസ്സാക്ഷിയനുസരിച്ചു് ചെയ്തതാണോ, സമ്മർദ്ദംകൊണ്ടു ചെയ്തതാണോ എന്നു് ഇന്നത്തെ മുഖ്യമന്ത്രി ചോദിച്ചു. എനിക്കു് അതുപോലെ ഒരു ചോദ്യം അദ്ദേഹത്തോടു ചോദിക്കാനുണ്ടു്. തമിഴ്നാടുപ്രതികളെ വിട്ടതിൽ എനിക്കു പരാതിയില്ല. വിടണമെന്നു് വാദിച്ചവനാണു് ഞാൻ. സർ, തമിഴ്നാടുപ്രതികളെ മോചിപ്പിച്ചുസ്ഥിതിയ്ക്കു് അതുപോലെതന്നെ രാഷ്ട്രീയപരിഗണനയുള്ള മറ്റു പ്രതികളെ വിടേണ്ടതല്ലേ? തമിഴ്നാടു കേസുകൾ പിൻവലിച്ച ഈ മന്ത്രിസഭ അതുപോലുള്ള രാഷ്ട്രീയകേസുകൾ പിൻവലിക്കാത്തതെന്തുകൊണ്ടു്? 10 വോട്ടുകൾക്കുവേണ്ടിയാണു് മന്ത്രിസഭ പ്രവർത്തിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ പരാതിപ്പെടാനുണ്ടോ? ഞാൻ പൊളിറ്റിക്കൽ കറപ്ഷനുണ്ടെന്നു് മന്ത്രിസഭയെ കുറ്റപ്പെടുത്തുകയാണു്.

പി. എസ്സ്. പി. ഗവണ്മെൻറിനെതിരായി അന്നു് അവർ നടത്തിയ പരിഷ്കാരത്തെപ്പറ്റി ഇന്നത്തെ മുഖ്യമന്ത്രി പറയുകയുണ്ടായി, കമ്മ്യൂണിസ്റ്റുകാരുടെ പിന്തുണയോടുകൂടിയാണെന്നു്. ഇന്നത്തെ മന്ത്രിസഭയിൽനിന്നു് ഞങ്ങൾ ഒരു കൂപ്പിവിളയെങ്കിലും പ്രതീക്ഷിച്ചു. കൂപ്പിവിളയല്ല, വെടിവെയ്പാണു് കൊണ്ടുവന്നതു്. ഭൂരിപക്ഷം ജനങ്ങളുടെ ജനാധിപത്യാവകാശത്തെ ഈ ഗവണ്മെൻറ് നിഷേധിച്ചുകൊണ്ടിരിക്കയാണു്. നിങ്ങൾ അങ്ങേവിടയോ ഒരു ഇടിമുഴക്കം കേൾക്കുന്നില്ലേ. ജനാധിപത്യാവകാശം നിഷേധിച്ചിട്ടുള്ള ജനങ്ങളുടെ പ്രതികാരത്തിന്റെ ഗർജ്ജനമാണു് അതു കേൾക്കുന്നതു്. അങ്ങേവിടെയോ ഒരു മണിമുഴക്കം നിങ്ങൾ കേൾക്കുന്നില്ലേ? അതു് നിങ്ങളുടെ മരണമണിയാണു്.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു. ഇവിടെ ചില ഫാസ്റ്റ് കോൺട്രാക്റ്റിനെ സംബന്ധിച്ചു് പരാ

LIBRARY ARCHIVES Kerala Legislative Assembly

മർശിക്കുകയുണ്ടായി. അതു് 1953-ൽ ഫാറസ്റ്റിൽ നിന്നും ഒരു കാൺട്രക്റ്റ് മി. കെ. സി. കുഞ്ഞു് കൊടുത്തതു സംബന്ധിച്ചാണു് ഉന്നയിക്കപ്പെട്ടതു്. അതു സംബന്ധിച്ചു് ഫൈൽ വരുത്തിയശേഷം അതു പരിശോധിക്കുകയും അതേപ്പറ്റി ദീർഘമായ ആലോചനയ്ക്കുശേഷം ഒരു ഇൻറിം ആർഡർ പാസ്സാക്കുകയും ചെയ്തിട്ടുണ്ടു്. ആ ആർഡർ സഭയുടെ ശ്രദ്ധയ്ക്കു വേണ്ടി വായിക്കാമെന്നു് വിചാരിക്കുന്നു.

"Ascertain immediately :

1. Who prepared the original estimate and on what date ;

2. Who prepared the subsequent estimate for incorporation in the gareement and on what date ?

3. Who prepared the draft agreement and who ordered the change of provisions regarding quantity and period ?

4. What is the number of trees and how much timber is expected from the area according to the present estimate ?

5. How far the contractor has progressed in the work so far ?

The S. G. may get the original files in the Offices of the C. C. F. and the D. F. O. and examine and then put up the file as early as possible. "

ഇങ്ങനെ എഴുതിയതിനുശേഷം

"Please get the explanation of the Officers concerned with remarks of the Chief Conservator of Forests. "

ഇങ്ങനെയുള്ള ഒരു ആർഡർ അവസാനമായിട്ടു് ഞാൻ എഴുതിയിട്ടിരിക്കുകയായിരുന്നു. ഇതു സംബന്ധിച്ചുള്ള ഫൈൽ വന്നശേഷം അതേപ്പറ്റി നടപടികൾ എടുക്കാവുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഞാൻ വ്യക്തിപരമായി ഒരാരോപണം കൊണ്ടുവരണമെന്നു് ഉദ്ദേശിച്ചുകൊണ്ടല്ല ഇതു പറഞ്ഞിട്ടുള്ളതു്.

ശ്രീ. എ. ജെ. ജാൺ : ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ചിട്ടുള്ളതു് ആരോപണമായിട്ടുതന്നെയാണു്.

ഇതുകൂടാതെ രണ്ടാമതായി അദ്ദേഹം വേറൊരു ആരോപണം ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. അതു് ചാലക്കുടിയിലെ ഒരു കാൺട്രാക്റ്റ് സംബന്ധിച്ചാണു്. അതു സംബന്ധിച്ചും ഈ സഭയിലുള്ള തെറ്റിദ്ധാരണ നീക്കണമെന്നു് എനിക്കു് ആഗ്രഹമുള്ളതുകൊണ്ടു് ആ കാര്യത്തെപ്പറ്റി ചില സംഗതികൾ ഞാനിവിടെ പ്രസ്താവിക്കാം.

ഫാറസ്റ്റ് കൺസർവേറ്ററുടെ റിപ്പോർട്ടു് ഇപ്രകാരമാണു്:—

"The question of entrusting supply and purchase to the same party need not be ruled out or looked as one giving room for risks or irregularities, as in this case, the bottle-

LIBRARY ARCHIVES Kerala Legislative Assembly

[Shri A. J. John]

neck of the tramway as the only transport medium and purchase of the timber being only through the Chalakudi depot, after taking its stock there, guarantees against any possible malpractice or irregularity. This would only entail a payment of kolevila to the contractor and the re-imbursing of the amount towards the purchase value. As a matter of fact it saves a lot of botheration as the same person who has loaded at one end supply timber, has perforce to accept it at the other end, *viz.*, at the Chalakudi depot when deliveries are effected after transport by the tramway as a contractual obligation.

If the supply work alone, on the other hand is given at tendered rate leaving the disposal to auctions, the species, being vellapine and paly are quickly deteriorating and may not fetch as attractive a price as offered, before they get sold from the Chalakudi depot owing to the peculiar condition of the tramway transport which entails delay with the bottle-neck of a maximum haulage capacity of only 300 tons a month if worked regularly, besides the usual delay in depot auctions. The rate offered for supply contract is reasonable consistent with the species and Sri P. D. Paul would be able to take the work quickly and also regulate it, he being interested in the purchase also, since he has all the facilities to do so readily, as he is reported to have not disbanded his team which was working in the area in 1954-55. The purchase rate of Rs. 128/- per ton is also very advantageous considering the species.

In the circumstances, I would recommend that in order to cover the emergencies detailed above, the Pulickalshola area may be worked and paly and vellapine contract may be sanctioned in the name of Sri P. D. Paul and the tramway loaded without a day's break in its regular working. In view of the fact that his rate for the purchase, at Rs. 128/- per ton at the Chalakudi depot, is the highest in the tenders received, which is, as aforesaid, attractive considering the species, sanction may kindly be accorded to confirm the sale also in his name. The contractor will be insisted to see that the tramway is fed without interruption to a maximum quantity of 300-350 tons per month or as per requirements of the department and to immediately take delivery of the same."

ഞാൻ മുൻപു വായിച്ചല്ലൊ ചാലക്കുടി ഡിപ്പോയിലെ തടികൾ സംബന്ധിച്ച് പി. ഡി. പാളിനു കൊടുത്ത ഒരു കാൺട്രാക്ടിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ടാംവേയിൽക്കൂടി അല്ലാതെ മറെറാരു മാർഗ്ഗത്തിൽക്കൂടിയും ടിംബർ കൊണ്ടുപോകാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ കാൺട്രാക്ററ് കൊടുത്തിട്ടുള്ളതു്. പിന്നീട് ഒരാരോപണം കൊണ്ടുവന്നിട്ടുള്ളതു് ശ്രീ. വയലാ ഇടിക്കുളയ്ക്ക് കൊടുത്തിട്ടുള്ള ഒരു വക്കിനെപ്പററിയാണ്. അതേപ്പററി ഉണ്ടായിട്ടുള്ള റിക്കാർഡുകളും വരുത്തിയിട്ടുണ്ട്. എന്നാൽ അതിനെ സംബന്ധിച്ചുള്ള പരാതിഹർജികളും എന്റെ അടുത്തല്ല വന്നിട്ടുള്ളതു്. ഈ കാര്യത്തിൽ ഒരു സ്റ്റേഓർഡർ കൊടുത്തിട്ടുള്ളതും ഞാനല്ല. അതു് ഫാറസ്റ്റ് സെക്രട്ടറിയാണ്. ഫൈലുകളെല്ലാം വരുത്തി പരിശോധിച്ച ശേഷം നടപടികളും എടുക്കാമെന്നു മാത്രമേ എനിക്കു് ഇതിനെപ്പററി പറയാനുള്ളൂ.

SHRI K. BALAKRISHNAN : Will the mover of the motion get a chance to reply ?

MR. SPEAKER : Two or three minutes. Not more than that.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങളായിട്ടു വരാൻ പോകുന്നു, വരാൻപോകുന്നു എന്നു ആർ. എസ്. പി. കേന്ദ്രങ്ങളിൽനിന്നും കേട്ടിരുന്ന അവിശ്വാസപ്രമേയം വന്നു് അവസാനിക്കുവാൻ പോകുകയാണു്. കഴിഞ്ഞ ഏതാനും കാലമായി അങ്ങനെ കറുത്തിരുണ്ടുവരുന്ന ആ മേഘങ്ങളും എന്താണു വർഷിക്കാൻ പോകുന്നതെന്നു അറിയാൻ ഈ സഭയിലെ എല്ലാ അംഗങ്ങളും അതുപോലെ പൊതുജനങ്ങളും കാത്തിരിക്കുകയായിരുന്നു. ആ മേഘങ്ങളുടെ നിർഘോഷം കുറച്ചു ദിവസങ്ങളായി കേൾക്കുന്നുണ്ടു്. ഇന്നലെ അവയിൽനിന്നും ഒരു ചാറൽ മഴയും ഉണ്ടായി. ഇന്നു അതെന്താണെന്നു അതായതു അതിന്റെ രൂപം എന്താണെന്നു കേട്ടുകഴിഞ്ഞതുകൊണ്ടും അതിനെ സംബന്ധിച്ചു സർ, അങ്ങേയ്ക്കും ഈ നാട്ടിലെ പൊതുജനങ്ങൾക്കും എന്താണു പറയാനുള്ളതെന്നു ഏറെക്കുറെ മനസ്സിലായിക്കഴിഞ്ഞിരിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. കറുത്തിരുണ്ടു തടിച്ചുകൂടിയ മേഘങ്ങളുടെ ഇടയിൽ കുറച്ചുമാത്രമേ വെള്ളം ഉണ്ടായിരുന്നുള്ളു എന്നും അതുതന്നെ ഇങ്ങനെ ആണല്ലോ വർഷിച്ചതെന്നും വിചാരിച്ചു ഞാൻ കൃതാർത്ഥനായിരിക്കുകയാണു്. ഈ മേഘങ്ങൾ തടിച്ചുകൂടാൻ ഇടയായതു ചാവറയിലുണ്ടായ തൊഴിൽക്കുഴപ്പം സംബന്ധിച്ചാണു്. അതിനെപ്പററി ഈ സഭയിൽ ഒരു അവിശ്വാസപ്രമേയം കൊണ്ടുവരാൻ പോകുന്നു എന്നും ശ്രീ. ബേബിജാൺ അതു അവതരിപ്പിക്കാൻ പോകുന്നു എന്നുമാണു ആദ്യം കേട്ടതു്. എന്നാൽ ഇന്നു ശ്രീ. ടി. കെ. ദിവാകരൻ ആണു് അവിശ്വാസപ്രമേയം സഭയിൽ അവതരിപ്പിച്ചതു്.

സർ, ഈ അവിശ്വാസപ്രമേയത്തെപ്പററി എനിക്കു പറയുവാനുള്ളതു് അതിനെ സംബന്ധിച്ചു ഇവിടെ നടന്ന വാദപ്രതിവാദങ്ങളെയും ഗുണദോഷങ്ങളെയും പറഞ്ഞുള്ള തർക്കങ്ങൾ ഈ സഭയിൽ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു എന്നാണു്. എന്തുകൊണ്ടെന്നാൽ, ഈ കാര്യത്തിൽ ഒരു സിദ്ധാന്തമനസ്ഥിതിയും ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല. എംപ്ലായ്മെൻറ് എക്സ്ചേഞ്ചിനെപ്പററി, അവരുടെ നിയമനങ്ങളെപ്പററി ഇവിടെ വലിയ ഒച്ചപ്പാടു ഉണ്ടാക്കിയിട്ടുണ്ടു്. എംപ്ലായ്മെൻറ് എക്സ്ചേഞ്ചിനെപ്പററിയുള്ള ആർഡർ എഴുതിയതിൽനിന്നും ഉള്ള ഉത്തര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വാദിതപം ഒഴിയാനല്ല ഞാൻ ഭാവിക്കുന്നതു്. അതായതു് ശ്രീ. നടരാജപിള്ള എഴുതിയിട്ടുള്ള ഒരു ആർഡർ ആണു്. ആ ആർഡറിനെ അവഗണിക്കുകയല്ല ഞാൻ ചെയ്യുന്നതു്. ഞാൻ രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടു പ്രതികാരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നു എന്നു പറയുകയുണ്ടായി. അതു ശരിയല്ലെന്നു സ്ഥാപിക്കുന്നതിനുവേണ്ടിയാണു അതിൽ അടങ്ങിയിട്ടുള്ള സത്യാവസ്ഥ ഒരു വെളിപ്പെടുത്താമെന്നു ഞാൻ വിചാരിക്കുന്നതു്. സർ, അനേകം തൊഴിൽതർക്കസംഭവങ്ങൾക്കുശേഷം യൂണിയൻ പ്രതിനിധികൾ ചവറ തർക്കത്തിനെപ്പറ്റി ഒരു അഡ്ജൂഡിക്കേഷൻ വേണമെന്നു ഇൻഡ്യാഗവണ്മെൻറിനോടപേക്ഷിച്ചു. അതനുസരിച്ചു ഇൻഡ്യാഗവണ്മെൻറു അഡ്ജൂഡിക്കേഷൻ ആർഡർ നൽകുകയും ചെയ്തു. അതിൽ അടങ്ങിയിട്ടുള്ള ഇഷ്യൂ എന്താണെന്നു ഞാൻ ഇവിടെ വായിക്കാം. ഈ സംഗതി ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണു്.

"1. Is the T. M. C. Workers' Union justified in demanding that the 128 workers recruited for work in June 1955 should be discharged? Is the General Manager bound to discharge them as demanded by the Union?

2. Is the decision to recruit workers through the Employment Exchange wrong? Is the Union within its rights in objecting to this procedure?

3. Are there past workers of the Concern entitled to preference when workers are to be recruited? If so, is a list of such workers available? If not, is it possible to prepare a list of such workers according to length of service with reasonable accuracy?"

ഈ കാര്യം ഇവിടെ വായിച്ചതു എന്തിനാണെന്നുവച്ചാൽ ശ്രീ. നടരാജപിള്ള പറയുകയുണ്ടായി അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിനു കിട്ടിയ വിവരം വച്ചുകൊണ്ടു മുൻപു് മിനറൽ കമ്പനിയിൽ ജോലി ചെയ്തിരുന്ന ആളുകളുടെ ഒരു ലിസ്റ്റു് എടുക്കാൻ സാധിച്ചില്ല എന്നു്. സർ, അതേ അനുഭവംതന്നെയാണു ഇന്നത്തെ ഗവണ്മെൻറിനും ഉണ്ടായതു്. അതുകൊണ്ടാണു് ഈ കേസ് ഒരു അഡ്ജൂഡിക്കേഷനുവേണ്ടി വിട്ടുകൊടുക്കാൻ ഗവണ്മെൻറു സമ്മതിച്ചിട്ടുള്ളതു്.

ഇങ്ങനെ ഈ നൂറിരുപത്തെട്ടുപേരെ റിക്രൂട്ടുചെയ്തതു് ശരിയാണോ അതോ അവരെ പിരിച്ചുവിടേണ്ടതാണോ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽക്കൂടി ഇവരെ റിക്രൂട്ടു ചെയ്യുവാനുള്ള തീരുമാനം എടുത്തിട്ടുള്ളതു് ശരിയാണോ, അതോ, ഈ വ്യവസായശാലയിൽ പണ്ടു് ജോലി ചെയ്തിട്ടുള്ളവരുടെ ഒരു ലിസ്റ്റു് എടുത്തു് പരിശോധിക്കേണ്ടതാണോ, ഇങ്ങനെയുള്ള പ്രശ്നങ്ങളാണു് ഈ ഗവണ്മെൻറിൻറെയും കമ്പനി ജനറൽമാനേജരുടെയും സമ്മതത്തോടുകൂടി യൂണിയൻറെ അപേക്ഷപ്രകാരം അഡ്ജൂഡിക്കേഷനു് വിട്ടുകൊടുത്തിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മന്ത്രി വായിച്ചതിൽ സെക്ഷൻ 10 (2) അല്ല 10 (1) ആണെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ അല്ല. സെക്ഷൻ 10 (2) അനുസരിച്ച് ഒരു ജായിൻറ് ആപ്ലിക്കേഷനെ സംബന്ധിച്ചാണ് ഞാൻ പറയുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : അതിൽത്തന്നെ സെപ്പറേറ്റിലി ആൻഡ് ജായിൻറിലി എന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം. സർ, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിനു് അനുസരിച്ചു ഈ ഗവണ്മെൻറിനു ഒരു തൊഴിൽ തർക്കം അഡ്ജൂഡിക്കേഷനുമൻപിൽ വിട്ടുകൊടുക്കാനുള്ള അധികാരമുണ്ട്. ആ അധികാരം ഉപയോഗിക്കുന്നതുതന്നെ ഗവണ്മെൻറിനുവേണ്ടി മാത്രമല്ല യൂണിയനുവേണ്ടിയും കൂടിയാകുന്നു. അതായതു് യൂണിയൻറെ അപേക്ഷപ്രകാരമാണ് വിട്ടുകൊടുത്തിട്ടുള്ളതു്. ഈ 128 പേരെ പിരിച്ചുവിടണോ, അങ്ങനെ പിരിച്ചുവിട്ടിട്ട് മറ്റു വല്ലവരേയും എടുക്കണമോ, അങ്ങനെ എടുക്കണമെങ്കിൽ ആരെയെല്ലാമാണ് എടുക്കേണ്ടതു് ഈ സംഗതികളും കേന്ദ്രഗവണ്മെൻറിൻറെ നിർദ്ദേശപ്രകാരം അഡ്ജൂഡിക്കേഷനു് സമർപ്പിച്ചിരിക്കുകയാണു്. ഞാൻ മുൻപറഞ്ഞ കാരണങ്ങളാൽ ഈ തൊഴിൽതർക്കത്തെ സംബന്ധിച്ചു ഗവണ്മെൻറിനു യാതൊരു നിർബന്ധബുദ്ധിയും ഇല്ലെന്നുള്ളതു തെളിഞ്ഞുകഴിഞ്ഞു. സർ, ഇവിടെ പല തൊഴിലാളിസമരങ്ങളെപ്പറ്റിയും അവയിൽ നിന്നുണ്ടാകുന്ന വൈഷമ്യങ്ങളെപ്പറ്റിയും പല മെംബറന്മാരും പ്രസ്താവനകളും പറഞ്ഞിട്ടുണ്ടു്. സർ, തൊഴിലാളികളും ഈ സംസ്ഥാനത്തു മാത്രമല്ല, ഇൻഡ്യയിലെവിടെയും, അവരുടെ അവശതകളും പരിഹരിക്കുന്നതിനു് പണിമുടക്കു നടത്തുക, സ്ട്രൈക്കു നടത്തുക, നിരാഹാര സത്യഗ്രഹം നടത്തുക ഇങ്ങനെയുള്ള പല സംഗതികളും ചെയ്യുന്നുണ്ടു്. എൻറെ സ്നേഹിതൻ ശ്രീ. ടി. വി. തോമസ്സു് ചേപ്പാട്ടേ കായ്യും ഇവിടെ പറയുകയുണ്ടായി. അവിടെ കൂലി സംബന്ധിച്ചു ചില അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ടെന്നു് പറയുകയുണ്ടായി. അതുപോലെ കണ്ടശ്ശാംകടവിനെപ്പറ്റി പറഞ്ഞു, അവക്കു് തൊഴിൽ കിട്ടാത്തതിലുള്ള കഴപ്പുകളാണ് അവ. ഇങ്ങനെ നൂറു നൂറു കായ്യങ്ങളെപ്പറ്റി നമ്മുടെ രാജ്യത്തും, പുറത്തും തൊഴിൽ സമരങ്ങളും ഉണ്ടാകുന്നുണ്ടു്. എന്നാൽ അതിൻറെ ഒരു അടിസ്ഥാനവുമില്ലാത്ത ഒരു സമരമാണു് ആർ. എസ്. പി. നടത്തുന്നതു്. സർ, ചരിത്രത്തിൽ ആദ്യമായിട്ടാണു് തൊഴിലിലേർപ്പെട്ടിരിക്കുന്ന നൂറിലിരുപത്തിയെട്ടു തൊഴിലാളികളെ പിരിച്ചുവിടുന്നതിനുവേണ്ടി ആർ. എസ്. പി. സമരം ചെയ്തിട്ടുള്ളതു്. 128 തൊഴിലാളികളെ പിരിച്ചുവിട്ടേ തീരൂ എന്നു പറഞ്ഞു് സ്ട്രൈക്കും പണിമുടക്കും മറ്റും ഉണ്ടാക്കുന്നതു് എൻറെ അറിവിൽ ഇതാദ്യമായിട്ടാണു്.

ശ്രീ. ബേബി ജാൺ : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന സത്യവിരുദ്ധമാണെന്നു അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഞാൻ ആ ചോദ്യത്തിനു വഴങ്ങുന്നില്ല.

ശ്രീ. ബേബി ജാൺ : സർ, ഇന്നത്തെ ഭരണകക്ഷിയുടെ നേതാവായ മുഖ്യമന്ത്രി സത്യവിരുദ്ധമായിട്ടുള്ള പ്രസ്താവന പുറപ്പെടുവിക്കുമ്പോൾ അതു സത്യവിരുദ്ധമാണെന്നു് സമ്മതിക്കാൻ തയ്യാറില്ലാതെ വഴങ്ങുന്നില്ല എന്നു പറയുന്നതു് ശരിയാണോ ?

മി. സ്പീക്കർ : അദ്ദേഹം അവസാനം ചോദ്യങ്ങൾക്കെല്ലാം മറുപടി പറയുന്നതായിരിക്കും.

SHRI K. BALAKRISHNAN : Sir, my point is this. Certain facts are placed before the House. The Chief Minister is now giving certain false facts. When we question them, he does not yield. I should say those are points to be contradicted then and there. Therefore we want a ruling on this matter. Further, he said yesterday that a member made reference to this matter inside the Chamber, but that particular member has come today and denied it. Is it within the competence of the Chief Minister to go on making false statements on this important matter. I want a ruling on this point.

12 Noon.

മി. സ്പീക്കർ : അദ്ദേഹത്തിന്റെ പ്രസംഗം തീർന്നാൽ ചോദ്യോത്തരങ്ങൾക്ക് വേണ്ടി സമയം അനുവദിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഇന്നലെ ഞങ്ങൾ കൊടുത്ത മെമ്മോറാണ്ടം ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്. ചവറ തൊഴിൽ തർക്കത്തെ സംബന്ധിച്ച് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടണമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതല്ലാതെ 128 പേരെ പിരിച്ചുവിടണമെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചവറ മിനറൽ കമ്പനിയിൽ തൊഴിൽ ചെയ്യുന്നവരുടെ കൂലി സംബന്ധിച്ചോ അവർക്ക് തൊഴിൽ കിട്ടാത്തതിനെ സംബന്ധിച്ചോ ഉള്ള ഒരൊറ്റ ശബ്ദം പോലും അവിടെ ഉണ്ടാക്കിയിട്ടില്ല. നേരെ മറിച്ച് ജോലിക്കെടുത്തിട്ടുള്ള 128 തൊഴിലാളികളെ പിരിച്ചുവിടണമെന്നാണ് അവരുടെ തീവ്രമായ വാദം. എന്നാൽ അങ്ങനെ പിരിച്ചുവിട്ടിട്ട് ആ സ്ഥാനത്തേയ്ക്ക് ആരെയെല്ലാം എടുക്കണമെന്നുള്ളതിലേയ്ക്ക് ഒരു ലിസ്റ്റ് ഉണ്ടോ എന്നു ചോദിച്ചാൽ അതുമില്ല. അങ്ങനെ ഇരിക്കെ ആരേ എടുക്കണമെന്നാണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഒരു ലിസ്റ്റ് തയ്യാറാക്കി തന്നാൽ അതനുസരിച്ച് നിയമനം നടത്താൻ ഗവണ്മെന്റ് തയ്യാറാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ തയ്യാറാക്കുന്ന ലിസ്റ്റനുസരിച്ച് നിയമനം നടത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾ എടുത്തിട്ടുള്ള നൂറിഇരുപത്തിയെട്ട് ആളുകളെയല്ല അവിടെ എടുക്കേണ്ടത്, വേറെ ആളുകളെയാണ് അവിടെ എടുക്കേണ്ടതു് എന്നുള്ളതിലേയ്ക്ക് ഒരു രേഖയും അവരുടെ കൈവശമില്ല, മാത്രമല്ല യൂണിയൻ സമർപ്പിച്ചിട്ടുമില്ല. നേരെമറിച്ച് അവർ പറയുന്നത്, എടുക്കേണ്ടതു് ആരെയെല്ലാമാണെന്നുള്ളതിലേയ്ക്ക്, ഒരു അന്വേഷണം നടത്തണമെന്നുള്ളതാണ്. സർ, അങ്ങനെ അന്വേഷണം നടത്തിയാൽ തന്നെയും ആരെയും എടുക്കാൻ സാധിക്കുകയില്ലെന്നുള്ളതു് മുമ്പു മന്ത്രിയായിരുന്ന ശ്രീ. നടരാജപിള്ളതന്നെ പറഞ്ഞിട്ടുള്ളതാണ്. മാത്രവുമല്ല 128 പേരെ റിക്രൂട്ട് ചെയ്യുകയും ഒരഡ്ജൂഡിക്കേഷനു വിട്ടുകൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന സ്ഥിതിക്ക് അതിന്റെ തീരുമാനം വരുന്നതിനു മുൻപ് അവരെ പിരിച്ചു വിടുകയാണെന്നാണ് യൂണിയൻ പറയുന്നത്. ശരിയല്ല. എന്നിട്ടോ, ആരെയെല്ലാമാണ ആ സ്ഥാനത്തേയ്ക്ക് എടുക്കേണ്ടതു് എന്നു് ചോദിച്ചപ്പോൾ അതു് അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതാണെന്നാണ് യൂണിയൻ പറയുന്നതു്. സർ, ഇതു സംബന്ധിച്ചും ശ്രീ. നടരാജപ്പിള്ള യുടെ മറുപടിയേ ആസ്പദമാക്കിയും അദ്ദേഹം തന്നെ മുൻപു് അതയച്ചതു് 1954–മേയ് മാസം 28–ാം തീയതി ഒരു പ്രസ്നോട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതു് ഞാനീസഭയിൽ വായിക്കാം.

The notification of May 28, 1954 reads;

"It is notified for the information of the public that candidates desirous of getting employed in the TMC at Chavara and Manavalakurichi on a post carrying a basic pay below Rs. 75/—per mensem should get themselves registered with the Asst. Director of Resettlement in the Employment Exchange for such fresh appointments inclusive of unskilled labour will be made concerns only through the Employment Exchange at Trivandrum. The applications for appointments received by Government from the Concerns direct will be ignored. Government wish to make it clear that this procedure will be applicable to fresh recuritment alone and will not be applicable to vacancies for which acting and temporary hands are available in the existing waiting list of the concerns. etc. etc.

ഈ പ്രസ്നോട്ട് ഇഷ്യൂ ചെയ്തതു് 1954– മേയ് 28–ാം തീയതിയാണ്. അതിനശേഷം ശ്രീ. നടരാജപിള്ളയുടെ ആർഡർ പുറപ്പെടുവന്നതു് 1954 ജൂലായ് മാസത്തിലാണെന്നതോന്നുന്നു. ആ ഉത്തരവിനെ ആസ്പദമാക്കി ഗവണ്മെൻറ് സെക്രട്ടറി യൂണിയനയച്ചിട്ടുള്ള ഒരു കത്തും കൂടി ഈ സഭയിൽ വായിക്കുന്നതു സംഗതമാണെന്നു തോന്നുന്നു.

"In these circumstances I am constrained to inform you that the original decision of Government that recruitment to TMC to posts carrying a pay of Rs 76/—per mensem for fresh appointments inclusive of unskilled labour will be made through the Employment Exchange, Trivandrum, is to be adhered to."

ഇങ്ങനെയുള്ള ഒരു കത്തു് ശ്രീ. നടരാജപിള്ളയുടെ ഉത്തരവനുസരിച്ചു് ഗവണ്മെൻറ് സെക്രട്ടറി യൂണിയനു കൊടുത്തിട്ടുള്ളതാണ്. അതിലും പണ്ടു് ജോലി ചെയ്ത ആളുകളുടെ ലിസ്റ്റ് എടുക്കണം കായ്യം സാദ്ധ്യമല്ലെന്നു് മനസ്സിലാക്കാൻ സാധിക്കും. മാത്രമല്ല മുൻ തീരുമാനത്തിൽ തന്നെ നിൽക്കാനേ സാധിക്കുകയുള്ളുവെന്നും അണു് പറഞ്ഞിരിക്കുന്നതു്. സെക്രട്ടറിയുടെ ഈ എഴുത്തിനു മറുപടിയായി യൂണിയനിൽ നിന്നും ഒരു എഴുത്തു് കിട്ടിയിട്ടുണ്ടു്. അതു് മി. ശ്രീകണ്ഠൻ നായർ ഗവണ്മെൻറിലേയ്ക്കു് അയച്ചിട്ടുള്ളതാണു്. ആ എഴുത്തിൽ പറയുന്നതു് ഇങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

"There is no Justification in recruiting workers for TMC through Employment Exchange and we are bound to resist such attempts."

ശ്രീ. ടി. കെ. ദിവാകരൻ: രണ്ടു ലാറ്റർ ഗവണ്മെന്റിൽ നിന്നും അയച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല, ഒന്നേയുള്ളൂ. സർ, എന്റെ അഭിപ്രായത്തിൽ ഒരു തൊഴിൽതർക്കത്തെ സംബന്ധിച്ച് എന്തു തന്നെ ഉണ്ടായിരുന്നാലും ഒരു ഗവണ്മെന്റിന്റെ മുൻ തീരുമാനത്തെ അവഹേളിച്ച് അവജ്ഞയോടുകൂടി വീക്ഷിക്കുന്ന തരത്തിലുള്ള ഒരു മറുപടിയും കൊടുക്കുന്നതു ശരിയായില്ല എന്നാണ്. മി. ശ്രീകണ്ഠൻനായർ പറയുന്നതു 'we are bound to resist' എന്നാണ്. സമാധാനപരമായും ശാന്തമായും തൊഴിൽതർക്കം തീർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കവേ, അവ സ്വീകരിക്കാനുള്ള സകല നിയമങ്ങളും റൂൾസുകളും ഉണ്ടായിരിക്കെ ഈ വിധത്തിലൊരു മറുപടി കൊടുത്തതു ഖേദകരമായിപ്പോയി.

സർ, അതിനുശേഷം കുറെ കഴിഞ്ഞാണ് ഇവിടെ വീണ്ടും ഫുൾ വർക്കിങ് തുടങ്ങുന്ന ഏർപ്പാട് വന്നതും അതിലേയ്ക്കു നിയമനം നടത്തേണ്ട ആവശ്യം വന്നുകൂടിയതും. ജനുവരി ഒന്നാംതീയതിയാണ് തുടങ്ങുന്നതെന്നും അതിലേയ്ക്കുള്ള നിയമനം നടത്തേണ്ടതു എംപ്ലോയിമെന്റ് എക്സ്ചേഞ്ചാണെന്നും കാണിച്ച് ഗവണ്മെന്റിൽനിന്നും ഒരു ആർഡർ പാസ്സാക്കിയിട്ടുണ്ട്. അതനുസരിച്ച് 128 ആളുകളല്ല കുറെ അധികം ആളുകൾ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ പേരു് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്തിട്ടുള്ളതു ഗവണ്മെന്റിന്റെ പ്രസ്നോട്ട് അനുസരിച്ചാണ്. അതിനു ശേഷമാണ് ചവറയിൽ നിയമനം നടത്തിയിട്ടുള്ളതു.

ശ്രീ. ടി. കെ. ദിവാകരൻ: നിയമനം നടത്തിയതു് അതിനു ശേഷം തന്നെ. എന്നാ എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയോ അതോ ചവറ മിനറൽസ് മാനേജർ മുഖേന നിയമനം നടത്തിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന തന്നെയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെ അല്ലെന്നാണ് അതിലെ യാഥാർത്ഥ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള റിക്രൂട്ടുമെന്റല്ല എന്നു പറയുന്നതു് ഒരു വ്യക്തി, "ഞാൻ പ്രോനോട്ടിൽ ഒപ്പിട്ടിട്ടില്ലാ" എന്നും ഒപ്പിട്ടിട്ടുണ്ടെന്നു കാണിക്കുമ്പോൾ എന്നാൽ പണം കൊടുത്തു തീർത്താലെന്നും, പറയുന്നതുപോലെയാണ്. നിയമനം നടത്തിയിട്ടുള്ളതു് എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി ആണെന്നു് പറയുന്നതിനെ ബഹുമാനപ്പെട്ട മെമ്പർ അല്ലെന്നു വാദിക്കാൻ തുടങ്ങുന്നതു തെറ്റായ ഒരു വാദഗതിയാണ്.

ശ്രീ. എ. താണുപിള്ള: മിനറൽ കമ്പനിയിലേയ്ക്കു് 128 ആളുകളെ മാത്രമേ എംപ്ലോയിമെന്റിൽ നിന്നും അയച്ചിട്ടുള്ളോ അതോ കൂടുതൽ ആളുകളെ അയച്ചിട്ടുണ്ടായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഞാൻ നോക്കിയിട്ടില്ല.

സർ, അങ്ങനെ എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ കൂടി റിക്രൂട്ടുചെയ്യാൻ തീരുമാനിച്ചതിനെയാണു് യൂണിയൻ പ്രതിനിധി റസിസ്റ്റു ചെയ്യുമെന്നു പറഞ്ഞുകൊണ്ടു് സ്ട്രൈക്കു് നടത്തിയതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഡിസംബർ 30-ാം തീയതി പി. എസ്. പി. ഗവണ്മെൻറിനെ പിൻതാങ്ങിയതു് ആർ. എസ്. പി-യും കമ്മ്യൂണിസ്റ്റുമായിരുന്നോ, കാൺഗ്രസ്സു് പാർട്ടിയായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് എല്ലാപേക്കും അറിയാവുന്നതാണു്. പിന്നെ മി. ശ്രീകണ്ഠൻനായരും സ്നേഹിതന്മാരും എന്നെ കണ്ടു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : മി. നടരാജപിള്ളയുടെ പ്രസ്സ്നോട്ടിൽ അതു് വെയിറ്റിംഗ് ലിസ്റ്റിൽ നിൽക്കുന്ന തൊഴിലാളികൾക്കു് ബാധകമല്ലെന്നു പറഞ്ഞിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. പക്ഷെ വെയിറ്റിംഗ് ലിസ്റ്റു് ഇല്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ഈ വ്യവസായശാലയിൽ മുൻപുള്ള തൊഴിലാളികൾ ആരെല്ലാമായിരുന്നുവെന്നു് ഒരു ലിസ്റ്റു വയ്ക്കേണ്ട ചുമതല മാനേജുമെൻറിനു് ഇല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു ലിസ്റ്റു ഉണ്ടാക്കുന്നതു പ്രയാസമാണെന്നു് മി. നടരാജപിള്ളയും പറഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ ഒരു ലിസ്റ്റു് ഉണ്ടാക്കണമെന്നു് മാനേജുമെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെമ്പറന്മാർ ഇനി ചോദ്യം ചോദിക്കാതിരുന്നാൽ കൊള്ളാം. അഞ്ചുമണിക്കൂർ നേരം ഈ അവിശ്വാസപ്രമേയത്തെ കേട്ടുകൊണ്ടിരുന്നിട്ടു് എനിക്കു് അല്പം സമയം കിട്ടുമ്പോൾ അതു് പറയാൻ സമ്മതിക്കാതെ തടസ്സപ്പെടുത്തുന്നതു് ശരിയല്ല. അവിശ്വാസപ്രമേയം പാസായാലും പാസായില്ലെങ്കിലും, ഈ സമയത്തെങ്കിലും എന്നോടു കുറച്ചു കാരുണ്യം കാണിക്കണം. മുമ്പിലത്തെ മാനേജ്മെൻറിൻറെ കൈയിൽ നിന്നും ഗവണ്മെൻറ് 1947-ൽ ഈ സ്ഥാപനം ഏറ്റെടുത്തു് നാഷനലൈസ് ചെയ്തു. അതിനുശേഷം അതിനുമുമ്പുള്ള രേഖകളിൽ നിന്നു് ഒരു ലിസ്റ്റു് ഉണ്ടാക്കാൻ സാധിക്കുകയില്ലെന്നാണു് വാദം. മി. നടരാജപിള്ള പറഞ്ഞതു് ഈ ഗവണ്മെൻറും സ്വീകരിക്കുകയാണു് ഉണ്ടായതു്.

ശ്രീ. കെ. കരുണാകരൻ : 1953 ഡിസംബർ 2-ാംനു- ഉണ്ടായ ഒത്തുതീർപ്പിൻറെ അടിസ്ഥാനത്തിൽ 30 തൊഴിലാളികളെ തിരിച്ചെടുത്തതോടുകൂടി ആ അദ്ധ്യായം അവസാനിപ്പിച്ചില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ. അങ്ങനെതന്നെയാണു് ഉണ്ടായതു്.

ശ്രീ. ബേബിജോൺ : എങ്ങനെതന്നെ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെതന്നെ. ഞാൻ പറഞ്ഞതു് അങ്ങനെ ഒരു ലിസ്റ്റ് ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നുള്ള മിസ്റ്റർ നടരാജപിള്ളയുടെ അഭിപ്രായത്തോടു് ഈ ഗവണ്മെൻറ് യോജിക്കുകയാണുണ്ടായതു് എന്നാണു്. ലേബർകമ്മീഷണരും അന്വേഷണം നടത്തി അതു് സാദ്ധ്യമല്ലെന്നു പറഞ്ഞു. മിസ്റ്റർ ശ്രീകണ്ഠൻനായർ എന്നെ കണ്ടപ്പോൾ ഇതു് അഡ്ജൂഡിക്കേഷനു് വിടാമെന്നു് ഞാൻ സമ്മതിച്ചു. അങ്ങനെ വിടുകയും ചെയ്തു. ശ്രീമാൻ നടരാജപിള്ളയുടെ തീരുമാനം തെറ്റായിരിക്കാം. എന്റെ തീരുമാനം തെറ്റായിരിക്കാം. ലേബർകമ്മീഷണരുടെ തീരുമാനവും തെറ്റായിരിക്കാം. ഇതൊന്നും ശരിയാണെന്നു് മുകളിൽ പിടിക്കണമെന്നു് വിചാരമില്ലാതെ, ഗവണ്മെൻറ് ഇതു് അഡ്ജൂഡിക്കേഷനു് വിട്ടിരിക്കുകയാണു്. പിന്നെ എന്തുകൊണ്ടാണു് അതു് സ്വീകരിക്കാതെ അവിശ്വാസപ്രമേയം ഹാജരാക്കി വെൻറിലേറ്റ് ചെയ്യാമെന്നു വിചാരിക്കുന്നതു് ?

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ വിട്ടിന പല പ്രശ്നങ്ങളും ഔട്ട്സൈഡ്കോർട്ടിൽവച്ചുതന്നെ രാജിയാകാറില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. പക്ഷെ ഇതു് അതിനപ്പുറം പോയിക്കഴിഞ്ഞു. ഇനി അഡ്ജൂഡിക്കേഷൻകോടതിയിൽനിന്നുതന്നെ ഇതിനു തീരുമാനം ഉണ്ടാകണം. തൊഴിലാളികൾക്കുള്ള ബോണസ്സിനെസംബന്ധിച്ചു് തർക്കമുണ്ടാകുകയോ, അതായതു് മുപ്പതു ശ്രുപ പോരാ നാല്പതു ശ്രുപ വേണം എന്നുംമറ്റുമുള്ള തർക്കമുണ്ടാകുകയോ, ഒന്നരണ്ടു മാസത്തെ ശമ്പളം കിട്ടിയില്ല എന്നുംമറ്റുമുള്ള തർക്കമുണ്ടാകുകയോ ചെയ്യാൽ അതു് ഒരു പക്ഷെ പറഞ്ഞു് ഒതുക്കാവുന്നതേയുള്ളു. എന്നാൽ ഇതിൽ ഗവണ്മെൻറ് ഒരു നിലപാടു് എടുത്തുകഴിഞ്ഞു. അതുകൊണ്ടു് കോടതിക്കു പോയിരിക്കുകയാണു്. അതുതന്നെയും നിങ്ങളുടെ ആവശ്യപ്രകാരം ഉണ്ടായിട്ടുള്ള അർബിട്രേഷനാണു്. അതുകൊണ്ടു് ഇനി ആ സംഗതിയിൽ പുറകോട്ടു പോകാൻ സാദ്ധ്യമല്ല. അടുത്തതായി എഫ്. എക്സ്, പെരേരായുടെ കമ്പനിയെപ്പറ്റിയാണു്. ഗവണ്മെൻറ് ആ കമ്പനിയെ ജപ്തി ചെയ്യുന്നുള്ള കുറ്റാരോപണമുണ്ടായി. അതു് കേട്ടപ്പോൾ എനിക്കു്, ശ്രീമാൻ ശ്രീകണ്ഠൻനായർ പ്രധാനമന്ത്രിക്കു് അയച്ച എഴുത്തിൽ പറഞ്ഞ കാര്യം മിസ്റ്റർ ദിവാകരന്റെ ഓർമ്മയിൽ ഇല്ലാതിരിക്കുമെന്നു തോന്നി. മിസ്റ്റർ ശ്രീകണ്ഠൻനായരാണെങ്കിൽ ഈ കമ്പനി ജപ്തിചെയ്യാത്തതിനെ ആക്ഷേപിച്ചുകൊണ്ടു് എഴുതിയിരിക്കുകയാണു്. തൊഴിലാളികൾക്കു് കൂലി ബാക്കി കിട്ടാനുണ്ടു്. അതിനുവേണ്ടി കമ്പനി ജപ്തിചെയ്കിലും അവർക്കു് കൂലികൊടുക്കണമെന്നാണു് മിസ്റ്റർ ശ്രീകണ്ഠൻനായരുടെ എഴുത്തിൽ പറഞ്ഞിരിക്കുന്നതു്. അതിന്റെ ഒരു ഭാഗം ഞാൻ വായിക്കാം.

"I have applied for Revenue Recovery proceedings against F. X. Perieara & Co., who owe their workers, wages for the last 2½ months."

ശ്രീ. ടി. കെ. ദിവാകരൻ : തൊഴിലാളികൾക്കു് കൂലി കൊടുക്കുന്നതിനുവേണ്ടിയാണോ ഈ കമ്പനി ജപ്തിചെയ്യുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എങ്ങനെയെങ്കിലും തൊഴിലാളികൾക്ക് കൂലി കിട്ടണമെന്ന് ഗവണ്മെൻറിന് ആഗ്രഹമുണ്ട്, ഞാൻ പറഞ്ഞതു് ഇവിടെ ജപ്തിചെയ്യുന്നു് കുറേമായിട്ട പറയുകയും അതേ സമയം കമ്പനി ജപ്തിചെയ്യണമെന്ന് മിസ്റ്റർ ശ്രീകണ്ഠൻനായർ അഭിപ്രായപ്പെടുകയും ചെയ്തതുകൊണ്ടു് ആ വിവരം മിസ്റ്റർ ദിവാകരന് അറിവില്ലായിരിക്കുമോ എന്നു വിചാരിച്ചാണു്. തൊഴിലാളികൾക്ക് രണ്ടര മാസത്തെ ശമ്പളം ബാക്കി കിട്ടാനുണ്ടെന്നും കമ്പനി ജപ്തിചെയ്യല്ലാതെ അതു് നടക്കുകയില്ലെന്നുമാണു് അദ്ദേഹത്തിൻറെ എഴുത്തു്. അതേ സമയം ഈ ഗവണ്മെൻറിലേയ്ക്കു് ഈ കമ്പനിയിൽനിന്നും ഒൻപതു ലക്ഷം രൂപയോളം വരുവാനുണ്ടു്, അതു് കിട്ടാനുള്ള മാർഗ്ഗം കാണുന്നില്ല; അതുകൊണ്ടു് ഗവണ്മെൻറ് കമ്പനി ജപ്തിചെയ്യുക. കമ്പനി വിറകിട്ടുന്ന പണത്തിൽനിന്നും തൊഴിലാളികൾക്ക് കിട്ടാനുള്ള ബാക്കി ശമ്പളം കൊടുക്കുവാൻ സാധിക്കും.

ശ്രീ. ബേബിജാൺ: ഒൻപതു ലക്ഷം രൂപ എങ്ങനെ കടിഞ്ഞിക്കുവന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് പിന്നെ പറയാം. അങ്ങനെ പോകുകയാണെങ്കിൽ ഇവിടെ ഉണ്ടായ ആരോപണങ്ങളെ സംബന്ധിച്ചു് എനിക്ക് മറുപടി പറയുവാൻ സാധിക്കാതെ വന്നേയ്ക്കും. ഞാൻ പറഞ്ഞതു് ഈ ഗവണ്മെൻറിനു് ഈ മുതലാളിയിൽനിന്നും ഒൻപതു ലക്ഷം രൂപ കിട്ടാനുണ്ടെന്നാണു്. തൊഴിലാളികൾക്കു രണ്ടു മാസമായി കൂലി കിട്ടാതെ വിഷമിക്കുന്നുണ്ടു്. അതിൽ ഗവണ്മെൻറിനു് വലിയ ഉല്ക്കണ്ഠയുണ്ടു്. ഈ അവസരത്തിൽ എന്തുചെയ്യാൻ കഴിയുമെന്നാണു് ഗവണ്മെൻറ് ആലോചിക്കുന്നതു്. സീതാറാംമിൽസും, മഹാലക്ഷ്മി മിൽസും ഗവണ്മെൻറ് ഏറ്റെടുത്ത കാര്യത്തെക്കുറിച്ചു് ഇവിടെ പറയുകയുണ്ടായി. സീതാറാം മിൽസിനെക്കുറിച്ചാണെങ്കിൽ അതു് ലിക്വിഡേഷനിൽ വരികയും ലിക്വിഡേഷൻ കോർട്ടിൽചെന്നു് ഒരു ഹർജി കൊടുത്തു് അതു് ഗവണ്മെൻറ് നടത്തുന്നതിനു് അനുവാദം വാങ്ങിക്കുകയും ചെയ്തു. മഹാലക്ഷ്മി മിൽസിനെ സംബന്ധിച്ചാണെങ്കിൽ അതിൽ ഗവണ്മെൻറും മാനേജുമെൻറുമായി ഒരു ഒത്തുതീർപ്പിൽ എത്തുകയാണു് ഉണ്ടായതു്. കണ്ടറയിലെ അലൈഡ് ഇൻഡസ്ട്രീസിലും ഇതുപോലെ ഒത്തുതീർപ്പു് ഉണ്ടാക്കുകയാണു് ചെയ്തതു്. ഈ കാര്യത്തിൽ ഗവണ്മെൻറിനു ചെയ്യാൻ കഴിയുന്നതു് റവന്യൂ റിക്കവറി ആക്ടനുസരിച്ചു് നടപടി നടത്തുക എന്നുള്ളതാണു്. അതായതു് അതു് ഏറ്റെടുത്തു് നഷ്ടലൈസു് ചെയ്യുക. തൊഴിലാളികളുടെ വിഷമങ്ങൾ തീരണമെന്നു് ഗവണ്മെൻറിനു് ഉദ്ദേശമുണ്ടു്. ഇങ്ങനെ റവന്യൂ റിക്കവറി ആക്ടനുസരിച്ചു് പ്രവർത്തനം നടത്തുമ്പോൾ റിവും അതിൻറെമേൽ ഇൻജങ്ക്ഷനും (injunction) അതിനു മേൽ സ്റ്റേയുമായി നിൽക്കുകയാണു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറിൻറെ നില വിശദീകരിക്കണമെന്നു് വിചാരിക്കുന്നു. ലോഹമണൽ വ്യവസായം തുടർന്നു നടത്തണമെന്നും, ജോലിയില്ലാതെ പുറത്തു നിൽക്കുന്നവർക്ക് ജോലി കൊടുക്കണമെന്നും ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്. അതിനു് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാനും ഗവണ്മെൻറ് ഒരുക്കമാണു്. പക്ഷേ അതു് ഒക്ടോബർ 10-ാംതീയ്യതിക്കു മുമ്പു് നടത്തണമെന്നു പറഞ്ഞാൽ അതു് സാദ്ധ്യമല്ല. 1949-ൽ ഗവണ്മെൻറ് ഏറ്റെടുത്ത എ. എം. സി-യിൽ തൊഴിലാളികൾക്കു് കൂലി ബാക്കിയുണ്ടെന്നു പറയുന്നതു് ശരിയാണു്. അതു്

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഉടനെ കൊടുത്തുകൊള്ളാമെന്നു് മിസ്റ്റർ ബേബിജാണിനു് എഴുതി അയച്ചതും വാസ്തവമാണു്. കുറെ സംഖ്യ കൊടുക്കുവാനുണ്ടു്. അതു കൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയുമാണു്. ശ്രീകണ്ഠൻനായരുംമറ്റും ജൂലൈ 19-നു് എന്നെ കണ്ടു സംസാരിച്ചപ്പോൾ ഞാൻ ഇതു് ചെയ്യാമെന്നു് ഉറപ്പു പറയുകയും ചെയ്തു. ഒന്നും സംസാരിക്കാതെ ഏകപക്ഷീയമായി ഒരു തീരുമാനമെടുക്കുന്നതിനേക്കാൾ നല്ലതു് ഒരു മേശയ്ക്കു ചുറ്റുമിരുന്നു സംസാരിച്ചു് വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കി തീരുമാനിക്കുകയായിരിക്കും.

ശ്രീ. ബേബിജാൺ : ഡെവലപ്പ്മെൻറ്സെക്രട്ടറി ഇതിനെക്കുറിച്ചു് ഒരു നോട്ടെഴുതി മിനിസ്റ്റരുടെ മുമ്പിൽ സമർപ്പിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് മന്ത്രിയുടെമുമ്പാകെ വന്നിട്ടില്ല. അതു് ഒരു ഹയർ ലെവലിൽ ചർച്ചചെയ്തു് തീരുമാനിക്കാമെന്നാണു് ഞാൻ പറഞ്ഞതു്. മിസ്റ്റർ ശ്രീകണ്ഠൻനായർക്കു് അയച്ച മറുപടിയിലും ഞാൻ ഇതു പറഞ്ഞു. ഇപ്പോഴും പറയുന്നു. പക്ഷെ അതു് ഈ അവിശ്വാസപ്രമേയത്തിൻെറ ബഹളത്തിനിടക്കു് തീരുമാനിക്കുന്നതിനു് സമയമില്ല. ദിവസേന ഒരുമണിവരെ ഈ നിയമസഭയിൽ ഇരിക്കണം. അതു കഴിഞ്ഞു് രണ്ടു മണിക്കൂർ സെലക്ഷൻകമ്മിറ്റിയായി. ഇതിൻെറ ഇടയിൽ 49-ൽ നടന്ന ഒരു കായ്ത്തെപ്പറ്റി, പ്രത്യേകിച്ചു് ഇതിനുമുമ്പിലുള്ള നാലഞ്ചു മന്ത്രിസഭകൾ ചെയ്യാത്ത ഒരു കായ്ത്തെപ്പറ്റി രണ്ടുമൂന്നു ദിവസത്തിനകം ഞാൻ ഒരു തീരുമാനമെടുക്കണമെന്നു പറയുന്നതു് അല്പം പ്രയാസമുള്ളതല്ലെ എന്നു് ആലോചിച്ചുനോക്കണം. ഈ കായ്ത്തിനു് മിസ്റ്റർ ബേബിജാണും മിസ്റ്റർ ദിവാകരനും വരുമെന്നുണ്ടെങ്കിൽ അല്പം സാവകാശം കിട്ടുന്ന സമയത്തു് ഇതിനെക്കുറിച്ചുള്ള സകല മുഷ്യസും ഞാൻ ആലോചിക്കാൻ ഒരുക്കമാണു്. മിനറൽസിലുള്ള കഴപ്പത്തെപ്പറ്റി ഇതിൽ കൂടുതൽ ഒന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടാണെന്നുവച്ചാൽ അതു് ഒരു അഡ്ജൂഡിക്കേഷൻ കോടതിയിലിരിക്കുകയാണു്. ഞാൻ ഗവണ്മെൻറിൻെറ ന്യായങ്ങളെപ്പറ്റി പറയുകയാണു്. എഫ്. എക്സ്. പി. കമ്പനിയിലേയും എ. എം. സി-യിലേയും കായ്ത്തെപ്പറ്റി ഗവണ്മെൻറിനു പറയുവാനുള്ളതു് ഇതാണു്. ഇനി ചുവടെയുള്ള 100-101 ദിവസം ജോലി ഇല്ലാതെ 128 തൊഴിലാളികളെ പുറത്താക്കിയതിനെ സംബന്ധിച്ചു് പറയുകയുണ്ടായി. അങ്ങനെ തൊഴിലാളികളെ പുറത്താക്കിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : 128 തൊഴിലാളികളും അകത്തുണ്ടായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരുന്നു. പക്ഷെ അവർ സ്ട്രൈക്കു് ചെയ്തതുകൊണ്ടു് ജോലി നടന്നില്ല. സ്ട്രൈക്കു് ചെയ്തതുകൊണ്ടു് 128 പേരെ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുമുഖന്തരം റിക്രൂട്ടുചെയ്തു. അതു് തെറ്റാണെന്നു് അഭിപ്രായമുണ്ടെങ്കിൽ അവരെ പിരിച്ചുവിടാമെന്നു ഗവണ്മെൻറ് സമ്മതിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ പത്തെണ്ണൂറു തൊഴിലാളികളും പണിമുടക്കിയതു് ശരിയാണോ എന്നു് ബഹുമാനപ്പെട്ട കൊല്ലം മെംബറോടു ചോദിക്കുകയാണു്. സർ, നിയമസഭയുടെ രൂളിൽ പ്രതിപക്ഷനേതാവിൻെറപേരിൽ അവിശ്വാസപ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാൻ വ്യവസ്ഥയുണ്ടായിരുന്നുവെങ്കിൽ ചവറ കമ്പനിയിൽ ബഹുമാനപ്പെട്ട പ്രൊല്യൂമെംബറും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരുംകൂടി പത്തെണ്ണൂറു തൊഴിലാളികളെ രണ്ടുമൂന്നു മാസം പട്ടിണിയിട്ടതു്, കടുത്ത അനീതിയാണെന്നുള്ള അടിസ്ഥാനത്തിൽ ഞാൻ പ്രതിപക്ഷനേതാവിന്റെ പേരിൽ ഒരു അവിശ്വാസപ്രമേയം കൊണ്ടുവരുമായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ചവറ മിനറൽസ് തൊഴിലാളി യൂണിയന്റെ പ്രസിഡൻറായി ഒന്നു മത്സരിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കുറച്ചുകാലംകൂടി കഴിയട്ടെ. മിസ്റ്റർ ദിവാകരനെപ്പോലുള്ള നേതാക്കന്മാരുടെ പുറകിൽ തങ്ങളെ പട്ടിണിക്കിട്ട കായ്ങ്ങളെപ്പോലും മറന്നു് യാതൊന്നും അറിയാതെ കഴിഞ്ഞുകൂടുന്ന അവരോട് കായ്ങ്ങളും പറഞ്ഞാൽ എങ്ങനെ മനസ്സിലാകുമാണു് ? അതുകൊണ്ടു് അവർക്കു് കുറേക്കൂടി ബുദ്ധിയുണ്ടാകുമ്പോൾ ഞാൻ അവിടെനിന്നു മത്സരിച്ചുകൊള്ളാം.

ശ്രീ. ടി. വി. തോമസ്സു് : പഴയ തൊഴിലാളികളുടെ ലിസ്റ്റ് ഹാജരാക്കിയാൽ അവർക്കു് മൻഗണന കൊടുക്കാൻ മടിയുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അഡ്ജുഡിക്കേഷൻ ഉണ്ടാകുന്നതുവരെ സംഖ്യമല്ല. അതോടൊപ്പംതന്നെ ചവറയിലും പരിസരങ്ങളിലുമുള്ള 200–300 ആളുകൾ അവിടെ ഒരു പ്രയരമഹായോഗം വിളിച്ചുകൂട്ടി ഇങ്ങനെ ഈ തൊഴിലാളിനേതാക്കന്മാർമുഖാന്തിരം അവിടത്തെ ജനങ്ങൾക്കു് ഉണ്ടാകുന്ന അവശതകളെപ്പറ്റി പാസ്സാക്കിയ പ്രമേയം ഗവണ്മെൻറിലേയ്ക്കു് കിട്ടിയിട്ടുണ്ടു്. സർ, അതു് വായിച്ചു നോക്കിയാൽ ഹൃദയം പൊട്ടും. 3-6-1955-ലാണു് അതു് പാസ്സാക്കിയതു്.

ശ്രീ. ടി. വി. തോമസ്സു് : ഹൃദയം പൊട്ടുമെന്നു പറഞ്ഞതു് മുഖ്യമന്ത്രിയുടേതോ, ബഹുമാനപ്പെട്ട സ്പീക്കറുടേതോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങയുടേതു്, ടി. വി. തോമസിന്റേതു്.

ശ്രീ. ബേബി ജാൺ : ഏതിൽനിന്നാണു് ഇതു് വായിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്കു കിട്ടിയ ഒരു രേഖയിൽനിന്നും.

ശ്രീ. ബേബി ജാൺ : സർ, ഇതെല്ലാം, ഇവിടെ എന്തിനു വായിക്കുന്നു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മിസ്റ്റർ തോമസ്സു് മനയ്ക്കൽ വായിച്ചപ്പോൾ ഇതു പറഞ്ഞില്ലല്ലോ.

ശ്രീ. ഏ. താണുപിള്ള : എല്ലാവരും ഇങ്ങനെ വായിച്ചാൽ കൊള്ളാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഹൃദയമുണ്ടെങ്കിലേ ഇതു് വായിക്കാവൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : "പാവപ്പെട്ട 128 പേരെ അവിടെ ജോലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവർക്ക് അവിടെ ജോലി കൊടുപ്പിക്കാതെ അവിടത്തെ തൊഴിലാളികൾ പണിമുടക്കിൽ ഏർപ്പെട്ടിട്ട് ഇന്ന് 55 ദിവസം കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ കൂലി ഇനത്തിൽ അവരുടെ നഷ്ടം എന്നീ ഇനങ്ങളിൽ അനേകലക്ഷം രൂപ നഷ്ടപ്പെട്ടു കഴിഞ്ഞു. നാട്ടിൽ ദാരിദ്ര്യം ഭയങ്കരമായി നടമാടുന്നു. നാട്ടിലെ ചെറു വ്യാപാരികൾ അവരുടെ വ്യാപാരം മുടക്കി കടകൾ അടച്ചിരിക്കുന്നു." ഈ ഒരു ദുഃസ്ഥിതി ഗവണ്മെൻറിന്റെ പ്രസ്സ്നോട്ടിൽ വ്യക്തമാക്കി കഴിഞ്ഞിരിക്കുകയാണ്. ജനാധിപത്യമര്യാദയുടെ ആരോഗ്യകരമായ വളർച്ച പുരോഗമനബോധത്തിൽ അധിഷ്ഠിതമാണല്ലൊ. അതുകൊണ്ട് അവിടെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. ഈ പണിമുടക്കുമൂലം നാട്ടിൽ എന്തു പ്രത്യാഘാതം ഉണ്ടായിരിക്കുന്നു. അവിടത്തെ തൊഴിൽത്തർക്കങ്ങൾ അഡ്ജുഡിക്കേഷനു വിടേണ്ടതാണ് എന്നു ഗവണ്മെൻറിനു ബോദ്ധ്യമില്ലാതിരുന്നിട്ടും, അതിനു സമ്മതിച്ചിട്ടും, ഈ സംഭവം അവിടെ നടത്തിയതു് ശരിയാണോ എന്നു് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് ഗവണ്മെൻറിനു ഭയങ്കരമായ നഷ്ടം ഉണ്ടായി. ഈ തൊഴിലാളികൾക്കും ഏറെ ദിവസത്തെ കൂലി നഷ്ടപ്പെടുകയുണ്ടായി. ഇതെല്ലാം എന്തിനു വേണ്ടി വരുത്തിവച്ചു എന്നു ചോദിച്ചാൽ ഈ 128 തൊഴിലാളികളെ തൊഴിലിൽ നിന്നും പിരിച്ചുവിട്ടതിനു വേണ്ടിയാണ്. ഇങ്ങനെയുള്ള ഒരു കെയ്ത്തിന്റെ നാമധേയത്തിൽ ഈ മന്ത്രിസഭയുടെ മേൽ അവിശ്വാസപ്രമേയം കൊണ്ടുവരാൻ തോന്നിയതു് ശ്രീമാൻ ദിവാകരൻ ഉപയോഗിച്ച ഭാഷതന്നെ പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ ഗതികേടു കൊണ്ടുതന്നെയാണെന്നാണ് എനിക്കു തോന്നിയതു്.

ശ്രീ. ടി.കെ. ദിവാകരൻ : അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രസംഗിച്ചപ്പോൾ ഉപയോഗിച്ച ഭാഷയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രീ. ടി. വി. തോമസ്സ് പല തൊഴിൽത്തർക്കങ്ങളെപ്പറ്റിയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. അതിൽ ചേപ്പാട്ടെ തൊഴിൽക്കുഴപ്പം ഗവണ്മെൻറ് അറിഞ്ഞതു് ഇന്നലയൊ മറ്റൊ ആണ്. പക്ഷെ പുനലൂർ, കണ്ടശ്ശാംകടവ് ഈ സ്ഥലങ്ങളിൽ തൊഴിൽക്കുഴപ്പം ഉണ്ടായിട്ട് കുറെ നാളുകളായി. പുനലൂരെ തൊഴിൽക്കുഴപ്പത്തിന്റെ സ്വഭാവത്തെപ്പറ്റി ബഹുമാനപ്പെട്ട മെംബർതന്നെ എന്നോടു് സംഭാഷണം നടത്തീട്ടുള്ളതാണ്. ആ കാര്യത്തിൽ എത്രയും സഹായകമായ ഒരു നില എടുക്കണമെന്നു് എന്നോടു പറയുകയും സർക്കാർ വളരെ സഹായകമായ ഒരു നില എടുക്കുകയും ഉണ്ടായി. അദ്ദേഹത്തിനും എനിക്കും അതേപ്പറ്റി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായെങ്കിലും ചില നടപടികൾ ഗവണ്മെൻറ് എടുത്തിട്ടുണ്ട്.

കണ്ടശ്ശാംകടവിൽ നടക്കുന്ന സംഗതി നാം എല്ലാവരും അറിയേണ്ടതാവശ്യമാണ്. കണ്ടശ്ശാംകടവിലെ തൊഴിൽക്കുഴപ്പത്തിനു് ഏതുവിധത്തിൽ ഒരു പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുമെന്നു് ബഹുമാനപ്പെട്ട ചേർപ്പുമെംബർ മുണ്ടശ്ശേരിയോടും ശ്രീ. ടി. വി. തോമസ്സിനോടും നമുക്കാലോചിക്കാം എന്നുപറഞ്ഞു. അവർ ഈ അസംബ്ലി കഴിഞ്ഞാലുടൻ ഒരു ഡിസ്കഷൻ ആകാം എന്നു് സമ്മതിച്ചിരിക്കുകയാണ്. അവിടത്തെ പ്രാബ്ലം തൊഴിലാളികളുടെ ഒരു പ്രാബ്ലം അല്ല. അവിടെ ഈ ചകിരി

LIBRARY ARCHIVES Kerala Legislative Assembly

തല്ലുന്നതു് ഒരു വലിയ വ്യവസായമല്ല. ഏതാനും ചില ചെറുകിട വ്യവസായികളും ചില കൊല്ലങ്ങളിൽ അതു നടത്തും, ചില കൊല്ലങ്ങളിൽ അതു നടത്തുകയില്ല. ഇന്നിപ്പോൾ അവിടെ നടക്കുന്നതു് ചില തൊഴിലാളികൾ സംഘടിച്ചു് അവർ ഒരു മുതലാളിയുടെ കീഴിൽ കൂലിക്കുവേണ്ടി പ്രവർത്തിക്കാതെ അടുത്തുള്ള ആളുകളുടെ അടുക്കൽനിന്നും തൊണ്ടു വാങ്ങി തല്ലി ചകിരിവിറ്റു കൂലി വാങ്ങിക്കുകയാണു്. ഈ വ്യവസായത്തിന്റെ സ്വഭാവമനുസരിച്ചു് ഒരു മുതലാളിയുടെ കീഴിൽ തൊഴിലാളികൾ പ്രവർത്തിക്കേണ്ട ആവശ്യമില്ല. അങ്ങനെയിരിക്കെ അവിടെയുള്ള കുറെ തൊഴിലാളികൾ ഈ ജോലി ഞങ്ങൾക്കാണു് കിട്ടേണ്ടതു് എന്നു പറഞ്ഞു കുഴപ്പങ്ങൾ സൃഷ്ടിച്ചു. അതു് ഇന്നാളത്തെ തൊഴിൽത്തർക്ക നിയമങ്ങളനുസരിച്ചു് പ്രവർത്തിപ്പിക്കുന്നതിനു സാദ്ധ്യതയുണ്ടോ എന്നു് ഞാൻ എത്ര ആലോചിച്ചിട്ടും എനിക്കു് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ ഒന്നു രണ്ടവസരങ്ങളിൽ ഇതേസംബന്ധിച്ചു എന്നോടു സംസാരിച്ചപ്പോൾ അതു സമ്മതിക്കയുണ്ടായിട്ടുണ്ടു്. പിന്നീടു അദ്ദേഹം പറയുന്നു ഇതു ലോഹ്യമായിട്ടു എല്ലാവരെയും വിളിച്ചുകൂട്ടി പറഞ്ഞുതീർക്കണം എന്നു്. അതു് ഒരു ലേബർ മന്ത്രിയുടെ നിലയിൽ ഇന്നു നിലവിലുള്ള ഫാക്ടറീസ് ആക്ടനുസരിച്ചോ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടനുസരിച്ചോ, സ്റ്റാൻറിംഗ് ആർഡേഴ്സ് നിയമമനുസരിച്ചോ, അല്ലെങ്കിൽ അതുപോലെ മറവ് ഏതെങ്കിലും നിയമമനുസരിച്ചോ മാനേജ്മെൻറിനു പ്രവർത്തിക്കുന്നതിനു് സാദ്ധ്യമല്ല. എന്നാൽ ഇന്നാട്ടിലുടനീളം ഉണ്ടായിരിക്കുന്നതുപോലെതന്നെ കയർതൊഴിലാളികളുടെയും, ചകിരിതൊഴിലാളികളുടെയും കാര്യത്തിൽ ഇന്നു നമ്മുടെ രാജ്യത്തിൻറെ ചില ഭാഗങ്ങളിലും വിഷമങ്ങൾ ഉണ്ടായിട്ടുണ്ടു്. കുടിശ്ശികയിലും, ചിലയിൻകീഴും പരവൂരും നടക്കുന്ന തൊഴിൽക്കുഴപ്പങ്ങളെപ്പറ്റി ഈ നിയമസഭയിലുള്ള വർക്കും അറിവുള്ളതാണു്. എല്ലാവരും തൊഴിലാളികളും അനുഭവിച്ചുകൊണ്ടിരിക്കുന്നതായ പല വിഷമങ്ങളെപ്പറ്റിയും ഇവിടെ പറയുകയുണ്ടായി. ഈ വിഷമങ്ങൾ പരിഹരിക്കുന്നതിനു എന്തു മാർഗ്ഗമാണു് അവലംബിക്കേണ്ടതെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു് ഒരു ഫാക്ടറിയാണെങ്കിൽ അതിൽ അനേകം തൊഴിലാളികളും കൂടിച്ചേർന്നു സംഘടിച്ചു പ്രവർത്തനം നടത്താം. എന്നാൽ ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അനേകായിരം തൊഴിലാളികൾ ഒന്നായിരിക്കുന്ന സന്ദർഭത്തിൽ മാനേജ്മെൻറിനോ, ലേബർഡിപ്പാർട്ടുമെൻറിനോ പ്രവർത്തിക്കാവുന്ന, അത്ര ലാഘവത്തോടുകൂടി കൈകാര്യം ചെയ്യാവുന്നതല്ല ഈ പ്രശ്നം. അങ്ങനെ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും വളരെ അധികമുണ്ടു്. എങ്കിലും അവർ അവികസിതരും അസംഘടിതരുമാണു്. മുതലാളിയും തൊഴിലാളിയും ഒരുപോലെ സംഘടിച്ചുനിന്നു് ഈ വ്യവസായത്തിൽ പ്രവർത്തിക്കുക സാദ്ധ്യമല്ല. അതു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു മനസ്സിലാക്കിയാൽ കൊള്ളാം. ടാറ്റാകമ്പനിപോലെയുള്ള വലിയ കമ്പനികളിൽ ആയിരക്കണക്കിനു തൊഴിലാളികളുണ്ടാകും. അവർക്കു് സംഘടിച്ചു പ്രവർത്തിക്കുന്നതിനു വളരെ എളുപ്പമാണു്. എന്നാൽ ഇത്തരത്തിലല്ല. നമ്മുടെ രാജ്യത്തു് ഇന്നു് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അതൊരു നല്ല വ്യവസായമായി നടത്തുന്നില്ല. ചില കൊല്ലത്തിൽ അവർ വ്യവസായം നടത്തും, ചില കൊല്ലത്തിൽ നടത്തുകയില്ല ഇങ്ങനെയാണു ഇതിൻറെ സ്വഭാവം. അതുകൊണ്ടു് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അവികസിതരും അസംഘടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തരമാണ്. അവക്ക് ഒരു മുഴുദയും ചിട്ടയും ജോലിസ്ഥിരതയും, അതുപോലെതന്നെ ജീവിക്കാൻ മതിയായ കൂലിയും കിട്ടുന്ന ഒരു വ്യവസായമായി നടത്തുവാൻ നമുക്കാലോചിക്കാം. അതിനു ബഹുമാനപ്പെട്ട പ്രതിപക്ഷ പാർട്ടി നേതാവിന്റെ സഹായം ഞാൻ ആവശ്യപ്പെടുകയാണ്.

കഴിഞ്ഞ പി. എസ്സ്. പി. മന്ത്രിസഭ അധികാരത്തിലിരുന്നപ്പോൾ അന്നത്തെ ഈ കയർ തൊഴിലാളികളുടെ ഇടയിൽ മിനിമംവേജസ് ആക്ട് നടപ്പിൽവരുത്തി. ഉടനെ അതിനു വലിയ പ്രത്യാഘാതമുണ്ടായി എന്നുള്ളതു് അങ്ങേയ്ക്കു് ഓർമ്മയുണ്ടു്. അതിനു ചില കുഴപ്പങ്ങളും ഉണ്ടായി. ആ ഗവണ്മെന്റിനെ ഞാൻ കുറ്റപ്പെടുത്തുകയല്ല. അതു പരിഹരിക്കാൻ എന്തു മാർഗ്ഗമെന്നാലോചിച്ചു ആ ഗവണ്മെന്റു് അതിലേയ്ക്കായി ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി ഉണ്ടാക്കിയതാണു് കൂടുതൽ കുഴപ്പങ്ങൾക്കു കാരണമായിത്തീർന്നതെന്നു് ചിലർ പറയുന്നു. ഞാൻ ഗവണ്മെന്റിനെ കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ഇന്നു് നമ്മുടെ രാജ്യത്തു ഈ മിനിമംവേജസ് തൊഴിലാളികൾക്കു കൊടുക്കുന്നില്ലാ എന്നുള്ള ആക്ഷേപങ്ങളും ഉണ്ടു്. അങ്ങനെയുള്ളവക്കു് ഏറെ അനുസരിച്ചും നിയമമനുസരിച്ചും ഉള്ള വേജസ് കിട്ടുന്നതിനു അനേകം ക്ലെയിംകേസുകളും ഇന്നു് നീതിന്യായ കോടതികളിലുണ്ടു്. എത്രകൊണ്ടുവരെ പ്രോസിക്യൂട്ട ചെയ്യുന്നില്ലായെന്നു് ഇവിടെ ചോദിക്കുകയുണ്ടായി. സർ, എനിക്കു പറയാനുള്ളതു് നമുക്കു് ഇവിടെ ബാധിച്ചിരിക്കുന്ന ഈ മാലഡിക്കു (Malady) കുറച്ചുകൂടി ഒഴിഞ്ഞതിരുന്നു് ആലോചിച്ചു തീരുമാനമുണ്ടാക്കണമെന്നാണു്. നമ്മുടെ രാജ്യത്തു് ഒരു നല്ലവിഭാഗം ആളുകളും ഉപജീവിക്കുന്ന ഒരു വ്യവസായ സെക്ടറാണു് ഈ ചകിരി വ്യവസായം. ഈ ചകിരിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിഷമങ്ങളെപ്പറ്റി അറിയാവുന്നതു് മി. ടി. വി. തോമസ്സിനാണു്. അദ്ദേഹം ചകിരിവ്യവസായം വളരെ അഭിവൃദ്ധിയിൽ നടക്കുന്ന ആലപ്പുഴയിൽ വളരെ നാളായി ആ രംഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഒരാളും കയർ ബോർഡിലെ ഒരു മെംബറും ആണു്. ഈ മിനിമംവേജസ് ആക്ട് നടപ്പിൽവരുത്തുന്നതിനും, അതിലും ഉപരിയായി രാജ്യത്തിന്റെ ക്ഷേമത്തിനു വേണ്ടിയും വളരെ ചെയ്യാൻ അദ്ദേഹത്തിനു സാധിക്കുമോ എന്നു് അദ്ദേഹം ആലോചിക്കണം. അങ്ങനെയുള്ള ആലോചനയ്ക്കു് ഞാനും സന്നദ്ധനാണു്. ശ്രീമാൻ താണുപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചില ആക്ഷേപങ്ങളും പറയുകയുണ്ടായി. അദ്ദേഹം ആവശ്യമായ തെളിവുകളും ഒന്നും ഇല്ലാതെ അഴിമതി ആരോപണം ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിലോ, മന്ത്രിമാരുടെ പേരിലോ, ചെയ്യാൻ സന്നദ്ധനല്ല എന്നു് പറഞ്ഞുകൊണ്ടാണു് അദ്ദേഹത്തിന്റെ പ്രസംഗം നടത്തിയതു്. യാതൊരു കാരണവുമില്ലാതെ അദ്ദേഹത്തിന്റെ പേരിൽ അഴിമതി ആരോപണങ്ങളും ഉണ്ടാകുകയാണെങ്കിൽ അതു് എത്രമാത്രം വിഷമങ്ങളും അദ്ദേഹത്തിനുണ്ടാക്കും എന്നു് അദ്ദേഹം അനുഭവിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ആളിൽനിന്നും ഇതുണ്ടായല്ലോ എന്നു ഞാൻ വിചാരിക്കുകയാണു്. പക്ഷെ അദ്ദേഹത്തോടുള്ള പരാതി, അദ്ദേഹം സംയമത്തോടുകൂടി തുടങ്ങിയ ആ പ്രസംഗം ഇടയ്ക്കിടയ്ക്കു സാധാരണയായുള്ള വ്യംഗ്യമുദ്രയോടും, ഇടയ്ക്കിടക്കു ശബ്ദം പുറപ്പെടുവിച്ചും, മന്ത്രിസഭയുടെ പേരിൽ അവിശ്വാസം ഉണ്ടെന്നുള്ള ധാരണ ഉണ്ടാക്കുന്നതിനു വേണ്ടി ഉപയോഗപ്പെടുത്തി എന്നുള്ളതാണു്. അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹത്തിന്റെ ദീർഘകാലത്തെ ഭരണപരിചയത്തിനും ഈ നിയമസഭയിൽ അദ്ദേഹത്തിനുള്ള സ്ഥാനത്തിനും അതു ചേർന്നതായിരുന്നില്ല എന്നു് അദ്ദേഹത്തിന്റെ അനന്തരാവകാശിയായ എനിക്കു് ഒരു പരാതിയുണ്ടു്.

ഇന്നലെ ശ്രീമാൻ ദിവാകരൻ പറഞ്ഞതായ ഒരാക്ഷേപം ഇവിടെ ധാരാളം അഴിമതി ഉണ്ടെന്നാണു്. അങ്ങനെ അഴിമതിയുണ്ടായിട്ടുണ്ടെങ്കിൽ അതേപ്പറ്റി ഏതു പരിതസ്ഥിതികളിൽ അതുണ്ടായി എന്നും ആരുടെ തിനു ഉത്തരവാദികൾ എന്നും ഉള്ളതിനു് ഗൗരവമായി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഞാൻ തയ്യാറാണെന്നു്. ഇന്നലെ പറയുകയുണ്ടായി. ഇന്നു് ശ്രീമാൻ ദിവാകരൻ പഴയ വാസനകൊണ്ടു് അതിനെ സ്പർശിച്ചു എന്നേയുള്ളൂ. അതു വേണ്ടെന്നു വച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ശ്രീമാൻ താണുപിള്ള പറഞ്ഞതു വളരെ ഏറെ അഴിമതികളുടെ കാര്യങ്ങൾ ഒക്കെ കേൾക്കുന്നുണ്ടെന്നു്. സർ, അദ്ദേഹത്തിന്റെ അനന്തരാവകാശിയായി മുഖ്യമന്ത്രിപദത്തിൽ വന്നിരിക്കുന്ന എന്നെപ്പറ്റി സംഗതമായ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പറയുക. അതിനു മറുപടി പറയാം. അല്ലാതെ "പനമ്പിള്ളിയുടെ കാര്യമൊന്നും പറയേണ്ട" എന്ന മട്ടിൽ പറയുന്നതു് എന്തിനാണു്. അതു വളരെ അപകടകരമായ ഒരു കാര്യമാണു്. ശ്രീമാൻ താണുപിള്ളയുടെ അടുത്തുനിന്നും ഇങ്ങനെ വരുന്നതു ശരിയല്ല. ഇന്നു് ശ്രീമാൻ താണുപിള്ളയുടെ അനന്തരാവകാശിയായി ഞാൻ വന്നിരിക്കുന്നു. അദ്ദേഹത്തിനുണ്ടായിട്ടുള്ള അനുഭവവും, അറിവും അനുസരിച്ചു് ഇന്നുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ എന്താണെന്നു് ഓർക്കാതെ ഇന്നിങ്ങനെയൊക്കെ പറയുന്നതു എന്തുകൊണ്ടാണു്. ശരിയായ പരാതിയുണ്ടെങ്കിൽ അതേപ്പറ്റി ഒക്കെ അന്വേഷിച്ചു ഉടനെ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഞാൻ ഒരുക്കമാണു്.

ശ്രീമാൻ ബേബിജോൺ നിയമനങ്ങളിലും മറ്റുമുള്ള ആക്ഷേപങ്ങൾ ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർ എനിക്കൊരു കത്തയച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു് അതിനു സത്യമുണ്ടായിരിക്കണമെന്നും മറ്റുമാണു് അദ്ദേഹം പറഞ്ഞതു്. അർദ്ധസത്യങ്ങളും അസത്യങ്ങളും ഉപേക്ഷിച്ചു പൂർണ്ണസത്യങ്ങളും സത്യങ്ങളും മാത്രമുള്ള പ്രസ്താവനകൾ ചെയ്യുവാൻ ഞാൻ ആവശ്യപ്പെടുകയാണു്. ഇതാണു് എനിക്കീ പ്രസ്താവനകൾക്കു മറുപടിയായി പറയാനുള്ളതു്. വിഷം നിറഞ്ഞ പ്രതീകാരമനോഭാവത്തോടുകൂടിയുള്ള പ്രസ്താവനകൾ നമ്മുടെ രാജ്യത്തെ ഭരണകാര്യങ്ങളിൽ വരുന്നതു് നിർഭാഗ്യകരമാണു്. ഈ രാജ്യം ഞാനല്ലെങ്കിൽ മറ്റൊരാൾ, കോൺഗ്രസ്സു് അല്ലെങ്കിൽ മറ്റൊരു പാർട്ടി ജനകീയ മര്യാദകൾ അനുസരിച്ചു ഭരിക്കേണ്ട ഒരു രാജ്യമാണു്. വളരെ ഏറെ വ്യത്യാസങ്ങൾ ഈ രാജ്യത്തു് ഉണ്ടാകാൻ പോകുന്നുവെന്നും അതിനെപ്പറ്റി എനിക്കു് അഭിപ്രായങ്ങളൊന്നുമില്ലെന്നും അതുകൊണ്ടു കൂടുതൽ പ്രധാനമായ ഒരു കാര്യത്തിൽ ഒരു നപുംസകനായി കരുതാമെന്നും അത്മാ വരത്തക്ക നിലയിൽ ശ്രീ. എം. പി. മേനോനും, ശ്രീ. പട്ടം താണുപിള്ളയും പ്രസംഗിക്കുകയുണ്ടായി. റീ-ഓർഗനൈസേഷൻ കമ്മീഷൻ നമ്മുടെ രാജ്യം സന്ദർശിച്ച അവസരത്തിൽ ശ്രീ. പട്ടം താണുപിള്ളയും സഹപ്രവർത്തകരുമാണു് അധികാരത്തിലിരുന്നതു്. അവർ താണെൻറിനുവേണ്ടി ഒരു നിവേദനം കൊടുത്തിട്ടുണ്ടു്. ആ നിവേദനം കൊടുത്തിട്ടുള്ളതിൽ അടങ്ങിയിട്ടുള്ള തെന്താണെന്നു ശ്രീ. താണുപിള്ളതന്നെ ഈ സഭയിൽ പറഞ്ഞിട്ടുണ്ടു്. തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ങ്കിൽ തിരുവിതാംകൂർ–കൊച്ചി അങ്ങനെതന്നെ നിലനിൽക്കണം. അല്ല ഒരു കേരള സംസ്ഥാനം വരികയാണെങ്കിൽ മലബാർ ചേർക്കുന്നതുമൂലം ഉണ്ടാകുന്ന വൈഷമ്യങ്ങളും ആലോചിച്ചു് ഇൻഡ്യാഗവണ്മെൻറ് തക്കതായ ധനസഹായം ചെയ്യണം. അദ്ദേഹത്തിൻറെ അഭിപ്രായം ഗവണ്മെൻറിനുവേണ്ടി അന്നു നൽകിയതു്, അങ്ങനെയായിരുന്നു. അടുത്തയവസരത്തിൽ പഴവങ്ങാടി മൈതാനത്തുവച്ചു് ഒരു പ്രസംഗത്തിലും ഇതു് പറഞ്ഞിട്ടുണ്ടു്. താനും് അധികാരത്തിലിരുന്നിട്ടില്ലാത്ത പ്രതിപക്ഷത്തിൻറെ നേതാവുമാത്രമായിരുന്ന ഞാൻ പി. സി. സി. യോഗത്തിൽ ആലോചനകൾ നടത്തിയതിനുശേഷം നമുക്കു ഒരു കേരളസംസ്ഥാനം വേണമെന്നും ആ കേരളസംസ്ഥാനത്തിൽ ഇന്നത്തെ തിരുവിതാംകൂർ–കൊച്ചി മുഴുവനും മലബാറും കൂടില്ലെങ്കിലും ഉൾപ്പെടണമെന്നും വളരെ ശക്തിയുക്തമായ ഒരു മെമ്മോറിയൽ തയാറാക്കി കമ്മീഷനു സമർപ്പിച്ചിട്ടുണ്ടു്. ആ മെമ്മോറിയൽ ആ കാലത്തു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു്. ആ മെമ്മോറിയൽ അനുസരിച്ചു് ഞാൻ കമ്മീഷൻമുമ്പാകെ തെളിവു കൊടുത്തിട്ടുണ്ടു്. ഇതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണു്. ഒരു ചോദ്യോത്തരവേളയിൽ ഞാൻ പറഞ്ഞതു്, ഇതു് അപ്പോൾ വാദപ്രതിവാദം ചെയ്യേണ്ട കാര്യമല്ലെന്നാണു്. ഇപ്പോൾ കമ്മീഷൻറെ റിപ്പോർട്ടു വന്നിരിക്കുകയാണു്. ആ റിപ്പോർട്ടിനെപ്പറ്റി ആലോചനകൾ നടത്തുന്നതിനു് എല്ലാ മുഖ്യമന്ത്രിമാരേയും ഇൻഡ്യാഗവണ്മെൻറിൻറെ ഹോംമിനിസ്റ്റർ ക്ഷണിച്ചിരിക്കുകയാണു്. ഈ കാര്യത്തിൽ ഏതെല്ലാം നടപടികളാണു് എടുക്കേണ്ടതു്, എങ്ങിനെയാണു് പരിഗണിക്കേണ്ടതു്, നിയമസഭയുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടതു് എങ്ങിനെയാണു്, ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റിയായിരിക്കും പ്രധാനമായ ചർച്ചാവിഷയമെന്നു ഞാൻ കരുതുന്നു. അതിനുശേഷം എന്തു നടപടിയാണു് എടുക്കേണ്ടതു് എന്നു് നമ്മുടെ നിയമസഭയ്ക്കും ആലോചിക്കാവുന്നതാണു്. ഗവണ്മെൻറിനു ഇതിൽ ഒരഭിപ്രായവും ഇല്ലാതില്ല. പണ്ടു് ടി. ടി. എൻ. സി. അംഗങ്ങളായിരുന്നവർ ഇപ്പോൾ കോൺഗ്രസ്സു് പാർട്ടിയിലെ അംഗങ്ങളായതുകൊണ്ടു് ഇങ്ങനെയൊരു നയം എടുക്കുകയാണെന്നു ശ്രീ. താണുപിള്ള പ്രസ്താവിക്കുകയുണ്ടായി. അതും ശരിയല്ല. ഈ കാര്യത്തിൽ കോൺഗ്രസ്സു് പാർട്ടികൾ അവലംബിച്ചിട്ടുള്ള നയം ഓരോരുത്തർക്കും അവരവരുടെ അഭിപ്രായം പറയാമെന്നാണു്. മുമ്പു് മദ്രാസു് സംസ്ഥാനം തെലുങ്കരും, തമിഴരും ഉൾപ്പെട്ട ഒരു കോംപസിറ്റ് സ്റ്റേറ്റായിരുന്നപ്പോൾ അവിടത്തെ മന്ത്രിസഭയിലെ അംഗങ്ങളിൽ ചിലർ ആന്ധ്രാ സംസ്ഥാനം വേണമെന്നും മറ്റുചിലർ വേണ്ടായെന്നും വാദിച്ചിട്ടുണ്ടു്. കോൺഗ്രസ്സു് പാർട്ടിയുടെ ഐക്യത്തിൽ അതുകൊണ്ടു് ഒരു ക്ഷതവും വന്നിട്ടില്ല. തെക്കൻതിരുവിതാംകൂറിലെ താലൂക്കുകൾ മദ്രാസിൽ ചേർക്കണമെന്ന അഭിപ്രായമുള്ള ആളുകൾ കോൺഗ്രസ്സു് പാർട്ടിയിലുണ്ടു്. അതുപോലെതന്നെ ദക്ഷിണസംസ്ഥാനമാണു് വേണ്ടതെന്നു വിചാരിക്കുന്ന ചിലരും, കേരളസംസ്ഥാനം തിരുവിതാംകൂർ–കൊച്ചിയും മലബാറും കൂട്ടിച്ചേർത്തുണ്ടാക്കണമെന്നു വിചാരിക്കുന്നവരും കോൺഗ്രസ്സിലുണ്ടു്.

ശ്രീ. പി. കെ. കുഞ്ചു് : തിരുവിതാംകൂർ–കൊച്ചി കോൺഗ്രസ്സു് പാർട്ടിയിലാണോ അങ്ങനെയുള്ള അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ കാൺഗ്രസ്സ് പാർട്ടികളിലും, പ്രജാസോഷ്യലിസ്റ്റ്പാർട്ടിയിലുമുണ്ട്.

ശ്രീ. പി. കെ. കുഞ്ഞു് : അതിലത്ഥമില്ല. ഞാൻ ചോദിച്ചതിനു മറുപടി പറഞ്ഞാൽ മതി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രീ. താണുപിള്ള ദക്ഷിണപ്രദേശമെന്നു പറയുന്നതു് പരമ അബദ്ധമാണെന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന സ്നേഹിതൻ പറയുന്നു അതാണു നല്ലതു് എന്നു്. അതുകൊണ്ടു് അവരുടെ സ്നേഹത്തിനോ, ബന്ധത്തിനോ വല്ല കോട്ടവുമുണ്ടോ? അങ്ങിനെയാണു് സംസ്കാരം ഉള്ളവർ. അതുപോലെ തെക്കൻ താലൂക്കുകൾ മദ്രാസിൽ ചേർക്കണമെന്നു വിചാരിക്കുന്നവരുണ്ടു്. പേറെ ചിലർ തിരുവിതാംകൂർ–കൊച്ചു യെ വെട്ടിമുറിക്കരുതെന്നു് കഠിനമായും, ശക്തിയായും വിചാരിക്കുന്നുണ്ടു്. അതുകൊണ്ടു് താണുപിള്ള ഒരു നയവും സ്വീകരിക്കാതെ വെറുതെയിരിക്കുമെന്നു് വിചാരിക്കുന്നതു് തെറ്റാണു്.

ശ്രീ. എ. താണുപിള്ള : മലബാർ കാൺഗ്രസ്സുകാർക്കു് കേരളം വേണമെന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിൽ ചിലർക്കു വേണമെന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞു് : മലബാർ കാൺഗ്രസ്സ് കമ്മിറ്റി തിരുമാനമെടുത്തിരിക്കുന്നതു് ദക്ഷിണസംസ്ഥാനം വേണമെന്നല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് തിരുവിതാംകൂർ–കൊച്ചി മുഖ്യമന്ത്രിക്കു് അറിവില്ല. ഞാൻ തിരുവിതാംകൂർ–കൊച്ചിയുടെ കാര്യം പറയുകയാണു്.

മറ്റൊരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. കേരളസംസ്ഥാനം വരാൻപോകുന്ന സന്ദർഭത്തിൽ, രണ്ടാം പഞ്ചവൽസരപദ്ധതി ആവിഷ്കരിക്കാൻപോകുന്ന ഈ സമയത്തിൽ, അവിശ്വാസപ്രമേയം തള്ളിക്കളയണമെന്നു ഞാൻ പറയുകയല്ല, അവിശ്വാസപ്രമേയം തള്ളിയാലും തള്ളിയില്ലെങ്കിലും എനിക്കു് പറയുവാനുള്ളതു്, സംസ്ഥാന പുനസ്സംഘടനാകമ്മീഷന്റെ റിപ്പോർട്ടു് നമുക്കു് ഈ നിയമസഭയിൽ ആലോചിക്കുന്നതിനുമുമ്പു് ബഹുമാനപ്പെട്ട താണുപിള്ളയും, ബഹുമാനപ്പെട്ട ദിവാകരനും, ബഹുമാനപ്പെട്ട ടി. വി. തോമസും, ബഹുമാനപ്പെട്ട എം. പി. മേനോനും അതുപോലെ തെക്കൻ തിരുവിതാംകൂറിൽനിന്നു വരുന്ന അംഗങ്ങളുംകൂടി ഒരുമിച്ചിരുന്നു് ആ റിപ്പോർട്ടു് എതുവിധത്തിലാണെന്നും, അതിനൊരു റെക്കമൻഡേഷൻ എതെല്ലാം കാര്യങ്ങളിൽ യൂണാനിമസ്സായി ചെയ്യാൻ കഴിയുമെന്നും ആലോചിക്കണമെന്നാണു്. അങ്ങനെയുള്ള ഒരു സന്ദർഭം മുഖ്യമന്ത്രിമാരുടെ സമ്മേളനം കഴിഞ്ഞു മടങ്ങിവന്നാൽ നേരിടുന്നതാണു്. ഇതു് കാൺഗ്രസ്സ് പാർട്ടിയുടേയോ, ഗവണ്മെൻറിന്റേയോ കാര്യമല്ലെന്നും, നമ്മുടെയെല്ലാവരുടേയും കാര്യമാണെന്നും ഉള്ള ധാരണയോടുകൂടി സഹകരണമനോഭാവത്തോടുകൂടി പ്രവർത്തിക്കണമെന്നു് ഞാൻ എല്ലാവരോടും അപേക്ഷിച്ചുകൊള്ളുന്നു. ശ്രീ. താണുപിള്ള അദ്ദേഹത്തിന്റെ മന്ത്രിസഭ നയിച്ചുരുന്ന കാലത്തു് ഏർപ്പെടുത്തിയിരുന്ന വിശേഷപ്പെട്ട രണ്ടു പദ്ധതികൾ കാളനൈസേഷനും, ഇൻറി സോയിൽയെറോഷനും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. താണുപിള്ള : ആ 'വിശേഷപ്പെട്ട' എന്നുള്ള പദത്തിന്റെ അർത്ഥം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിരസികനെന്നാണ്. ശ്രീ. താണുപിള്ള തെറ്റിദ്ധരിക്കരുത്, വിശേഷപ്പെട്ട എന്നു പറഞ്ഞാൽ നല്ലത് എന്നാണർത്ഥം.

ശ്രീ. ഏ. താണുപിള്ള : എന്നല്ല അർത്ഥം. ഞാനും മലയാളിയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ മനസ്സിലാക്കിയിട്ടുള്ളത്, കൂടുതൽ നല്ലത് എന്നാണ്. 'എക്സലെൻറ്' എന്നാണ് അർത്ഥം.

ശ്രീ. ഏ താണുപിള്ള : ഇങ്ങനെ പറഞ്ഞതുകൊണ്ട് എനിക്കൊ, പദ്ധതിക്കൊ യാതൊരു ദോഷവും വരാൻപോകുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ പദ്ധതി ഈ ഗവണ്മെൻറപേക്ഷിച്ചുവെന്ന് പറയുന്നു. അതു ശരിയല്ല, ആ പദ്ധതി വളരെ ശക്തിയായി തുടരണമെന്നാണ് ഗവണ്മെൻറിന്റെ അഭിപ്രായം. അതിൽ തെറ്റിദ്ധാരണ വേണ്ട.

ശ്രീ. ടി. ബാലകൃഷ്ണൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു മണിവരെ മുഖ്യമന്ത്രിയുടെ പ്രസംഗം തുടരുകയാണെങ്കിൽ മൂവ് ചെയ്ത ആൾക്കു സംസാരിക്കാൻ പിന്നെ സമയം കൊടുക്കുമോ ?

മി. സ്പീക്കർ : രണ്ടു മണിക്കിൽ കൂടുതൽ സമയം കൊടുക്കുകയില്ല. നേരത്തെ ധാരാളം സമയം എടുത്തു.

ശ്രീ. ഏ. താണുപിള്ള : കാളനൈസേഷൻ പദ്ധതിക്കു വേണ്ടി എന്തു ചെയ്തു എന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലതും ചെയ്തു. സമയമില്ലാത്തതുകൊണ്ട് ഇപ്പോൾ വിശദീകരിക്കുന്നില്ല. മറ്റൊരവസരത്തിൽ വിശദീകരിച്ചുകൊള്ളാം. ആ പദ്ധതി ഉപേക്ഷിക്കണമെന്നു വിചാരിച്ചില്ലെന്നു പറഞ്ഞാൽ ഇന്നത്തെ വാദപ്രതിവാദത്തിനു മതിയാകുമെന്നു തോന്നുന്നു.

ആൻറി എറോഷൻ കാര്യത്തിൽ ഇതിനുമുമ്പു വേറെയെങ്ങും നടത്തിയിട്ടില്ലാത്ത സംപ്രദായത്തിലുള്ള ഒരു വക്കാണ് നടത്തിയിട്ടുള്ളത്. ഇൻഡ്യാഗവണ്മെൻറ് സാങ്കേതികവിദഗ്ദ്ധന്മാരുടെ ഉപദേശം വാങ്ങി ഏർപ്പെടുത്തിയിട്ടുള്ളതാണ്. പ്ലാനിംഗ് കമ്മീഷനും അനുവദിച്ചിട്ടുണ്ട്. ഈ ആൻറി എറോഷൻ നടപടികൾ നമ്മുടെ രാജ്യത്തു ഇടവം, മിഥുനം, കർക്കടകം എന്നു മാസങ്ങളിലുണ്ടാകുന്ന അതിവർഷത്തെ എങ്ങനെ അതിജീവിക്കുമെന്നുള്ളതു് അറിയണമെന്നു് ഗവണ്മെൻറിനു് താൽപര്യമുണ്ടായിരുന്നു. ശ്രീമാൻ റഹിം പറഞ്ഞതെന്താണെന്നു് എനിക്കോർമ്മയില്ല. ശ്രീ. താണുപിള്ളയുടെ പദ്ധതി കഴിഞ്ഞ ഒരു വർഷത്തെ അനുഭവംവച്ചു നോക്കുകയാണെങ്കിൽ വിജയമാണെന്നു് പറയാൻകഴിയും. കെട്ടിയിട്ടുള്ള മണ്ണുകൊണ്ടുള്ള ബണ്ടു് ഒലിച്ചുപോയിട്ടില്ല. അനേകം ആളുകൾക്കു തൊഴിൽ കൊടുക്കാനുള്ള സാദ്ധ്യതയുമുണ്ടു്. മൺസൂൺ തുടങ്ങിയതായതുകൊണ്ടു് ആ പദ്ധതി ഉപേക്ഷിക്കണമെന്നു് ഗവണ്മെൻറ് വിചാരിക്കുന്നില്ല. അതിന്റെ ഉറപ്പുപറയാൻ ഞാൻ അശക്തനാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവണ്മെൻറ് പോലീസുകാരെപ്പറ്റി അന്വേഷണം നടത്താമെന്നു പറഞ്ഞതിൽ രാഷ്ട്രീയപരിഗണനകൾ ഉണ്ടായിരുന്നു എന്നു ശ്രീ. ശങ്കരനാരായണൻതമ്പിയും ശ്രീ. എം. പി. മേനോനും പറയുകയുണ്ടായി. കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ ചെയ്ത പ്രസംഗം twist ചെയ്തതാണെന്നു പറയേണ്ടിയിരിക്കുന്നു. ഡാക്ടർ സുകുമാരനും ശ്രീ. വില്യവും ആവശ്യപ്പെട്ടതു് പരസ്യമായ ഒരു ജുഡിഷ്യൽ എൻകയറി വേണമെന്നാണു്. ഞാൻ അന്നു പറഞ്ഞതു് അങ്ങനെയുള്ള ഒരു ജനറൽ എൻകയറി നടത്തുകയില്ലെന്നാണു്. നമ്മുടെ രാജ്യത്തു് ആർക്കെല്ലാം മർദ്ദനമേറ്റു എന്നന്വേഷിച്ചു കണ്ടുപിടിച്ചു നടപടികൾ എടുക്കുന്നതു് ഫലപ്രദമായിരിക്കുകയില്ല. അതുകൊണ്ടു് പ്രയോജനവും ഉണ്ടാവുകയില്ലെന്നു പറഞ്ഞു. എങ്കിലും ടി. ടി. എൻ. സി. സമരകാലത്തു് ഉണ്ടായിയെന്നു പറയുന്ന ആക്ഷേപങ്ങളെപ്പറ്റി വ്യക്തമായ കംപ്ലെയിൻറ് വരികയാണെങ്കിൽ അതിനെപ്പറ്റി അന്വേഷണം നടത്താമെന്നു പറഞ്ഞു. അതു് അപ്പോൾ പറഞ്ഞതിൽ പ്രത്യേകതയൊന്നുമില്ല. അതെന്നും നിലനിൽക്കുന്നതാണു്. ശ്രീമാൻ ടോ, ഇടപ്പള്ളിയിലോ, തൃശ്ശൂരോ.....

SHRI T S. RAMASWAMY : Suppose a complaint arises that a Police Inspector has broken the leg of the complainer. Can anybody withdraw the complaint? Is it not an offence against the State?

SHRI PANAMPILLI GOVINDA MENON : That is a different question.

ഞാൻ അന്നു പറഞ്ഞതു് പറയുകയാണു്. അങ്ങനെ ഏതെങ്കിലും ഒരാൾ വ്യക്തമായ കംപ്ലെയിൻറ്സ് കൊണ്ടുവരികയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാമെന്നു പറഞ്ഞു. ഇന്നും അതുതന്നെയാണു പറയുന്നതു്. പൊതുവായിട്ടല്ലാതെ, ഒരു ഉദ്യോഗസ്ഥൻറെ പേരിൽ വ്യക്തമായ ആക്ഷേപം കൊണ്ടുവരികയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം. ആ കാര്യത്തിൽ രാഷ്ട്രീയപരിഗണനകൾ ഉണ്ടായിരുന്നു എന്നു പറയുന്ന ആക്ഷേപങ്ങൾ ശരിയല്ല. ഞാൻ വിനയത്തോടുകൂടി പ്രമേയം കൊണ്ടുവന്ന ശ്രീ. ദിവാകരനോടു് അപേക്ഷിക്കുന്നതു് ഈ പ്രമേയം പിൻവലിക്കണമെന്നാണു്. പിൻവലിച്ചില്ലെങ്കിൽ ബഹുമാനപ്പെട്ട സഭ അതു തള്ളിക്കളയണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

MR. SPEAKER : Does the honourable member press his motion?

SHRI T. K. DIVAKARAN : Yes, Sir. 128 പേരുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ആ റിക്രൂട്ടുമെൻറിനെ ചോദ്യം ചെയ്തില്ലെന്നു അദ്ദേഹം പറയുകയുണ്ടായി. പണിമുടക്കു കഴിഞ്ഞു ഞങ്ങൾ കൊടുത്ത മെമ്മോറാണ്ടം ഇന്നിവിടെ എല്ലാ സാമാജികന്മാരുടേയും അറിവിനായി വിതരണം ചെയ്തിട്ടുണ്ടു്. അതിൽ എട്ടാമത്തെ പാരാ വായിച്ചുനോക്കുകയാണെങ്കിൽ നിയമനം ശരിയായിട്ടുള്ളതല്ലെന്ന ആക്ഷേപം അന്നേ ഉന്നയിച്ചിരുന്നതായി കാണാവുന്നതാണു്. പണിമുടക്കു തുടങ്ങി ഒരാഴ്ചയ്ക്കകം മെമ്മോറാണ്ടം അദ്ദേഹത്തിൻറെ മുമ്പിൽ സമർപ്പിച്ചു. ഇന്നദ്ദേഹം അതിൽനിന്നും ഒഴിഞ്ഞുമാറിയിരിക്കുകയാണു്. അവിശ്വാസപ്രമേയത്തിൻറെ ഉദ്ദേശത്തെ ചോദ്യം ചെയ്യാനായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ഇന്നലെ അദ്ദേഹം ഒരു സാക്ഷിയെ കൊണ്ടുവരികയുണ്ടായി. ശ്രീ. രാമസ്വാമിയേയാണു അദ്ദേഹം സാക്ഷിയായി കൊണ്ടുവന്നതു്. പക്ഷെ, ഇന്നു ഈ സഭാതലത്തിൽ വച്ചു് ശ്രീ. രാമസ്വാമി അതു നിഷേധിച്ചു. അതുകൊണ്ടാണു കാരണംകൊണ്ടുതന്നെ മുഖ്യമന്ത്രിസ്ഥാനത്തിരിക്കാൻ അദ്ദേഹം അർഹനല്ല. മറ്റു പല കാരണങ്ങൾകൊണ്ടും ചവറക്കാര്യത്തിൽ ഗവണ്മെൻറിന്റെ നിലയെ സാധൂകരിച്ചുകൊണ്ടുള്ള മറുപടി തൃപ്തികരമല്ലാത്തതുകൊണ്ടും ഞാൻ പ്രമേയം പ്രസ്താവിക്കുന്നു.

MR. SPEAKER: The question is that: "The Council of Ministers headed by Shri Panampilli Govinda Menon has lost the confidence of this House".

The question was put to vote and declared lost.

SHRI T. K. DIVAKARAN: Sir, I demand a poll.

Mr. SPEAKER: Order, order. The visitors in the galleries must be silent.

[A poll was taken when the House dividedas follows:]

AYES—55.

1	Shri	A. Achuthan	22	Shri	C. Kochukunju
2	,,	P. V. Avira Tharakan	23	,,	Thalekkare K. Krishnan
3	,,	C. C. Ayyappan	24	,,	K. Krishna Pillai
4	,,	Baby John	25	,,	K. S. Krishnan Sastry
5	,,	K. A. Balan	26	,,	P. K. Kunjachan
6	,,	K. Balakrishnan	27	,,	P. Kunjan
7	,,	R. Balakrishna Pillai	28	,,	P. K. Kunju
8	,,	B. B. Pandarathil	29	,,	Kuttappan Koikkal
9	,,	Prakkulam Bhasi	30	,,	P. R. Madhavan Pillai
10	,,	P. Bhaskaran Nair	31	,,	T. A. Majeed
11	,,	Thoppil Bhaskaran Pillai	32	,,	K. Narayana Kurup
12	,,	N. Chandrasekharan Nair	33	,,	P. Narayanan Potti
13	,,	K. Chandrasekhara Sastri	34	,,	P. S. Nataraja Pillai
14	,,	P. K. Chathan	35	,,	U. Neelakantan
15	,,	D. Damodaran Potti	36	,,	N. Neelakantaru Pandaratil
16	,,	T. K. Divakaran	37	,,	M. P. Menon
17	,,	K. C. George	38	,,	V. P. Parameswaran Nambudiri
18	,,	P. Gopalan	39	,,	R. Prakasam
19	Sry.	K. R. Gouri	40	,,	N. Raghava Kurup
20	Shri	Joseph Chazhikatt	41	,,	C. K. Ramachandran Nair
21	,,	Joseph Mundassery			

LIBRARY ARCHIVES Kerala Legislative Assembly

42 Shri T. S. Ramaswami
43 „ P. Ravindran
44 „ C. G. Sadasivan
45 „ R. Sankaranarayanan Thampi
46 „ K. A. Sivarama Bharathy
47 „ V. Sridharan
48 Shri R. Sugathan
49 Dr. P. K. Sukumaran
50 Shri A. Thanu Pillai
51 „ T. V. Thomas
52 „ P. Viswambharan
53 „ C. K. Viswanathan
54 „ Vivekanandan
55 „ P. K. Yasodharan

NOES—61.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ V. K. Achutha Menon
4 „ J. Alexander Parambithara
5 „ J. A. Bhatt
6 „ D. Anantharaman
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ K. M. Chacko
14 „ M. P. Chandrasekharan Pillai
15 „ K. M. Chandy
16 „ M. V. Cheriyan
17 „ A. Chidambaranatha Nadar
18 „ O. R. Chummar
19 „ T. T. Daniel
20 „ K. M. George
21 „ K. P. Gopala Menon
22 „ Panampilli Govinda Menon
23 „ K. P. Hormis
24 Shri Idiculla Idiculla
25 „ A. J. John
26 „ V. J. Joseph
27 „ K. Karunakaran
28 „ P. Kesava Menon
29 „ T. T. Kesavan Sastry
30 „ K. Kochukuttan
31 „ K. M. Korah
32 „ P. R. Krishnan
33 Dr. N. K. Kumaran
34 Shri A. Kunjan Nadar
35 Sry. T. C. Leela Devi Amma
36 Shri Manjanatha Prabhu
37 „ P. M. Markose
38 „ M. M. Mathai
39 „ C. A. Mathew
40 „ N. Narayana Kurup
41 „ N. A. Noor Mohammed
42 „ N. Parameswaran Pillai
43 „ R. Ponnappa Nadar
44 „ A. A. Rahim
45 Dr. A. R. Menon
46 Shri P. Ramaswami Pillai

LIBRARY ARCHIVES Kerala Legislative Assembly

47 Shri P. J. Sebastian
48 „ V. V. Sebastian
49 „ S. Seshadrinatha Sarma
50 „ A. M. Simon
51 „ T. P. Sitaraman
52 „ P. Thanulingam Nadar
53 „ A. Thankiah
54 „ K. T. Thomas
55 Dr. P. T. Thomas
56 Shri P. S. Vasudevan Pillai
57 „ K. I. Velayudhan
58 „ Kalathil Velayudhan Nair
59 „ T. M. Varghese
60 „ M. William
61 „ A. A. D. Luiz

NEUTRAL—(Nil)

MR. SPEAKER : Order, order. The House will now adjourn and meet again at 8 A. M. tomorrow.

The Assembly adjourned at 1-6 P. M. to meet again at 8 A. M. on Friday, the 14th October, 1955.

LIBRARY ARCHIVES Kerala Legislative Assembly